# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages - 56

വാല്യം - 17 ലക്കം - 12 വൃശ്ചികം - 1201 ഡിസംബർ - 2025


ERNAKULAM KARAYOGAM CENTENARY 1925-2025





Radheshyam
GOPIKABHAVANAM




**ചൈത്രത്തിന്റെ 18-ാം**
**വാർഷികാഘോഷങ്ങളിൽ നിന്ന് ....**






**20-11-25 മുതൽ 22-11-25 വരെ എറണാകുളം**
**കരയോഗം ടി.ഡി.എം ഹാളിൽ നടന്ന**
**അയ്യപ്പഭാഗവത പാരായണത്തിൽ നിന്ന്**







എഡിറ്റോറിയൽ...

# മണ്ഡലകാല ചിന്തകൾ

മണ്ഡലകാലപുണ്യദിനങ്ങളിലൂടെ നാം കടന്നുപൊയ്ക്കൊണ്ടിരിക്കുകയാണല്ലോ? കേരളം മാത്രമല്ല, അയൽ സംസ്ഥാനങ്ങളും പിന്നെ മലയാളികൾ ഉള്ള മിക്ക സ്ഥലങ്ങളും ഭക്തിസാന്ദ്രവും ശരണം വിളികളാൽ മുഖരിതവുമായി കഴിഞ്ഞിരിക്കും ഇപ്പോൾ. വൃശ്ചികം, ധനു മാസങ്ങൾ പരമമായ ശുചിത്വത്തോടുകൂടി, ആത്മസംയമനം പാലിച്ച്, എല്ലാവിധ നിയന്ത്രണങ്ങൾക്കും വിധേയമായി ആദ്ധ്യാത്മികതയുടെ ആഴങ്ങളിൽ ആണ്ടിറങ്ങേണ്ട സമയമാണ്. ശരീരശുദ്ധിയും, മനഃശുദ്ധിയും, ആത്മശുദ്ധിയും ഭക്തന്റെ ആദ്ധ്യാത്മിക കവചങ്ങളാണ്. 41 ദിവസത്തെ വ്യതമെടുത്ത് ശബരീശ സന്നിധിയിലേക്ക് പോകുന്നവർ മാത്രമല്ല, ഈശ്വരചിന്തയുള്ള, ഭക്തിയും വിശ്വാസവും മനസ്സിലുള്ള എല്ലാവരും ഈ കാലയളവിൽ അഹങ്കാരവും, ഞാനെന്ന ഭാവവും, ഇന്ദ്രിയസുഖങ്ങളും എല്ലാം പാടെ ഉപേക്ഷിച്ച് ശരിക്കും ഭഗവത്ദാസനായി വേണം ജീവിക്കാൻ. അതിനേറ്റവും ഉചിതം ലോകസേവ തന്നെയാണ്. ലോകസേവ എന്നാൽ മാനവസേവ മാത്രമല്ല, ഈ പ്രകൃതിയിൽ നമ്മോടൊപ്പമുള്ള, വൃക്ഷലതാദികൾ ഉൾപ്പടെ സർവ്വജീവജാലങ്ങളെയും സേവിക്കുക, മനസ്സാവാചാ, കർമ്മണാ ഒന്നിനേയും ദ്രോഹിക്കാതിരിക്കുക, പ്രത്യേകിച്ച് ഹനന പ്രക്രിയയിൽ നിന്നും പൂർണ്ണമായും വിട്ടുനിൽക്കണം.

വാല്യം 17 ✣ ലക്കം – 12 ✣ ഡിസംബർ – 2025

## ഉള്ളടക്കം


| | |
|---|---|
| എഡിറ്റോറിയൽ | 03 |
| സെക്രട്ടറിയുടെ പംക്തി | 05 |
| ബാലലോകം | 17 |
| വാസ്തു ശാസ്ത്രം | 19 |
| സുഭാഷിതം | 20 |
| ക്ഷേത്രങ്ങളിലൂടെ | 22 |
| നമഃശിവായ | 24 |
| അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും .......................... | 27 |
| ദൃഗ് ദൃശ്യ വിവേകം | 31 |
| അപാല | 35 |
| അനഭിമതനായി ശകുനി | 39 |
| സർപ്പാരാധന കേരളത്തിൽ | 42 |
| വൈദ്യൻ ആയുസ്സിന്റെ നാഥനല്ല | 45 |
| കവിത | 48 |
| യാത്രാവിവരണം | 50 |
| മാസഫലം | 53 |
| മാട്രിമോണിയൽ. | 54 |



## പത്രാധിപസമിതി

ആലപ്പാട്ട് മുരളീധരൻ
(മാനേജിംഗ് എഡിറ്റർ)

എം. ശ്രീവല്ലഭൻ നായർ
(എഡിറ്റർ)

പി. രാമചന്ദ്രൻ (വേണു)

കെ.ടി. മോഹനൻ

ഇത് മണ്ഡലകാലത്ത് മാത്രമല്ല എന്നും നാം അനുവർത്തിക്കേണ്ട ധർമ്മചര്യയായി കണക്കാക്കണം. അതാണ് സനാതനധർമ്മം നമ്മെ പഠിപ്പിക്കുന്നത്. എല്ലാ വർഷവും ഇതുപോലെ 41 ദിവസം മനസ്സിനേയും ശരീരത്തെയും ശുദ്ധികരിച്ച്, ആത്മീയചിന്തയോടുകൂടി വർത്തിക്കുക പതിവാക്കിയാൽ അതുമതി നാം മാനസ്സികമായും ശാരീരികമായും ശക്തി നേടാൻ.

ഇനി വൃതമെടുത്ത് മലചവിട്ടുന്നവരോ? നിത്യവും രാവിലെയും വൈകിട്ടും ദേഹശുദ്ധി വരുത്തി, പുജാദികർമ്മങ്ങൾ മുടങ്ങാതെ ചെയ്യണം. പണ്ടൊക്കെ മണ്ഡലകാലത്ത് എല്ലാ വീടുകളിലും ഭജന നടത്തുക പതിവായിരുന്നു. ഭജനയും അയ്യപ്പൻപാട്ടും എല്ലാം കുറെയേറെ ആളുകൾ ഒന്നിച്ച് ചേർന്ന് നടത്തുമ്പോൾ അതിൽ നിന്നുളവാകുന്ന ഭക്തി ലഹരി; അത് അവർണ്ണനീയമാണ്. അതിലൂടെ സംഘബലവും ആദ്ധ്യാത്മിക ഉണർവും ഐക്യബോധവും വർദ്ധിക്കുകയാണ്. ഞാനെന്ന ഭാവം പാടെ ഇല്ലാതാവുന്നു.

ഇനി ശബരിമലയിലേക്കുള്ള ആ തീർത്ഥയാത്ര. സാധാരണയായി നാമെല്ലാം പല തീർത്ഥയാത്രകളും നടത്താറുണ്ട്. എന്നാൽ ശബരിമലയിലേക്കുള്ള തീർത്ഥയാത്ര അതൊന്നു വേറെ തന്നെയാണ്. ഒരു പക്ഷെ കെട്ടുനിറച്ച്, ഇരുമുടിക്കെട്ടുമേന്തി, സ്വാമിയേ ശരണമയ്യപ്പാ മന്ത്രങ്ങളും ഉരുവിട്ടുകൊണ്ട്, മല ചവിട്ടുന്ന ഈ യാത്രയായിരിക്കും തീർത്ഥയാത്രകളിൽ വെച്ച് ഏറ്റവും മഹനീയം. നിത്യ ജീവിതത്തിൽ നാം നേരിടുന്ന പ്രശ്നങ്ങളെ ധീരതയോടെ നേരിടാനുള്ള ഒരു ഉൾക്കരുത്താണ് ഈ യാത്രയിലൂടെ നാം നേടിയെടുക്കുന്നത്. മല ചവിട്ടുന്ന അയ്യപ്പന്മാരെ ഒന്ന് ശ്രദ്ധിക്കുക. എല്ലാവരും കറുത്ത മുണ്ടുടുത്ത് ഇരുമുടിക്കെട്ടുമേന്തി മുന്നോട്ട് നീങ്ങുന്നു. എല്ലാവരും ഒരേപോലെ ശരണമന്ത്രങ്ങൾ മാത്രം ഉരുവിടുന്നു. അവിടെ ജാതിയോ, മതമോ, വർഗ്ഗമോ, ഭാഷയോ ഒന്നും പ്രശ്നമല്ല. എല്ലാവരും അയ്യപ്പന്മാർ – എല്ലാവരും സ്വാമിമാർ. 41 ദിവസം അവരുടെ പേരിലല്ല അവരെ വിളിക്കുന്നത് സ്വാമി എന്നാണ്. ഇത്രയും ദിവസങ്ങളിൽ അവർ സ്വാമിയാണ് – സർവ്വതിന്റെയും പ്രഭു അല്ലെങ്കിൽ യജമാനൻ. മനുഷ്യന്റെ ഉള്ളിലുള്ള ആശ്രയത്വഭാവവും, അടിമത്വഭാവവും കളഞ്ഞ് സ്വയം സ്വാമിയാകുന്ന ദിവസങ്ങൾ. ധരിക്കുന്നതോ കറുപ്പോ, നീലയോ വസ്ത്രങ്ങൾ – ഇത് രണ്ടും നിർവ്വികാരതയുടെ പ്രതീകങ്ങളാണ്. നീല അഗാധതയും, കറുപ്പ് ശ്യാമളവർണ്ണത്തേയുമാണല്ലോ കാണിക്കുന്നത്. കഠിനമായ ഈ യാത്ര പരസ്പരസഹായവും, പരനന്മയും, സേവനത്വരയും, മനോനിയന്ത്രണവും, സദാചാരശീലവും, സഹിഷ്ണതയും എല്ലാം സ്വായത്തമാക്കാൻ ഏറ്റവും പ്രയോജനം ചെയ്യുന്നതാണ്.

നമ്മുടെ ഓരോ ആചാരങ്ങളും ഇങ്ങനെ ലോകനന്മയ്ക്കായി രൂപീകരിച്ചിട്ടുള്ളതാണ് . ഈ വർഷത്തെ മണ്ഡലകാലത്ത് അയ്യപ്പന്മാർക്കെല്ലാം ഭംഗിയായി ദർശനപുണ്യം നേടുവാൻ സാക്ഷാൽ അയ്യപ്പൻ അനുഗ്രഹിക്കട്ടെയെന്ന് ആശംസിക്കുന്നതിനൊപ്പം സർവ്വശക്തനായ അയ്യപ്പാ.. ലോകത്ത് ശാന്തിയും, സമാധാനവും നിലനിർത്തേണമേ – രോഗദുരിതങ്ങളിൽ നിന്നും സർവ്വരേയും രക്ഷിക്കേണമേ?

അദ്വൈതാനന്ദകന്ദം, പരമഗുരുവരം
സച്ചിതാനന്ദരൂപം,
രൂപാതീതം, യതീന്ദ്രം, കലികലുഷഹരം
താരകബ്രഹ്മ, മീശം
ഭക്താനാം പാരിജാതം, നവയുഗവരദം
ശ്രീവിരിഞ്ചദിസേവ്യം
വീരം, വീരാസനസ്ഥം, ഹരിഹരിതനയം
ഭൂതനാഥം, ഭജാമി!

സ്വാമിയേ.... ശരണമയ്യപ്പാ....

എല്ലാ തീർത്ഥാടകരും ദർശന പുണ്യം നേടി തത്ത്വമസി ഭാവത്തിലേക്ക് ഉയരുവാൻ ശബരീശൻ അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**ജയ് ഹിന്ദ്**



# ജനറൽ സെക്രട്ടറിയുടെ പംക്തി

**പി. രാമചന്ദ്രൻ (വേണു)**

**പ്രിയ കരയോഗാംഗങ്ങളെ,**

ഡിസംബർ 25 നമ്മുടെ പ്രസ്ഥാനത്തിന് 100 വയസ്സ് തികയുന്ന സുദിനമാണ്. അതുമായി ബന്ധപ്പെട്ട് മുൻലക്കങ്ങളിൽ വിശദമായി, ഘട്ടംഘട്ടമായി പദ്ധതികളും പരിപാടികളും വിശദീകരിച്ചു പോരുന്നുണ്ടായിരുന്നു. ഡിസംബർ 19 മുതൽ 25 വരെ വിപുലമായ പരിപാടികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്. 19-ാം തീയതി രാവിലെ 8.30ന് 100-ാം ജന്മദിനാഘോഷത്തിന്റെ കൊടി കയറുകയാണ്. വൈകുന്നേരം 5 മണിക്ക് കൂടുന്ന ഉദ്ഘാടന മഹാസമ്മേളത്തിന് ഭദ്രദീപം തെളിയുന്നതോടെ 7 ദിവസം നീണ്ടുനിൽക്കുന്ന പരിപാടികൾ സമ്മേളനങ്ങൾ, സെമിനാറുകൾ, കലാപരിപാടികൾ എന്നിവയ്ക്ക് തുടക്കമാകും. ഡിസംബർ 25-ാം തീയതി രാത്രി 10 മണിയോടെ സമാപിക്കും. ഉദ്ഘാടന സമ്മേളനത്തിൽ പത്മഭൂഷൺ ശ്രീ. മോഹൻലാൽ, പത്മശ്രീ ഭരത് മമ്മൂട്ടി തുടങ്ങിയ സിനിമാതാരങ്ങളും, കൊളത്തൂർ അദ്വൈതാശ്രമം മഠാധിപതി സ്വാമി ചിദാനന്ദപുരി മഹാരാജ്, ശ്രീ. പാണക്കാട് സെയ്ദ് സാദിഖലി ശിഹാബ് തങ്ങൾ, ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത, മലങ്കര ഓർത്തോഡോക്സ് ചർച്ച്, കൊച്ചി ഭദ്രാസനം എന്നീ മതമേലദ്ധ്യക്ഷന്മാരും കേരള വ്യവസായ, വാണിജ്യ നിയമവകുപ്പ് മന്ത്രി ശ്രീ. പി. രാജീവും, എറണാകുളം ജില്ലാകളക്ടർ ശ്രീമതി. പ്രിയങ്ക ജി. ഐ.എ. എസ്സും, ഡോ. പി. മുഹമ്മദ് അലി ഗൾഫാർ, ശ്രീ. പുനലൂർ സോമരാജൻ (ഗാന്ധി ഭവൻ) എന്നീ സാമൂഹിക സാംസ്ക്കാരിക നായകന്മാരും പങ്കെടുക്കുന്നു.

ഈ പ്രത്യേക സാഹചര്യത്തിൽ ടി.ഡി.എം. ഹാളിലെ ഇരിപ്പിട സൗകര്യത്തിന്റെ പരിമിതകളിൽ നിന്നുകൊണ്ട് അംഗങ്ങൾക്കും മറ്റും പാസ്സുകൾ മൂലം നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിനോട് പൂർണ്ണമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. പാസ്സുകൾ ഡിസംബർ 12 മുതൽ 17 വരെ, നിയന്ത്രണങ്ങൾക്ക് വിധേയമായി കരയോഗം ഓഫീസിൽ നിന്ന് രാവിലെ 11 മണി മുതൽ 4 വരെ ലഭിക്കുന്നതാണ്. നേരിട്ടു വരുന്ന അംഗങ്ങൾക്ക് മാത്രമേ പാസ്സുകൾ ലഭിക്കുകയുള്ളൂ എന്ന് പ്രത്യേകം ഓർമ്മിപ്പിക്കുന്നു. വരുമ്പോൾ കരയോഗത്തിന്റെ തിരിച്ചറിയൽ കാർഡ് നിർബന്ധമായി കൊണ്ടുവരേണ്ടതും, കുടിശ്ശിക തീർക്കണമെന്നും താൽപര്യപ്പെടുന്നു.

സമാപന സമ്മേളനം ഡിസംബർ 25ന് രാവിലെ 10 മണിക്ക് സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ ഉദ്ഘാടനം ചെയ്യുന്നതും മുഖ്യാതിഥിയായി കേന്ദ്രമന്ത്രി ശ്രീ. സുരേഷ് ഗോപി പങ്കെടുക്കുന്നതും ആയിരിക്കും. അന്നേ ദിവസം കേരളത്തിലെ പ്രശസ്തരായ, വ്യത്യസ്ത മേഖലകളിൽ പ്രവർത്തിക്കുന്ന 10 മഹത്വ്യക്തികൾക്ക് “ശതീകം സമ്മാൻ” - 2025 (മെമന്റോയും ക്യാഷ് അവാർഡും) നൽകി ആദരിക്കുന്നതാണ്. ഈ 7 ദിവസത്തെ കാര്യപരിപാടികൾ കരയോഗം വാട്ട്സാപ്പിലൂടേയും പത്രദൃശ്യമാധ്യമങ്ങളിലൂടേയും മറ്റുമായി അംഗങ്ങളേയും പൊതുജനങ്ങളെയും അപ്പപ്പോൾ അറിയിക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്.

എറണാകുളം കരയോഗത്തിന്റെ ചരിത്രമുഹൂർത്തമായ ശതാബ്ദിയാഘോഷം വിജയപ്പിക്കുന്നതിന് കരയോഗം അംഗങ്ങളായ നിങ്ങൾ

ക്ക് ഓരോരുത്തർക്കും പൂർണ്ണമായ ഉത്തരവാദിത്വമുണ്ടെന്നതും വിസ്മരിച്ചുകൂടാ. ആയതു കൊണ്ട് ഈ പരിപാടികളുടെ വിജയത്തിനായി എല്ലാ അംഗങ്ങളുടേയും സഹായസഹകരണങ്ങൾ ഉണ്ടാവണമെന്നും നമ്മുടെ പരിമിതികൾ തിരിച്ചറിഞ്ഞുകൊണ്ട് ശതാബ്ദിയാഘോഷപരിപാടികളിൽ സഹകരിക്കണമെന്നും ചെറിയ തെറ്റുകുറ്റങ്ങൾ ഉണ്ടായാൽ ചൂണ്ടി കാണിക്കണമെന്നും പരിഹരിക്കാവുന്നതാണെങ്കിൽ പരിഹരിക്കാമെന്നും ഉറപ്പു നൽകുന്നു. നിങ്ങളുടെ സഹകരണമാണ് ശതാബ്ദിയാഘോഷത്തിന്റെ വിജയം-എറണാകുളം കരയോഗത്തിന്റെ വിജയം എന്ന് ഒരിക്കൽകൂടി ഓർമ്മിപ്പിച്ചുകൊള്ളുന്നു.

എറണാകുളം കരയോഗത്തിന്റെ ശതാബ്ദിയുടെ ഓർമ്മക്കായി വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തതിൽ ഒരു പ്രധാനപ്പെട്ട ജീവകാരുണ്യപ്രവർത്തനമാണ് കരയോഗത്തിന്റെ ഉടമസ്ഥതയിൽ ചെറായിൽ നിർദ്ധനരായ പെൺകുട്ടികൾക്കായി സൗജന്യ താമസവും ഭക്ഷണവും വിദ്യാഭ്യാസവും നൽകി പരിരക്ഷിക്കുന്നതിനുള്ള മന്ദിരത്തിന്റെ നിർമ്മാണം. ഈ സ്ഥാപനത്തിന് **"രാധേശ്യാം ഗോപികാഭവനം"** എന്ന് നാമകരണം ചെയ്തിട്ടുണ്ട്. 2024 ഒക്ടോബർ 21-ാം തീയതി തറക്കല്ലിട്ട് ആരംഭിച്ച് രാധേശ്യാംഗോപികാഭവനത്തിന്റെ നിർമ്മാണം 418 ദിവസം കൊണ്ട് പൂർത്തിയായ വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു. 2025 ഡിസംബർ 12-ാം തീയതി ഉച്ചക്ക് 12.20 നും 12.40നും ഇടയിലുള്ള സമയത്ത് പ്രസ്തുത കെട്ടിടം ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. അതോടൊപ്പം തന്നെ മറ്റൊരു സന്തോഷവാർത്ത കൂടി നമ്മുടെ കുടുംബാംഗങ്ങളെ അറിയിക്കുവാൻ ആഗ്രഹിക്കുന്നു. പ്രസ്തുത സ്ഥലത്തു തന്നെ അമ്മമാർക്കായി ഒരു മാതൃഭവനം നിർമ്മിക്കുവാനുള്ള തറക്കല്ലിടുന്നതും അന്നേ ദിവസം അതേ മുഹൂർത്തത്തിൽ ആണ് എന്നുള്ള വിവരവും സന്തോഷപൂർവ്വം അറിയിക്കട്ടെ.

സാമൂഹ്യമായോ, പിന്നോക്ക സാഹചര്യത്തിലോ ഉള്ള കുട്ടികൾക്ക് സുരക്ഷിതവും, മാന്യവും, സ്നേഹപൂർണ്ണമായ പരിപാലന അന്തരീക്ഷം ഉറപ്പാക്കിക്കൊണ്ട് അവർക്ക് വേണ്ട അഭയവും, പരിചരണവും ആവശ്യമുള്ള അടിസ്ഥാന സഹായങ്ങളും നൽകുക എന്നതാണ് നമ്മുടെ ലക്ഷ്യം. അതോടൊപ്പം തന്നെ ഉപേക്ഷിക്കപ്പെട്ട, അവഗണിക്കപ്പെട്ട, സംരക്ഷണവും സഹായവും ആവശ്യമായ സ്ത്രീകൾക്ക്, പ്രത്യേകിച്ച് മാതാക്കൾക്ക് സുരക്ഷിതത്വവും മാന്യതയും കരുണയും ഉറപ്പാക്കി സുഖമായി ജീവിക്കാനുള്ള അവസരം ഒരുക്കുക എന്നതാണ് മാതൃഭവനം കൊണ്ട് ഉദ്ദേശിക്കുന്നത്. ഈ പദ്ധതിയും ഭംഗിയായി പൂർത്തിയാക്കി നടത്തിക്കൊണ്ട് പോകുക എന്നുള്ളതാണ് എറണാകുളം കരയോത്തിന്റെ ലക്ഷ്യം.

എറണാകുളം കരയോഗവും ബീമും സംയുക്തമായി സംഘടിപ്പിക്കുന്ന പ്രതിമാസ പരിപാടിയിൽ 2026 ജനുവരി 1-ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 6.00 ന് **"ശ്യാമമേഘമേ..."** മൺമറഞ്ഞ മഹാസംഗീതജ്ഞൻ സലിൽ ചൗധരി ഈണം പകർന്ന അനശ്വരഗാനങ്ങൾ. ആലാപനം നവനീത് ഉണ്ണികൃഷ്ണൻ & ചിത്ര അരുൺ ഏവർക്കും സ്വാഗതം.

എറണാകുളം കരയോഗം സാഹിതിയോഗം പരിപാടിയിൽ, 2025 ഡിസംബർ 28 ഞായറാഴ്ച രാവിലെ 11.00 ന് ടി.ഡി.എം. ഹാളിൽ ശ്രീ. എൻ. മോഹനന്റെ "ഒരിക്കൽ" എന്ന നോ വൽ. അവതരണം പത്മജ മേനോൻ ഏവർക്കും സ്വാഗതം.

കരയോഗത്തിന്റെ എല്ലാ പ്രവർത്തനങ്ങളിലും നിങ്ങളുടെ വിലയേറിയ നിർദ്ദേശങ്ങളും ഉപദേശങ്ങളും സഹകരണവും ഉണ്ടാവണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട്.

**ജനറൽ സെക്രട്ടറി**

## എറണാകുളം കരയോഗം

# ശതാബ്ദി ആഘോഷം പരിപാടികൾ

## 19 ഡിസംബർ 2025, വെള്ളി

## ശതാബ്ദി ആഘോഷ സമാരംഭം

**രാവിലെ 8.30**

| | | |
|---|---|---|
| പതാക ഉയർത്തൽ | : | ശ്രീ. ആലപ്പാട്ട് മുരളീധരൻ<br>പ്രസിഡന്റ്, എറണാകുളം കരയോഗം |

**വൈകുന്നേരം 5.00**

| | | |
|---|---|---|
| പ്രാർത്ഥന | : | കരയോഗം സ്മരണികാഗീതം |
| സ്വാഗതം | : | ശ്രീ. പി. രാമചന്ദ്രൻ (വേണു)<br>ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം |
| ആമുഖം | : | ശ്രീ. ജസ്റ്റിസ് കെ. എസ്. രാധാകൃഷ്ണൻ<br>മുൻ സുപ്രീം കോടതി ജഡ്ജി,<br>ചെയർമാൻ, ശതാബ്ദി ആഘോഷ കമ്മറ്റി |
| അധ്യക്ഷ പ്രസംഗം | : | ശ്രീ. ആലപ്പാട്ട് മുരളീധരൻ<br>പ്രസിഡന്റ്, എറണാകുളം കരയോഗം |
| ഉദ്ഘാടനം | : | ശ്രീ. പത്മഭൂഷൺ മോഹൻലാൽ |
| മുഖ്യാതിഥി | : | പത്മശ്രീ ഭരത് മമ്മൂട്ടി |
| അനുഗ്രഹ പ്രഭാഷണം | : | സ്വാമി ചിദാനന്ദപുരി മഹാരാജ്,<br>അദ്വൈതാശ്രമം, കൊളത്തൂർ<br>ശ്രീ. പാണക്കാട് സെയ്ദ് സാദിഖലി ശിഹാബ് തങ്ങൾ<br>ഡോ. യാക്കോബ് മാർ ഐറേനിയോസ് മെത്രാപ്പൊലീത്ത<br>മലങ്കര ഓർത്തോഡോക്സ് ചർച്ച്, കൊച്ചി ഭദ്രാസനം |
| ആശംസ പ്രസംഗം | : | ശ്രീ. പി. രാജീവ്,<br>കേരള വ്യവസായ, വാണിജ്യ നിയമ വകുപ്പ് മന്ത്രി<br>ശ്രീമതി. പ്രിയങ്ക ജി, ഐ. എ. എസ്,<br>എറണാകുളം ജില്ലാകളക്ടർ<br>ഡോ. പി. മുഹമ്മദ് അലി, ഗൾഫാർ<br>ശ്രീ. പുനലൂർ സോമരാജൻ<br>ഗാന്ധിഭവൻ, പത്തനാപുരം |
| കൃതജ്ഞത | : | ശ്രീ. കെ. ടി. മോഹനൻ, ട്രഷറർ,<br>എറണാകുളം കരയോഗം |

**പ്രവേശനം അംഗങ്ങൾക്ക് മാത്രം**

# 20 ഡിസംബർ 2025, ശനി

**രാവിലെ 10.30**

**സെമിനാർ – I**

| | | |
|---|---|---|
| വിഷയം | : | **"ഒരു നൂറ്റാണ്ടിന്റെ പ്രസക്തി"** |
| സ്വാഗതം, വിഷയാവതരണം | : | ശ്രീ. പി. രാമചന്ദ്രൻ (വേണു) |
| ഉദ്ഘാടനം | : | ശ്രീ. ഹൈബി ഈഡൻ, എം. പി |
| പങ്കെടുക്കുന്നവർ | : | ശ്രീ. എൻ. എസ്. മാധവൻ, ഐ. എ. എസ്<br>ശ്രീ. ടി. എൻ. ടി. നായർ, ഐ. ആർ. എസ്<br>അഡ്വ. ഡോ. സെബാസ്റ്റ്യൻ പോൾ,<br>അഡ്വ. ടി. പി. എം. ഇബ്രാഹിം ഖാൻ |
| കൃതജ്ഞത | : | ശ്രീമതി. ശുഭ വിജയകുമാർ |

## സാംസ്കാരിക പരിപാടി

**വൈകുന്നേരം 6.30** : **പാട്ടും പൊരുളും**
ഡോ. സജിത്ത് ഏവൂരേത്ത്



# 21 ഡിസംബർ 2025, ഞായർ

**രാവിലെ 10.30**

**സെമിനാർ – II**

| | | |
|---|---|---|
| വിഷയം | : | **“സ്ത്രീകളുടെയും കുട്ടികളുടെയും സുരക്ഷ, ലഹരിവിരുദ്ധ ബോധവൽക്കരണം”** |
| സ്വാഗതം | : | ശ്രീമതി. മാലിനി മേനോൻ |
| ഉദ്ഘാടനം | : | ശ്രീമതി. ഉമാ തോമസ്, എം. എൽ. എ |
| വിഷയാവതരണം | : | അഡ്വ. പാർവ്വതി സഞ്ജയ് |
| പങ്കെടുക്കുന്നവർ | : | ശ്രീ. പായിപ്ര രാധാകൃഷ്ണൻ<br>ഡോ. സി. ജെ. ജോൺ<br>ശ്രീമതി. വിദ്യ. എൻ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്<br>ശ്രീ. പുട്ട വിമലാദിത്യ, ഐ. പി. എസ് |

**12.30 to 1.30**

**50 വർഷം (1975) മുൻപ് ടി. ഡി. എം. ഹാളിൽ വെച്ച് വിവാഹിതരായ ദമ്പതികളെ സുവർണസ്മൃതി ഫലകം നൽകി ആദരിക്കുന്നു.**

| | | |
|---|---|---|
| ആമുഖം | : | ശ്രീ. പി. രാമചന്ദ്രൻ (വേണു) |
| ദമ്പതികളെ ആദരിക്കൽ | : | ശ്രീ. ശശിധരൻ സി. എം<br>സീനിയർ വൈസ് പ്രസിഡന്റ് & സോണൽ ഹെഡ്<br>ഫെഡറൽ ബാങ്ക് |
| കൃതജ്ഞത | : | പ്രൊ. സുമംഗലാദേവി |

# സാംസ്കാരിക പരിപാടി

**വൈകുന്നേരം 6.30**

ശ്രീ. ബിജു നാരായണൻ അവതരിപ്പിക്കുന്ന

**സംഗീത സായാഹ്നം**



**Sponsored by**

ASSET

Responsibly Yours

# 22 ഡിസംബർ 2025, തിങ്കൾ

**രാവിലെ 10.30**
**സെമിനാർ – III**

| | | |
|---|---|---|
| വിഷയം | : | **"നവമാധ്യമ സ്വാധീനവും, പത്രസ്വാതന്ത്ര്യവും"** |
| സ്വാഗതം | : | ശ്രീ. അജിത് കുമാർ |
| ഉദ്ഘാടനം | : | ശ്രീ. ആലംകോട് ലീലാകൃഷ്ണൻ |
| വിഷയാവതരണം | : | ശ്രീ. ജോണി ലൂക്കോസ് |
| പങ്കെടുക്കുന്നവർ | : | ശ്രീ. പി. രാജൻ |
| | | ശ്രീ. രാംമോഹൻ പാലിയത്ത് |
| | | ശ്രീ. കെ. എൽ. മോഹനവർമ്മ |
| | | റവ. ഫാ. അനിൽ ഫിലിപ്പ് |
| കൃതജ്ഞത | : | ശ്രീ. സജീവ് കുമാർ |

## സാംസ്കാരിക പരിപാടി


### വൈകുന്നേരം 6.30 : സംഗീത തൗര്യത്രികം











**കഥകളി സംഗീതം** : കോട്ടക്കൽ മധു, കലാമണ്ഡലം കൃഷ്ണകുമാർ, ചെണ്ട: കലാമണ്ഡലം ശ്രീവിൻ, മദ്ദളം: ആർ. എൽ. വി. സുദേവ് വർമ്മ

**കർണ്ണാടക സംഗീതം** : ഡോ. ഗുരുവായൂർ. കെ. മണികണ്ഠൻ, വയലിൻ: തിരുവിഴ വിജു എസ് ആനന്ദ്, മൃദംഗം: പാലക്കാട് മഹേഷ്കുമാർ

**ഹിന്ദുസ്ഥാനി സംഗീതം:** സിത്താർ: പോൾസൺ. കെ. ജെ, തബല: ദീപക്. ടി. ഡി, തൃശൂർ

# 23 ഡിസംബർ 2025, ചൊവ്വ

**രാവിലെ 10.30**

**സെമിനാർ - IV**

| | | |
|---|---|---|
| വിഷയം | : | **"ലോകസമാധാനവും ശാസ്ത്രവും"** |
| സ്വാഗതം | : | ശ്രീ. ജനാർദ്ദനൻ. കെ |
| ഉദ്ഘാടനം | : | ശ്രീ. വേണു രാജാമണി, ഐ. എഫ്. എസ്. |
| വിഷയാവതരണം | : | ഡോ. കെ. എസ്. രാധാകൃഷ്ണൻ |
| പങ്കെടുക്കുന്നവർ | : | ഡോ. ദിലീപ് കുമാർ<br>ശ്രീ. എസ്. സതീഷ്<br>പ്രൊ. എം. തോമസ് മാത്യു |
| കൃതജ്ഞത | : | ശ്രീ. സുനിൽകുമാർ മേനോൻ |

## സാംസ്കാരിക പരിപാടി

**വൈകുന്നേരം 6.30** : **കഥകളി ശ്രീരാമപട്ടാഭിഷേകം**
എറണാകുളം കരയോഗം കഥകളി ക്ലബ്ബ്



| | |
|---|---|
| ശ്രീരാമൻ | : കലാ: വൈശാഖ് രാജശേഖരൻ |
| ലക്ഷ്മണൻ | : കലാ: അശ്വിൻ |
| സീത | : കലാ: പ്രവീൺ |
| ഭരദ്വാജൻ | : കലാ: മോഹൻദാസൻ |
| ഹനൂമാൻ | : കലാ: വിശാഖ് |
| വള്ളക്കാർ | : ആർ.എൽ.വി. കോളേജ് വിദ്യാർത്ഥികൾ |
| ഗുഹൻ | : കലാ: അരുൺകുമാർ |
| ഭരതൻ | : കലാ: ആദിത്യൻ |
| ശത്രുഘ്നൻ | : കലാ: ഗിരീഷ് |
| വിഭീഷണൻ | : ആർ. എൽ. വി. സീതാലക്ഷ്മി |
| വസിഷ്ഠൻ | : കലാ: മോഹൻദാസൻ |
| സംഗീതം | : കലാ: യശ്വന്ത്, സദനം സായികുമാർ |
| ചെണ്ട | : കലാ: ശ്രീവിൻ, കലാ: ശ്രീരാഗ് |
| മദ്ദളം | : കലാ: വിനീത്, ആർ. എൽ. വി. സുദേവ് വർമ്മ |
| ചുട്ടി | : ആർ. എൽ. വി . മിഥുൻ മുരളി കലാ: ഋഷി, കലാ: പവി |
| ചമയം | : കേളീരവം, തൃപ്പൂണിത്തുറ |

# 24 ഡിസംബർ 2025, ബുധൻ

**രാവിലെ 10.30**

**സെമിനാർ** - V

| | | |
|---|---|---|
| വിഷയം | : | **"നഗര വികസനം"** |
| സ്വാഗതം | : | ശ്രീമതി. സൗമിനി ജെയിൻ, മുൻ മേയർ |
| ഉദ്ഘാടനം, വിഷയാവതരണം | : | ശ്രീ. ചന്ദ്രൻ പിള്ള, ജി.സി.ഡി.എ ചെയർമാൻ |
| പങ്കെടുക്കുന്നവർ | : | ശ്രീ. അനിൽ കുമാർ, മുൻ മേയർ |
| | | ശ്രീ. കെ. ജെ. സോഹൻ, മുൻ മേയർ |
| | | ശ്രീ. ദിനേശ് മണി, മുൻ മേയർ |
| | | ശ്രീ. ടോണി ചമ്മിണി, മുൻ മേയർ |
| | | ശ്രീ. എം. ശ്രീവല്ലഭൻ നായർ, എറണാകുളം കരയോഗം |
| കൃതജ്ഞത | : | ശ്രീമതി. ഭദ്ര, മുൻ ഡെപ്യൂട്ടി മേയർ |



## സാംസ്കാരിക പരിപാടി

**വൈകുന്നേരം 6.30**

**ഗംഗാതരംഗം** : കുമാരി. ഗംഗ ശശിധരൻ



തവിൽ
തൃപ്പൂണിത്തുറ ശ്രീകുമാർ



ഘടം
മാഞ്ഞൂർ ഉണ്ണികൃഷ്ണൻ



കീബോർഡ്
ചേർത്തല സുനിൽ ലാൽ



ഡ്രം പാഡ്
വിജയകുമാർ വൈക്കം

# 25 ഡിസംബർ 2025, വ്യാഴം
രാവിലെ 10.30

## ശതാബ്ദി ആഘോഷ സമാപന സമ്മേളനം

## ശതീകം സമ്മാൻ

എറണാകുളം കരയോഗം ശതാബ്ദി ആഘോഷ സമാപന സമ്മേളനത്തിൽ വെച്ച് വിവിധ മേഖല കളിലെ പ്രഗത്ഭരും പ്രശസ്തരുമായ വ്യക്തികളെ ആദരിക്കുന്നു

| | | |
|---|---|---|
| **സോപാന സംഗീതം** | : | **ആശ സുരേഷ്, ഇരിങ്ങാലക്കുട** |
| സ്വാഗതം | : | ശ്രീ. പി. രാമചന്ദ്രൻ (വേണു)<br>ജനറൽ സെക്രട്ടറി, എറണാകുളം കരയോഗം |
| അധ്യക്ഷ പ്രസംഗം | : | അഡ്വ. എ. ബാലഗോപാൽ |
| സമാപന സമ്മേളനം ഉദ്ഘാടനം | : | സ്വാമി ആനന്ദവനം ഭാരതി മഹാമണ്ഡലേശ്വർ |
| ശതീകം സമ്മാൻ വിതരണം | : | ശ്രീ. സുരേഷ് ഗോപി, കേന്ദ്ര സഹമന്ത്രി<br>പെട്രോളിയം, പ്രകൃതി വാതകം, ടൂറിസം |
| ആശംസ പ്രസംഗം | : | ശ്രീ. ടി. ജെ വിനോദ്, എം. എൽ. എ<br>ശ്രീ. മധു. എസ്. നായർ,<br>ചെയർമാൻ & മാനേജിങ്ങ് ഡയറക്ടർ,<br>കൊച്ചിൻ ഷിപ്പ്യാഡ് ലിമിറ്റഡ്<br>ശ്രീ. ജോർജ് തോമസ്,<br>ചീഫ് ജനറൽ മനേജർ, ബി. പി. സി. എൽ<br>ശ്രീ. ജെ. കെ. മേനോൻ, പ്രവാസി വ്യവസായി |
| കൃതജ്ഞത | : | സിഎ. വേണുഗോപാൽ സി. ഗോവിന്ദ് |

**പ്രവേശനം അംഗങ്ങൾക്ക് മാത്രം**



**വൈകുന്നേരം 6.30 : അയ്യപ്പൻ പാട്ട്**

പാലക്കൊമ്പ് എഴുന്നെള്ളിപ്പ്
ദിവാൻസ് റോഡ് അമ്മൻ കോവിലിൽ നിന്നും

# കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

*പ്രിയ കരയോഗാംഗങ്ങളെ,*

എറണാകുളം കരയോഗത്തിന്റെ ഒരാഴ്ച നീണ്ടുനിൽക്കുന്ന ശതാബ്ദി സമാപന ആഘോഷപരിപാടികൾ ഡിസംബർ 19-ാം തീയതി വൈകുന്നേരം 5 മണിക്ക് ഭദ്രദീപം തെളിയിച്ച് ഉദ്ഘാടനം ചെയ്യപ്പെടുകയാണ്. **2025 ഡിസംബർ 19-ാം തീയതി വൈകുന്നേരം ഉദ്ഘാടന സമ്മേളനവും 2025 ഡിസംബർ 25-ാം തീയതി രാവിലെ 10 മണിക്ക് സമാപന സമ്മേളനവും** നടത്തുന്ന ടി. ഡി. എം ഗംഗ ഹാളിലേക്കുള്ള പ്രവേശനം ചില നിയന്ത്രണങ്ങൾക്കും സുരക്ഷാമാനദണ്ഡങ്ങൾക്കും വിധേയമായി നടത്തുന്നതിനെ കുറിച്ച് അംഗങ്ങളെ അറിയിക്കുന്നു.

**ഡിസംബർ 19നും, 25നും** നടത്തുന്ന ഉദ്ഘാടന സമാപന സമ്മേളനങ്ങൾക്കുള്ള പ്രവേശനം പാസ്സുകൾ വഴി അംഗങ്ങൾക്ക് പ്രത്യേക ഇരിപ്പിട സൗകര്യം ഒരുക്കുവാനാണ് തീരുമാനിച്ചിരിക്കുന്നത്. ഗംഗാ ഹാളിലേക്ക് പ്രവേശനം 500 അംഗങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട് എന്ന് അറിയിച്ചുകൊള്ളുന്നു. ആയതിനുള്ള 2 ദിവസത്തെ പ്രവേശന പാസ്സുകൾ **ഡിസംബർ 12-ാം തീയതി മുതൽ 17-ാം തീയതി വരെ** മുൻഗണനാക്രമത്തിലായിരിക്കും നല്കുക. പാസ്സുകൾ വേണ്ടവർ കരയോഗം ഐഡി കാർഡുമായി നേരിട്ട് ഓഫീസിൽ വരണമെന്ന് പ്രത്യേകം അറിയിച്ചുകൊള്ളുന്നു.

4000 ത്തിലധികം വരുന്ന കരയോഗാംഗങ്ങൾക്ക് എല്ലാവർക്കും ഇരിക്കുവാനുള്ള ഹാൾ സൗകര്യം കരയോഗത്തിലോ മറ്റു സ്ഥലങ്ങളിലോ ഇല്ല എന്നുള്ളത് വിസ്മരിക്കരുത്. അനാവശ്യമായ തിക്കും തിരക്കും ഒഴിവാക്കുവാനായി ആദ്യത്തെ 500 പേർക്ക് ഗംഗാഹാളിൽ ഇരിപ്പിടം ഒരുക്കിയ ശേഷം പിന്നീട് വരുന്നവർക്ക് പമ്പാഹാളിൽ **എൽ ഇ ഡി ഡിസ്പ്ലേ** യോടു കൂടിയുള്ള ഇരിപ്പിട സൗകര്യം ഏർപ്പെടുത്തുന്നതായിരിക്കും എന്ന് വിനയപുരസ്സരം അറിയിച്ചു കൊള്ളുന്നു.

**ഡിസംബർ 20 മുതൽ 24 വരെ രാവിലെ 10 മണി മുതൽ ഉച്ചയ്ക്ക് 1 മണി** വരെ നടക്കുന്ന സെമിനാറുകളിലും വൈകുന്നേരം നടക്കുന്ന എല്ലാ കലാപരിപാടികളിലും മേൽപ്പറഞ്ഞ പാസ്സുമൂലമുള്ള നിയന്ത്രണം ഉണ്ടായിരിക്കുന്നതല്ല എന്നും പ്രത്യേകം അറിയിക്കുന്നു.

എറണാകുളം കരയോഗത്തിലെ പ്രിയപ്പെട്ട അംഗങ്ങൾ പൂർണ്ണമായും ശതാബ്ദിയാഘോ ഷത്തിന്റെ വിജയത്തിനായി സഹകരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

എറണാകുളം കരയോഗം ഭരണ സമതിക്കുവേണ്ടി
പി. രാമചന്ദ്രൻ (വേണു)
ജനറൽ സെക്രട്ടറി

***N.B:- കരയോഗത്തിലെ കുടിശ്ശിക അടച്ചു തീർക്കുക എന്നുള്ളത് അനിവാര്യമാണ്. അതിനാൽ കുടിശ്ശിക ഉള്ളവർ അത് എത്രയും വേഗം അടച്ചുതീർക്കുവാൻ അഭ്യർത്ഥിക്കുന്നു.***

# പത്തനാപുരം ഗാന്ധിഭവൻ നാഷണൽ എക്സലൻസ് അവാർഡ്

## എറണാകുളം കരയോഗം ജനറൽ സെക്രട്ടറി ശ്രീ. പി രാമചന്ദ്രനും (വേണു) അവാർഡിന് അർഹനായി




2025-ലെ സാമൂഹ്യ സമത്വപ്രവർത്തനങ്ങൾക്കുള്ള നാഷണൽ എക്സലൻസ് അവാർഡിന് അർഹനായത് എറണാകുളം കരയോഗം ജനറൽ സെക്രട്ടറി ശ്രീ. പി രാമചന്ദ്രനാണ് (വേണു) നമ്മുടെ കരയോഗത്തിന് എന്നും ഏറെ അഭിമാനിക്കാൻ വക നൽകുന്ന ഒന്നാണിത്. എല്ലാ സമുദായങ്ങളേയും ചേർത്ത് നിർത്തിക്കൊണ്ടുള്ള പ്രവർത്തനത്തിന്റെ അംഗീകാരം കൂടിയാണിത്. എറണാകുളം കരയോഗം എന്ന നമ്മുടെ ഈ പ്രസ്ഥാനം മലയാളികളുടെ മനസ്സിൽ എത്രമാത്രം ഇടം നേടിയിട്ടുള്ളതിന്റെ തെളിവ് കൂടിയാണിത്. ഏതായാലും ഈ അവാർഡിനർഹനായ നമ്മുടെ പ്രിയപ്പെട്ട ജനറൽ സെക്രട്ടറി ശ്രീ. പി രാമചന്ദ്രന് (വേണു) എറണാകുളം കരയോഗത്തിലെ മുഴുവൻ അംഗങ്ങളുടെയും, സുമനസ്സുകളായ എല്ലാ മലയാളികളുടേയും പേരിൽ കരയോഗ സൗഹൃദം അഭിനന്ദനങ്ങളുടെ പൂച്ചെണ്ടുകൾ അർപ്പിക്കുന്നു.

നവംബർ 26-ാം തീയതി പത്തനാപുരം ഗാന്ധിഭവനിൽ കേരളസംസ്ഥാന കരകൗശല കോർപ്പറേഷൻ ചെയർമാൻ ശ്രീ. രാമഭദ്രന്റെ അദ്ധ്യക്ഷതയിൽ കൂടിയ പൊതുസമ്മേളനത്തിൽ വെച്ച് മുൻ പ്രധാനമന്ത്രി ശ്രീ. മൻമോഹൻസിങ്ങിന്റെ പ്രിൻസിപ്പൽ സെക്രട്ടറിയും, ഉപദേശകനുമായിരുന്ന ശ്രീ. ടി. കെ. എ. നായർ, സമൂഹത്തിന്റെ വിഭിന്ന മേഖലകളിൽ സാമൂഹ്യനന്മപ്രശോഭിപ്പിക്കുന്ന മഹത്വ്യക്തികൾക്കായുള്ള 2025-ലെ ഗാന്ധിഭവൻ നാഷണൽ എക്സലൻസ് അവാർഡുകൾ വിതരണം ചെയ്തു.

സാംസ്കാരിക നവോത്ഥാന മേഖലയിലെ അവാർഡ് മുൻ എം എൽ എ ശ്രീ. കെ എൻ എ ഖാദറിനും, ജീവകാരുണ്യ സാഹിത്യമേഖലയിലെ അവാർഡ് ഫാ. ബിജു പി തോമസിനുമാണ് ലഭിച്ചത്. ഈ രണ്ട് മഹത് വ്യക്തികൾക്കും നമ്മുടെ ആത്മാർത്ഥമായ അഭിനന്ദനങ്ങൾ അർപ്പിക്കുന്നു.

ഗാന്ധിഭവൻ ചെയ്യുന്ന മഹത്തായ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ടും തങ്ങളെ ഈ അവാർഡിന് തിരഞ്ഞെടുത്തതിലുള്ള സന്തോഷം രേഖപ്പെടുത്തികൊണ്ടും ശ്രീ. പി രാമചന്ദ്രനും (വേണു) മറ്റു രണ്ട് അവാർഡ് ജേതാക്കളും സംസാരിച്ചു.

# അറിയിപ്പ്

## ശതാബ്ദി ആനുകൂല്യ ആജീവനാന്ത അംഗത്വം

## അംഗങ്ങളുടെ ശ്രദ്ധയ്ക്ക്

### അംഗത്വത്തിനുള്ള അപേക്ഷാഫാറം കരയോഗം ഓഫീസിൽ നിന്നും ലഭിക്കുന്നതാണ്

23-6-2024 ൽ കൂടിയ എറണാകുളം കരയോഗം പൊതുയോഗം എറണാകുളം കരയോഗം നിയമാവലി 5, 7(i) (ii), 8,9,10,11,13,14 എന്നീ വകുപ്പുകളും അതിന്റെ ഉപവകുപ്പുകളും നിലനിർത്തിക്കൊണ്ട് കരയോഗത്തിലെ ഓരോ അംഗങ്ങൾക്കും അവരവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ അംഗത്വഫീസിൽ ഇളവു നൽകി അംഗത്വം നല്കിവരുന്നു.

29-06-2025-ൽ കൂടിയ പൊതുയോഗം ശതാബ്ദിയോടനുബന്ധിച്ച് എറണാകുളം കരയോഗം അംഗങ്ങളായിരുന്നവരുടെ കുടുംബാംഗങ്ങൾക്കും 2025 ഡിസംബർ 31 വരെ കരയോഗത്തിന്റെ നിയമാവലിക്ക് വിരുദ്ധമാകാതെ, 25000 രൂപ എന്ന അംഗത്വഫീസിൽ നിന്ന് 10000 രൂപ കുറച്ച്, 15000 രൂപയ്ക്ക് അംഗത്വം നൽകുവാൻ പൊതുയോഗം തീരുമാനിച്ച വിവരം സന്തോഷപൂർവ്വം അറിയിച്ചുകൊള്ളുന്നു.

**(കുടുംബം എന്ന് വിവക്ഷിക്കുന്നത് അച്ഛൻ, അമ്മ, ഭർത്താവ്, ഭാര്യ, മക്കൾ എന്നിവരാണ്)**

എല്ലാ അംഗങ്ങളും ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടതൽ വിവരങ്ങൾക്ക് കരയോഗം ഓഫീസുമായി ബന്ധപ്പെടുക.

✹ ✹ ✹

### എറണാകുളം കരയോഗം ശതാബ്ദിയാഘോഷഫണ്ട് സമാഹരണം

2025 ൽ എറണാകുളം കരയോഗം ശതാബ്ദിയാഘോഷം സമുചിതമായി ആഘോഷിക്കുന്നതിലേയ്ക്കുള്ള പദ്ധതികളും പരിപാടികളും നടത്തുന്നതിന് ധനസമാഹരണം ഒരു പ്രധാന ഘടകമാണ്. ആയതിലേയ്ക്ക് ഓരോ കരയോഗാംഗവും 2000 രൂപ വീതവും ഒരേ വീട്ടിൽ മൂന്നോ അതിൽ കൂടുതലോ കരയോഗാംഗങ്ങളുള്ളവർ 5000 രൂപയും ശതാബ്ദി ഫണ്ടിലേയ്ക്ക് നൽകണമെന്ന് 23-6-2024 ൽ കൂടിയ 99-ാം വാർഷികപൊതുയോഗം തീരുമാനമെടുത്തിട്ടുള്ള വിവരം കരയോഗാംഗങ്ങളെ ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

✦ ✦ ✦

**കരയോഗത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾ അറിയുന്നതിനായി അംഗങ്ങൾ മാത്രം താഴെ കാണുന്ന WhatsApp നമ്പറിൽ ബന്ധപ്പെടുകയോ link ലൂടെ ജോയിൻ ചെയ്യുകയോ ചെയ്യാവുന്നതുമാണ്.**

☞ **8281588833**

Open this link to join my WhatsApp Group:
https://chat.whatsapp.com/JvuXAILW6Tg8UD6J29v1Vy

എറണാകുളം കരയോഗം



# ബാലലോകം



പറവൂർ രാജഗോപാൽ - 9847291483

## പണ്ടു പണ്ടു പണ്ട്....

**പ്രിയരേ,**

എവിടെയോ നടന്ന കഥയാണ്. പേരില്ലാവൂരിൽ നടന്ന കഥയാണെന്ന് പല്ലില്ലാ മുതുമുത്തിയമ്മ പറഞ്ഞ കഥ. പല നാവ് പാടികേട്ടക്കഥ. പഴങ്കഥ. കുട്ടന്റെ പാതിയുറക്കത്തിലും അമ്മ മീനാക്ഷി പറഞ്ഞുകൊണ്ടിരുന്ന കഥ.. കഥ തീരാക്കഥ... ഇക്കഥ.

തൃക്കോട്ടൂർ നടയിൽ വിളിച്ചു ചൊല്ലി പ്രാർത്ഥന കഴിഞ്ഞ് വഴിപാടൊന്നു സങ്കൽപ്പിച്ചിട്ടാണ് ചൊക്കിക്കും ചങ്കരനും സന്തതിയൊന്നു പിറക്കുന്നത്. അവരവന് ചമ്പു എന്ന് പേരിട്ട് ഓമനിച്ചു വളർത്തി. ചമ്പുവിന് വയസ്സ് അഞ്ച് ആകുമ്പോൾ അത്ഭുതങ്ങളൊക്കെ കാണാം എന്ന് ചിത്രപ്പടിക്കലെ കണിയാൻ പ്രശ്നവശാൽ പറഞ്ഞു. "തൃക്കോട്ടൂരപ്പന്റെ അടിമ കെടന്ന കുട്ട്യല്ലേ, ഒക്കെ നല്ലതാവും വരിക." ചമ്പുവിന് അഞ്ചുവയസ്സ് തികഞ്ഞു. അക്ഷരം പഠിപ്പിക്കാനെത്തിയ എഴുത്താശാന്റെ ചെവിയിൽ ചമ്പു ചോദിച്ചു. "ശിക്ഷിക്കാൻ ആർക്കാണാശാനെ അവകാശം?" "തെറ്റ് ചെയ്യുന്നത് കണ്ടാൽ ആർക്കും ശിക്ഷിക്കാം" ആശാൻ പറഞ്ഞു. "തെറ്റെന്നത് എന്താണാശാനെ?" "ശരിയല്ലാത്തത്" "അപ്പോൾ ശരി എന്നതോ?" ആശാൻ കുഴപ്പത്തിലായി. "തെറ്റ് തെറ്റല്ലാതിരിക്കാം. ചിലപ്പോഴെങ്കിലും. ശരി ശരിയല്ലാതെയും. രക്ഷിക്കുന്നവനേ ശിക്ഷിക്കാൻ അവകാശോള്ളൂന്റെ ആശാനെ" അവൻ പറഞ്ഞു. ചമ്പു പിന്നെ ആശാന്റെ എ ഴുത്തു ശാലയിലേയ്ക്ക് പോയില്ല. അച്ഛനും അമ്മയും എത്ര പറഞ്ഞിട്ടും അവൻ അതിന് തയ്യാറായില്ല. പകരം അവൻ കൂട്ടരുമൊത്ത് കളിക്കാൻ പോയി.

ഒരു നട്ടുച്ചയ്ക്ക് ചമ്പു കോവിലിനു മുമ്പിലൂടെ വരികയായിരുന്നു. അവൻ നോക്കുമ്പോൾ കോവിൽ നട തുറന്നുക്കിടക്കുന്നു. അവിടെങ്ങും ആരേം കാണുന്നില്ല. പുജാരി കോവിലടയ്ക്കാൻ മറന്നതാകുമോ? ചമ്പു ചിന്തിച്ചു. അങ്ങനെ നിൽക്കുമ്പോൾ ഉള്ളിൽ നിന്നും കോവിലമ്മ അവനെ പേര് ചൊല്ലി വിളിച്ചു. "ചമ്പു, വരൂ മകനേ..." ചമ്പുവിനെ കോവിലമ്മ വിളിച്ചു മടിയിലിരുത്തി. ആ നാവിൽ അമ്മ ത്രിമധുരം നൽകി. ചക്കര മുത്തങ്ങൾ അവന്റെ കവിളിൽ വെച്ചുകൊടുത്തു. അതോടെ ചമ്പു ജ്ഞാനിയായി. അവന് ദിവ്യത്വമായി അവൻ വിദ്യാസമ്പന്നനായി. പേരില്ലാവുരിൽ വിഷം തീണ്ടി കൊണ്ടുവരികയായിരുന്ന മണിഭദ്ര കുറുപ്പിനെ ചമ്പു ചെന്നൊന്ന്തൊട്ടു. കുറുപ്പ് ഉറക്കത്തിൽ നിന്നെന്ന പോലെ എഴുന്നേറ്റ് നടന്നുപോയി.

കാലങ്ങളായി കായ്ക്കാതെ നിന്ന കാരമരത്തിൽ ചമ്പു ഒന്ന് തൊട്ടാതെ ഉള്ളൂ. കാര പൂത്ത് കായ നിറഞ്ഞു. ഉണ്ടായ കാരക്കായിനെല്ലാം എന്ത് സ്വാദായിരുന്നു. വയറ്റാട്ടി വന്ന് പേറെടുക്കാനാവാതെ വിഷമിച്ചു നിന്ന അവസരത്തിൽ ഗർഭവതിയായ തങ്കച്ചിയെ ചമ്പു വന്നൊന്നു നോക്കി. തങ്കച്ചിക്ക് സുഖപ്രസവം. പാടവും വരമ്പും കടന്ന് വടക്കുള്ള ഗ്രാമത്തിലേയ്ക്കുള്ള വഴിയോരത്തൊരു കാടുണ്ടായിരുന്നു. ദുർഭൂതങ്ങൾ അവിടെ വാസമാണെന്നായിരുന്നു വെയ്പ്പ്. അതുവഴി പേടിച്ചാരും ഒറ്റയ്ക്കൊന്നും പോവുക പതിവില്ലായിരുന്നു. ഒറ്റയ്ക്കും, അസമയത്തും അതുവഴി പോയവരെല്ലാം ഓരോന്ന് കണ്ട് പേടിച്ചിട്ടുണ്ട്. ഒന്നു രണ്ടു ദുർമരണങ്ങൾ ഒക്കെ നടന്നിട്ടുള്ള സ്ഥലമാണത്. ജമീന്ദാർ കിരൺ ലാലിന്റെ ഭാര്യയേയും മകളെയും മാസങ്ങൾക്ക് മുമ്പ് കാണാതാവുന്നത് അവിടെ വെച്ചാണ്.

→


ഒരു ദിവസം ചമ്പുവും കൂട്ടരും കളിച്ചുരസിച്ച് ആ കാടിന് സമീപം എത്തി. തിളയ്ക്കുന്ന നട്ടുച്ച. അപ്പോൾ അവിടമാകെ പുഷ്പ സുഗന്ധം പരന്നിരുന്നു. ആ കാടിനുള്ളിൽ നിന്നും എന്തൊക്കെയോ ശബ്ദങ്ങൾ കേൾക്കാമായിരുന്നു. ഒപ്പം മധുര പലഹാരങ്ങളുടെ ഗന്ധവും കാറ്റിൽ തങ്ങി നിന്നിരുന്നു. കുട്ടികൾ തമ്മിൽ ത്തമ്മിൽ നോക്കി വെള്ളമിറക്കി. വിഭവങ്ങളെപ്പറ്റി ഓർത്തപ്പോൾ അവർക്ക് കൊതിയായി. "നമുക്ക് ഒന്ന് കാടിനുള്ളിലേയ്ക്ക് ചെന്നു നോക്കിയാലോ?" ചമ്പു ചോദിച്ചു. "വേണ്ട വേണ്ട. ഈ സ്ഥലമെല്ലാം കുഴപ്പമാന്നാ കേട്ടിട്ടുള്ളത്." കുട്ടികൾ പറഞ്ഞു. "എന്ത് കുഴപ്പം....? വന്നേ.. നമുക്കൊന്ന് പോയി നോക്കാം." ചമ്പു കൂട്ടുകാരോട് പറഞ്ഞു. അവൻ മുന്നിൽ നടന്നു. പിൻപേ അവന്റെ കൂട്ടുകാരും. അവർ കാടിനുള്ളിലെയ്ക്ക് കടന്നു. ഏറെ ദൂരം നടന്നു എന്തൊരു മനോഹാരിത. അവിടെയാകെ പൂങ്കാവനത്തിന്റെ പ്രതീതിയായിരുന്നു. ഒരു മരത്തിൽ നിന്നും മറ്റൊരു മരത്തിലേയ്ക്കു ചാടി പറന്ന് ഒരു മരഞ്ചാടിക്കിളി പാടുന്നുണ്ടായിരുന്നു. വെള്ള നിറമുള്ള മാൻ, മയിലുകളുടെ ആട്ടം, മരത്തലപ്പുകളിൽ ട്രപ്പീസാടുന്ന കുരങ്ങന്മാർ ... കുട്ടികൾക്ക് അത്ഭുതമായി. മരപ്പൊത്തുകളിലിരുന്ന് പല വർണ്ണക്കിളികൾ അവരെ ഉറ്റു നോക്കുന്നുണ്ടായിരുന്നു. നയനാനന്ദകരങ്ങളായ പലവിധ കാഴ്ചകൾ കണ്ട് ചമ്പുവും കൂട്ടരും നടന്നു. ഏറെദൂരം ചെന്നപ്പോൾ അതിരുകൾ അവസാനിച്ചു. അവിടെ നിന്നും ഭൂമിക്കടിയിലേയ്ക്ക് ഏതാനും കൽപ്പടവുകൾ അവർ കണ്ടു. അവർ അതിലൂടെ ഇറങ്ങി നടന്നു. ചെന്നെത്തിയത് അതിശയിപ്പിക്കുന്ന ഒരു വെണ്ണക്കൽക്കൊട്ടാരത്തിലായിരുന്നു.

ചമ്പു കൂട്ടരുമൊത്ത് അവിടമാകെ ചുറ്റിനടന്നു. എന്തെന്തു കാഴ്ചകൾ...!! എന്തെല്ലാം വിഭവങ്ങളാണ് ഓരോയിടത്തും ഒരുക്കി വച്ചിരിക്കുന്നത്...!! അവിടെക്കണ്ട മിഠായി ഭരണികളിൽ നിന്ന് കുട്ടികൾ വയറുനിറയെ മിഠായി തിന്നു. സ്വർണ്ണത്തളികകളിൽ സൂക്ഷിച്ചിരുന്ന രുചിയുള്ള പഴങ്ങൾ തിന്നു. പാൽപ്പായസത്തിന്റെ സ്വാദും അവരറിഞ്ഞു. പെട്ടെന്നാണ് അവിടമാകെ കറുപ്പുപരന്നത്. കണ്ണുകാണാൻ പറ്റാത്തവണ്ണം കറുപ്പ് മാത്രം. കുട്ടികൾക്ക് പേടിയായി.. അവർ ചുറ്റും കൂടി നിന്ന് നിലവിളിക്കാൻ തുടങ്ങി. ചമ്പുവിനും പേടിതോന്നി. അവൻ ഉടനെ കാവിലമ്മയുടെ രൂപം സ്മരിച്ചു. ക്ഷണനേരംകൊണ്ട് കറുപ്പിന്റെ കണിക പോലും അവശേഷിപ്പിക്കാതെ നിലാവെട്ടം പരന്നു. കുട്ടികൾക്ക് സന്തോഷമായി. "വാ..നമുക്ക് തിരിച്ചു പോകാം. വാ ചമ്പു," കുട്ടികൾ ധൃതികൂട്ടി. 'ശരി ...വാ പോകാം.' ചമ്പു സമ്മതിച്ചു. അവർ തിരിച്ചു നടക്കാൻ തുടങ്ങി. അപ്പോൾ ഭയങ്കരമായ ഒരു അട്ടഹാസം ഉയർന്നു കേട്ടു. കൂടെ നിർത്താതെയുള്ള പൊട്ടിച്ചിരിയും.' "നിങ്ങൾ ആരാണ് ബാലന്മാരെ ഞങ്ങൾക്കുള്ള ഭക്ഷണമോ?" "കൊള്ളാം കൊള്ളാം..." (പ്രഭ പോലെ പരന്ന നിലാവിൽ ചമ്പുവും കൂട്ടരും ആ വിചിത്ര രൂപികളെ കണ്ടു. പേടിയും അറപ്പും ഉളവാക്കുന്ന നരഭോജികളായ പത്തു കാട്ടാളത്തികൾ...) ജടപിടിച്ച മുടിയും, തുറന്നു വെച്ച വായകളും, കൂർത്ത പല്ലും നഖവുമുള്ളവർ. അവർ അലറി വിളിച്ചുകൊണ്ട് കുട്ടികൾക്ക് നേരെ പാഞ്ഞു വന്നു. ചുറ്റിനും നിന്ന് ആർത്തട്ടഹസിച്ചു. കുട്ടികൾ പേടിച്ചു വിറച്ചു.

"എന്ത് ധൈര്യത്തിലാണ് നിങ്ങൾ ഞങ്ങളുടെ ഈ താവളത്തിൽ എത്തിയത്? ഞങ്ങളുടെ ഭക്ഷണക്കൂനകൾ തിന്നുതീർത്തത്. അതുകൊണ്ട് തന്നെ ഞങ്ങളുടെ വിശപ്പ് ശമിപ്പിക്കാൻ നിങ്ങൾ ഞങ്ങളുടെ ഈ കൈയ്യകലത്തിലേയ്ക്ക് വന്നാലും."

പിശാചിനികളായ ആ ഒൻപത് കാട്ടാളത്തികളും ഒരുമിച്ചു നിന്ന് അട്ടഹസിച്ചു. "നിങ്ങളിൽ ആരെയാണ് ഞങ്ങൾ ആദ്യം ഭക്ഷണമാക്കേണ്ടത് ? പറയു. ആ ഒരു സ്വാതന്ത്ര്യം ഞങ്ങൾ നിങ്ങൾക്ക് തരുന്നു. ഒന്നുമില്ലെങ്കിൽ നിങ്ങൾ ബാലകന്മാരല്ലേ" കാട്ടാളത്തികൾ ഒരുമിച്ചു ചോദിച്ചു.

(ശേഷം 21-ാം പേജിൽ)



# വാസ്തു ശാസ്ത്രം



ശ്രീ. പ്രഭാകരമേനോൻ പര്യാടത്ത്, റിട്ടയേർഡ് എഞ്ചിനീയർ, വാസ്തു വിദഗ്ദ്ധൻ – 9447032434

പടിഞ്ഞാറോട്ടു മുഖമുള്ളവീട്. അടുക്കള കിഴക്കുതെക്കും, കിണർ പടിഞ്ഞാറ് മദ്ധ്യത്തിലും, ഗേറ്റ് പടിഞ്ഞാറുതെക്കും ആകുന്നു. വീടിന്റെ പ്ലാൻ വരച്ചതും, കുറ്റിയടിച്ചതും കേരളത്തിനകത്തും പുറത്തും വാസ്തു പഠിപ്പിക്കുന്ന ഒരാളാണ്. അടുക്കള തെക്കുകിഴക്കും, അടുക്കളയുടെ കിഴക്ക് വർക്ക് ഏരിയയുമുണ്ട്. അടുക്കളയുടെ വടക്കുവശം വീട് കിഴക്കോട്ട് തള്ളി നിൽക്കുന്നു. വീട് കഴിഞ്ഞിട്ടുള്ള ഒഴിഞ്ഞ സ്ഥലം കിഴക്ക് വടക്കുവശത്ത് 2 മീറ്ററും തെക്കുവശത്ത് 6 മീറ്ററുമാണ്. അതായത് കിഴക്കുവശം തെക്കോട്ട് കൂടിക്കുടി വരുന്നു.


പടിഞ്ഞാറ് വശത്തെ പ്ലോട്ട് 9 മീറ്ററുണ്ട്. ഗേറ്റ് പടിഞ്ഞാറ്തെക്കാണ്. കിണറ് വീടിന്റെ പടിഞ്ഞാറുവശത്താണ്. ഒഴിഞ്ഞ സ്ഥലം തെക്കും, വടക്കും ഏതാണ്ട് സമമാണ്.  താഴെ പറയുന്ന മാറ്റങ്ങൾ ചെയ്യേണ്ടതായിട്ടുണ്ട്.

**1)** കിഴക്കുവശത്തെ ഒഴിഞ്ഞ സ്ഥലം വടക്ക് 2 മീറ്ററായതുകൊണ്ട് തെക്കും 2 മീറ്റർവെച്ച് വീടിനു സമാന്തരമായി 24 cm ഉയരത്തിൽ കുട്ടിമതിൽ കെട്ടണം. ചിത്രത്തിൽ A to B.  പടിഞ്ഞാറുവശത്ത് കിഴക്കുള്ള 2 മീറ്ററിൽ കുറച്ച് വീടിനു സമാന്തരമായി 24 cm ഉയരത്തിൽ കുട്ടിമതിൽ കെട്ടണം. കുട്ടിമതിൽ പടിഞ്ഞാറ് തെക്ക് വീടിന്റെ മദ്ധ്യം വരെയും, വടക്ക് 1.20 cm നീളം മതി.

**2)** ഇപ്പോൾ പടിഞ്ഞാറുവശം വേറെ പറമ്പായി. ഗേറ്റ് പടിഞ്ഞാറ് തെക്കിൽനിന്ന് പടിഞ്ഞാറ് വടക്കോട്ടു മാറ്റണം. പടിഞ്ഞാറ് തെക്ക് ഒരു കാരണവശാലും ഗേറ്റ് വരരുത്.

**3)** അടുക്കളയുടെ കിഴക്കുവശത്ത് വർക്ക് ഏരിയ കിഴക്കോട്ടുനീക്കി (വടക്കുനിന്നും വരുന്ന ലൈനിലേക്ക്) അവിടെ കിഴക്കോട്ട് ജനൽ വെച്ച് അടുക്കളയായി ഉപയോഗിക്കണം.

മകരം 1–ാം തീയതി മുതൽ (ഉത്തരായന കാലം) ഉദയം അടുക്കളയിലേക്ക് വരണം. യാതൊരു കാരണ വശാലും അടുക്കളയുടെ കിഴക്കെ ചുമർ വിട്ട് വീട് കിഴക്കോട്ട് തള്ളരുത് അടുക്കള വടക്ക് പടിഞ്ഞാറാണെങ്കിൽ അടുക്കളയുടെ വടക്കേ ഭിത്തി വിട്ട് വീടിന്റെ കിഴക്കുവശം വടക്കോട്ട് തള്ളരുത്. വടക്കുകിഴക്ക് കാർപോർച്ച്, മറ്റ് നിർമ്മാണം ഇവയൊന്നും പാടില്ല



# സുഭാഷിതം

വിദ്വൽപ്രഭ . ജെ. എസ് - 9847537007

സ്നേഹം, വിശ്വാസം ഇവ രണ്ടും ജീവിതത്തെ സുഗമമായി നയിക്കുന്ന രണ്ടു ഘടകങ്ങളാണ്. സ്നേഹത്തിലൂടെ മാത്രമേ പ്രശ്നങ്ങൾ നിയന്ത്രണ വിധേയമാക്കാൻ കഴിയു. എന്നാൽ അതും നിസ്വാർത്ഥ സ്നേഹം ഒന്നുകൊണ്ട് മാത്രം. ഒന്നും തിരിച്ച് പ്രതീക്ഷിക്കാതെ നാം നമ്മിൽ ആദ്യം വിശ്വാസം അർപ്പിക്കണം. നമുക്ക് നമ്മളെ കുറിച്ച് ധാരണ വേണം (Self respect) അതുണ്ടെങ്കിലെ ആത്മ വിശ്വാസം (Confidence) നേടാനാകൂ.

സത്യസന്ധമായി സംസാരിക്കുക, ആത്മാർത്ഥമായി ചിന്തിക്കുക ഇത് രണ്ടും ചേർന്നാൽ വ്യക്തിക്ക് ഏതു പ്രതിസന്ധിയിലും തളരാതെ, തകരാതെ മുന്നോട്ട് പോകാനാകും. അചഞ്ചലമായ വിശ്വാസം കൈമുതലാക്കാൻ കുഞ്ഞുനാളിൽ തന്നെ ശീലിക്കണം. നമ്മുടെ തീരുമാനങ്ങൾ ചെറുതോ, വലുതോ കുറ്റമറ്റതാണെന്ന ഉത്തമബോദ്ധ്യം വേണം. സമൂഹത്തിന്റെ പിൻതാങ്ങലോ, മറ്റുള്ളവരുടെ വിലയിരുത്തലോ ഇവിടെ വിലങ്ങുതടിയാകാൻ പാടില്ല. ഉറച്ച വിശ്വാസം അത് മങ്ങലേൽക്കാതെ മറ്റുള്ളവർക്ക് വൈഷമ്യം വരുത്താതെ സന്മാർഗ്ഗത്തിലൂടെ സഞ്ചരിക്കാൻ കഴിഞ്ഞാൽ മനഃസ്സുഖവും സമാധാനവും അകന്നു പോവില്ല.

ഭഗവാൻ ശ്രീകൃഷ്ണൻ എത്രമാത്രം യാതനകൾ അനുഭവിച്ചുവെന്ന് പുരാണങ്ങൾ നമ്മോടു പറയുന്നു. പക്ഷേ പുഞ്ചിരിയോടെ അദ്ദേഹം എല്ലാത്തിനെയും നേരിടുന്ന കഥകൾ നമുക്ക് പ്രചോദനമല്ലേ? ശ്രീകൃഷ്ണൻ സദാസമയവും ഓടക്കുഴലുമേന്തി നിൽക്കുന്ന കാഴ്ച സുപരിചിതമല്ലേ? അതിന്റെ പിന്നിലൊരു മനോഹരമായ കഥയുണ്ട്. ശ്രീകൃഷ്ണൻ എപ്പോഴും ഗോപികമാരൊത്ത് വൃന്ദാവനത്തിൽ ചെടികളും ഗോക്കളുമായി സല്ലപിക്കുന്ന നയനമനോഹരമായ കാഴ്ച നമുക്കൊക്കെ ഹരമല്ലേ.

ഉദ്യാനത്തിലെ ചെടികളോട് പറയും ഞാൻ നിങ്ങളെ സ്നേഹിക്കുന്നു. ചെടികളും സന്തോഷിച്ച് പറയും ഞങ്ങളും അങ്ങയെ സ്നേഹിക്കുന്നു. ഇത് പതിവായി നടക്കുന്ന സംഭാഷണം. ഒരു ദിവസം കൃഷ്ണൻ പൂങ്കാവനത്തിലെത്തി ഒരു മുളച്ചെടിയെ (Bamboo) കണ്ടു. ഏറെനേരം അദ്ദേഹം മുളച്ചെടിയെ തലോടി തഴുകി. ചെടി ചോദിച്ചു "എന്തുപറ്റി കൃഷ്ണാ" കൃഷ്ണൻ പറഞ്ഞു എനിക്ക് നിന്നോട് ഒരു കാര്യം ചോദിക്കാനുണ്ട്, വളരെ വേദനാജനകമായ ഒന്നാണ്. എന്നെക്കൊണ്ട് കഴിയുന്നതെന്തും ഞാൻ അങ്ങേക്കുവേണ്ടി ചെയ്തു തരാമെന്ന് മുള വാക്കുനൽകി. കൃഷ്ണൻ നിസ്സംഗനായി പറഞ്ഞു എനിക്ക് നിന്റെ ജീവൻ വേണം. നിന്നെ മുറിക്കണം. മുള ഒരു നിമിഷം ആലോചിച്ചു എന്നിട്ട് ചോദിച്ചു വേറെ ഒരു മാർഗ്ഗവുമില്ലേ? അദ്ദേഹം പറഞ്ഞു ഇല്ല മറ്റൊരു മാർഗ്ഗവുമില്ല? മുള സന്തോഷത്തോടെ പറഞ്ഞു ഞാൻ അങ്ങയിൽ ശരണമടയുന്നു.

കൃഷ്ണൻ മുള വെട്ടി അതിൽ തുളയുണ്ടാക്കി മുള വേദനിച്ചു കരഞ്ഞു. എല്ലാ കഷ്ടപ്പാടിനുമൊടുവിൽ ഭംഗിയുള്ള ഓടക്കുഴലായി രൂപാന്തരപ്പെട്ടു. ഈ ഓടക്കുഴൽ ഊതി കൃഷ്ണൻ സാദാസമയവും വേണുഗാനം പൊഴിക്കുന്നത് ആരേയും അസൂയാലുക്കളാക്കും പ്രത്യേകിച്ച് ഗോപികമാരെ. ഗോപികമാർ പറഞ്ഞു കൃഷ്ണാ ഞങ്ങൾക്ക് വളരെ കുറച്ചു സമയമേ അങ്ങയോടൊപ്പം ചെലവഴിക്കാനാകുന്നുള്ളു. ആരാധകരും പ്രിയ തോഴിമാരുമായ ഞങ്ങളേക്കാൾ അങ്ങ് ഓടക്കുഴലിനെ കൂടുതൽ

സ്നേഹിക്കുന്നു. അവർ ഓടക്കുഴലിനോട് ചോദിച്ചു എന്താണ് എപ്പോഴും ഭഗവാൻ നിങ്ങളെ കൂടെ കൊണ്ട് നടക്കുന്നത്. ഓടക്കുഴൽ പറഞ്ഞു, ഞാൻ അകം പൊള്ളയാണ് എങ്ങനെ വേണമെങ്കിലും ഭഗവാന്റെ ഹിതാനുസരണം എന്നെ ഉപയോഗിക്കാം. ഇതാണ് പരിപൂർണ്ണ ശരണം പ്രാപിക്കൽ.

ഭഗവാനെ ശരണം പ്രാപിക്കുന്നവരെ കൈവിടുകയില്ല. ഒരു പുൽക്കൊടിപോലും ഈ പ്രപഞ്ചത്തിൽ ചലിക്കുന്നത് അദ്ദേഹത്തിന്റെ തീരുമാനപ്രകാരമാണെന്ന സത്യം ഉൾക്കൊള്ളണം. നമ്മുടെ കഷ്ടവും, നഷ്ടവും എന്തുപ്രശ്നവും ആ പാദങ്ങളിൽ സമർപ്പിച്ച് സമാധാനമായി ജീവിതം നയിക്കുക. ബാക്കി ഭഗവാൻ നോക്കികൊള്ളുമെന്ന വിശ്വാസം ജീവിതത്തെ ഉജ്ജ്വലമാക്കും. ■

---

(18-ാം പേജിന്റെ തുടർച്ച...)

ചമ്പു അവരോടു പറഞ്ഞു.

"നിങ്ങൾക്ക് ഞങ്ങളെ ഒന്നും ചെയ്യാൻ പറ്റില്ല. പക്ഷേങ്കിൽ ഞങ്ങൾക്ക് നിങ്ങളെ ഒന്നോടെ ഇല്ലാതാക്കാൻ കഴിയും." ചമ്പുവിന്റെ സംസാരം കേട്ട അവർ കൂടുതൽ കോപാകുലരായി.

"എന്ത് പറഞ്ഞു വിഡ്ഢി ബാലകാ.. ഇപ്പോൾ കണ്ടോളൂ." അവർ കുറച്ചുനേരം ആലോചനയിലാണ്ടു. പിന്നീട് കുട്ടികളുടെ നേരെ ഊതി.

ചമ്പുവിന്റെ കൂടെ വന്ന കുട്ടികളെല്ലാം അതോടെ അപ്രത്യക്ഷരായി. "ഹ്ഹ്ഹ്ഹ്ഹഹ"പിശാചിനികൾ ഒച്ചവെച്ചു. പിന്നെ ചമ്പുവിന്റെ നേരെ അവർ കൈകൾ നീട്ടി. തന്റെ നേരെ നീണ്ടു വരുന്ന ആ കൈകൾ തട്ടിമാറ്റാൻ ചമ്പു തന്റെ കൈകൾ ആഞ്ഞു കുടഞ്ഞു. ആ കുടച്ചിലിൽ അവർ ഒൻപതു പിശാചിനികളും നിലം പതിച്ചു. ഘോരാട്ടഹാസത്തോടെ എഴുന്നേറ്റ് വീണ്ടും ആക്രോശിച്ച് നടന്നടുക്കുന്ന അവരെ ചമ്പു തന്റെ വിരൽ ചൂണ്ടി നിർത്തി. "പറയൂ. എവിടെ ഞങ്ങളുടെ ജമീന്ദാരുടെ കാണാതായ പത്നിയും മകളും...?" ഇക്കുറി കാട്ടാളത്തികൾ സംഭ്രമിച്ചപോലായി. "എനിക്കവരെ കൂട്ടിക്കൊണ്ടു പോകണം. അതിനാ ഞാൻ വന്നത്. വേഗമാകട്ടെ. അവരെ എന്റെ കുടെ അയച്ചേ പറ്റൂ. അത് മാത്രമല്ല ഇന്നോടെ നിങ്ങൾ ഇ വിടം ഒഴിഞ്ഞു പോകണം." കാപാലികമാരായ ആ കാട്ടാളത്തികൾ ഒരിടത്തേയ്ക്ക് കണ്ണയച്ചു കാട്ടി. അവിടെ ഒരു കൂട്ടിൽ ഒരു പഞ്ചവർണ്ണതത്തയും ഒരു തത്തക്കുഞ്ഞും നിസ്സഹായതയോടെ ഉണ്ടായിരുന്നു. "അതു ശരി. അപ്പോൾ നിങ്ങൾ ഇവരെ ഇങ്ങനെ ആക്കിയല്ലേ?"

ചമ്പു ഉഗ്രസ്വരൂപിണിയായ സാക്ഷാൽ കാവിലമ്മ ഭഗവതിയെ പ്രാർത്ഥിച്ചു നിന്നു. അമ്മ ചമ്പുവിനു ഉടൻ ഒരു ശൂലം പ്രദാനം ചെയ്തു. ദേവീ നാമസ്തുതിയോടെ അവൻ ആ ശൂലം കാപാലികരായ ആ നരഭോജികൾക്ക് നേരെ അയച്ചു. അവർ നെട്ടോട്ടമായി. ശൂലം പിന്നാലെ പാഞ്ഞു. അങ്ങകലെ മുതുമുത്തച്ഛൻ മലയിലേയ്ക്ക് ശൂലം അവരെ ഒൻപതു പേരെയും വിരട്ടിയോടിച്ചു കയറ്റി. ശൂലമുനകളിൽ ആളിനിന്ന ജ്വാലാഗ്നികണ്ട് ഭയചകിതരായ അവർ മലമുകളിൽ നിന്ന് അനേകായിരം അടികൾ താഴേയ്ക്ക് പതിച്ചു. ശൂലം മറഞ്ഞു. ത്രിപുര സുന്ദരിയായ ജഗദംബികയെ മനസ്സിൽ ധ്യാനിച്ച് കൊണ്ട് ചമ്പു കൂട്ടിൽ അസ്വസ്ഥരായി കഴിഞ്ഞിരുന്ന പഞ്ചവർണ്ണതത്തയോടും തത്തക്കുഞ്ഞിനോടും ഇറങ്ങി വരാൻ പറഞ്ഞു. അത്ഭുതം തന്നെ ..! കൂട്ടിൽ നിന്നും ഇറങ്ങി വന്നത് ജമീന്ദാരുടെ പ്രിയ പത്നിയും ഓമനമകളുമായിരുന്നു. അവരോടൊന്നിച്ച് വെണ്ണക്കൽക്കൊട്ടാരത്തിന് വെളിയിൽ വന്ന ചമ്പുവിനെ കാത്ത് അവന്റെ അപ്രത്യക്ഷരായ കൂട്ടുകാരും പേരില്ലാവൂരിലെ മുഴുവൻ ജനങ്ങളും ഉണ്ടായിരുന്നു.

അമ്മ മീനാക്ഷി പൊന്നുണ്ണിക്കുട്ടന് കഥ പറഞ്ഞു കൊടുത്തുകൊണ്ടേയിരുന്നു...കുട്ടന് ഉണ്ണാനും ഉറങ്ങാനുമൊക്കെ.

കഥ എങ്ങനെ? കുട്ടുകാർക്ക് നല്ലൊരു നവവർഷം ആശംസിക്കുന്നു. ■

ക്ഷേത്രങ്ങളിലൂടെ

# രാമമംഗലം പെരുംതൃക്കോവിൽ ക്ഷേത്രം

ഇന്ദിരാഭായി - 8078552892

(തുടർച്ച.....)

കുട്ടികൾ അനുസരണക്കേട് കാട്ടുമ്പോൾ ഭൂതം വരും എന്ന് പറഞ്ഞു പേടിപ്പിക്കാറുണ്ട്. ഭൂതം എന്ന് കേൾക്കുമ്പോൾ ഭയപ്പെടുത്തുന്ന എന്തോ എന്ന് കുട്ടികളും കരുത്തും. എന്നാൽ കുട്ടികളോടൊപ്പം കളിക്കുകയും അവരെ കാത്ത് രക്ഷിക്കുകയും ചെയ്യുന്ന ഒരു ദേവചൈതന്യം, ഒരു അപൂർവ്വ സങ്കൽപ്പം, അതാണ് ഉണ്ണിഭൂതം. ഉണ്ണിഭൂതം എന്നാണ് അറിയപ്പെടുന്നത് എങ്കിലും ശിവ സങ്കൽപ്പമാണ്. ഉണ്ണികളെ ഉണ്ണിഭൂതത്തിന് ഏറെ ഇഷ്ടവുമാണ്. രാമമംഗല ദേശവാസികളായ അമ്മമാർ കുഞ്ഞുങ്ങൾക്ക് അസുഖം വന്നാൽ ആദ്യം ഉണ്ണിഭൂതത്തെയാണ് വിളിക്കുന്നത്. ഉണ്ണിഭൂതത്തിന്റെ അനുഗ്രഹം സിദ്ധിച്ച അനുഭവസ്ഥർ ധാരാളമാണ്. ചോറൂണ് കഴിഞ്ഞ് കുഞ്ഞുങ്ങളെ ആദ്യമായി ക്ഷേത്രത്തിൽ കൊണ്ടുപോകുമ്പോൾ ഉണ്ണിഭൂതത്തിന്റെ തിരുനടയിൽ മണി സമർപ്പിക്കുന്ന പതിവുണ്ട്. കുഞ്ഞിനെ ഉണ്ണിഭൂതത്തിന് സമർപ്പിക്കുന്നതായി സങ്കല്പിച്ച് (അടിമകിടത്തൽ) ദ്രവ്യം കൊടുത്ത് തിരികെ വാങ്ങുന്നത് ഇന്നും ഇവിടെ നിലനിൽക്കുന്ന ഒരു ആചാരമാണ്. സന്താന സൗഭാഗ്യത്തിനായി ധാരാളം ഭക്തർ ഉണ്ണിഭൂതത്തെ പ്രാർത്ഥിച്ച് സന്താനസൗഭാഗ്യം നേടിയിട്ടുമുണ്ട്. ഉണ്ണികളും ഉണ്ണിഭൂതവും ഇവിടെ മണിയും മണിനാദവും പോലെയാണ്. ഉണ്ണിഭൂതത്തിന് തിരുമുഖം ചാർത്തലും, മുഴുക്കാപ്പും, നാളികേരം തുളിക്കുന്നതും, കുന്നിക്കുരു, മഞ്ചാടി എന്നിവ സമർപ്പിക്കുന്നതും പ്രധാന വഴിപാടുകളാണ്. പ്രാർത്ഥനയോടെ ഭക്തർ നടയിൽ സമർപ്പിക്കുന്ന നാളികേരം ഉണ്ണിഭൂതത്തിന്റെ നടയിൽ എറിഞ്ഞുടയ്ക്കുന്നതാണ്. നാളികേരം തുളിക്കൽ. നാളികേര കഷണങ്ങൾ കുട്ടികൾ ഓടിനടന്നു പറക്കിയെടുക്കുന്നത് ഉണ്ണിഭൂതത്തിന് ഇഷ്ടമാണെന്നു മാത്രമല്ല ഉണ്ണിഭൂതവും ഓടുന്ന കുട്ടികൾക്കൊപ്പം ഉണ്ടാകും എന്നാണ് സങ്കൽപ്പം. മഞ്ചാടിയും, കുന്നിക്കുരുവും ഉണ്ണിഭൂതത്തിനു കളിക്കാനാണ് എന്നും വിശ്വസിക്കുന്നു.

രാജകീയപ്രൗഢിയോടെ നിലകൊള്ളുന്ന ക്ഷേത്രമാണെങ്കിലും ഇവിടെ ക്ഷേത്രധ്വജം ഉണ്ടായിരുന്നില്ല. മൂന്നുതവണ കൊടിമരം സ്ഥാപിക്കാൻ ശ്രമിച്ചുവെങ്കിലും നടന്നില്ല. താൽക്കാലിക കൊടിമരം സ്ഥാപിക്കുന്ന ബുദ്ധിമുട്ടുകൾ മൂലം വീണ്ടും ധ്വജപ്രതിഷ്ഠയെപ്പറ്റി ആലോചിച്ചപ്പോൾ ഉണ്ണിഭൂതത്തിനും ഒരു ചെറിയ കൊടിമരം വേണമെന്ന് ക്ഷേത്ര ഭാരവാഹികളും, ദേശവാസികളും അഭിപ്രായപ്പെട്ടു. ഈ ആലോചനയ്ക്കുശേഷമാണ് ധ്വജപ്രതിഷ്ഠക്കുള്ള ഒരുക്കങ്ങൾ മുന്നോട്ടു നീങ്ങിയത്. കുട്ടിത്തമുള്ള ഉണ്ണിഭൂതത്തിന് കളിപ്പാട്ടം പോലെ ഒരു ചെറിയ കൊടിമരത്തിന്റെ രൂപം ഉണ്ടാക്കി ശ്രീലകത്തു വെയ്ക്കാം എന്നും തീരുമാനിച്ചു. എന്നാൽ ഉണ്ണിഭൂതത്തിന് അത് സ്വീകാര്യമായില്ല. കൊടിമരം തയ്യാറാക്കിയ തച്ചുശാസ്ത്രജ്ഞനോടും, ചില ക്ഷേത്രഭാരവാഹികളോടും ഉണ്ണിഭൂതം സ്വപ്നത്തിൽ തനിക്ക് കളിപ്പാട്ടം വേണ്ട, കൊടിമരം തന്നെ വേണം എന്ന് ആവശ്യപ്പെട്ടു, അങ്ങനെ ദേവഹിതം മനസ്സിലാക്കിയ അവർ 6¼കോൽ ഉയരമുള്ള ഉണ്ണിക്കൊടിമരം ക്ഷേത്രത്തിന്റെ വടക്കെനടയിൽ ഉണ്ണിഭൂതത്തിനും, 28¼ കോൽ ഉയരത്തിലുള്ള ധ്വജം പെരുംതൃക്കോവിലപ്പന്റെ തിരുനടയിലും സ്ഥാപിച്ചു. അങ്ങനെ ഏറ്റവും വലിയ കൊടിമരവും, ഏറ്റവും ചെറിയ കൊടിമരവും ഉള്ള ക്ഷേത്രമെന്ന ഖ്യാതി പെരുംതൃക്കോവിൽ നേടി. ഉണ്ണിയായതുകൊണ്ട്

തെറ്റുചെയ്യാം എന്നാരും കരുതേണ്ട. തെറ്റുചെയ്യുന്നവരെ ഉണ്ണിഭൂതം ശിക്ഷിക്കും. തെറ്റുചെയ്യുന്നവരെ ഉണ്ണിഭൂതം ഉറക്കത്തിൽ വടികൊണ്ട് അടിക്കുകയും നല്ല ചവിട്ട് കൊടുക്കുകയും ചെയ്യും ഇതാണ് ശിക്ഷാരീതി. കുറ്റക്കാരെ എങ്ങനെയും മാപ്പപേക്ഷിച്ചു തിരുനടയിൽ എത്തിക്കുമെന്നും ദേശവാസികൾ സാക്ഷ്യപ്പെടുത്തുന്നു. ഈ ക്ഷേത്രത്തിൽ കള്ളന്മാർ കയറിയ ചരിത്രമില്ല. രാത്രി ഈ ക്ഷേത്രത്തിൽ കയറാൻ ശ്രമിക്കുമ്പോൾ മണിയടിച്ചുകൊണ്ട് കുട്ടികൾ ഓടിനടക്കുന്ന ശബ്ദം കേൾക്കുന്നതു കാരണം ഇവിടെ കയറാൻ കഴിഞ്ഞിട്ടില്ലായെന്ന് സമീപ സ്ഥലങ്ങളിൽ നിന്നും പിടിയിലായ മോഷ്ടാക്കൾ വെളിപ്പെടുത്തിയിട്ടുണ്ടെന്നും കേൾക്കുന്നു. പെരുംതൃക്കോവിലിലെ ഉണ്ണിഭൂതം ഉത്തമശിവപാർഷദനായി ഉണ്ണികൾക്കുറ്റവനായി ഇവിടെ കുടികൊള്ളുന്നു.

ക്ഷേത്രം പണികഴിപ്പിക്കുന്നതിനായി കൊട്ടാരം പണിത് അവിടെ വസിച്ചുകൊണ്ട് ക്ഷേത്ര നിർമ്മാണം നടത്തിയ ചേരമാൻ പെരുമാളിന് ക്ഷത്രിയനാണെന്നതിനാൽ ശ്രീകോവിലിൽ പ്രവേശനം നൽകിയില്ല. പ്രതിഷ്ഠാക്രിയകളിൽ നിന്നുകൂടി മാറ്റി നിർത്തിയാൽ അദ്ദേഹത്തിന്റെ അതൃപ്തിക്കുപാത്രമായാലോ എന്ന് ചിന്തിച്ച ബ്രാഹ്മണർ അദ്ദേഹത്തെ പുജകളിൽ ഭാഗമാക്കാൻ നിശ്ചയിച്ചു. ശ്രീകോവിലിന് പുറത്ത് ഓവിന്റെ ചുവട്ടിലിരുന്ന് പൂജകൾ നടത്തുവാനും അദ്ദേഹത്തിന് തൊട്ടുജപിക്കുവാനുമായി മൂലബിംബത്തിൽ നിന്നും ഓവിലൂടെ ഒരു ദർഭ ഇട്ടുകൊടുക്കുവാനും നിശ്ചയിച്ചു. അതനുസരിച്ച് ഓവിനരികിലിരുന്ന് അദ്ദേഹം പൂജകൾ ചെയ്തു. എന്നാൽ ഒരു ദർഭയിലൂടെ പോലും അബ്രാഹ്മണനായ പെരുമാൾ സ്പർശിക്കുന്നത് ക്രിയാലോപമാകും എന്ന് കരുതി ആരോ ആ ദർഭ എടുത്തുമാറ്റി. അതറിയാതെ പെരുമാൾ പൂജകൾ നടത്തിക്കൊണ്ടിരുന്നു. ശക്തിപൂജ കഴിഞ്ഞ് പെരുമാൾ ദർഭ ബിംബത്തിൽ ബന്ധിച്ചിട്ടുണ്ടോ എന്നറിയാൻ സാവധാനം ഒന്ന് വലിച്ചു നോക്കി. ദർഭ പുറത്തേക്ക് പോന്നു. ഉടനെ പെരുമാൾ എല്ലാവരോടുമായി ഇങ്ങനെ പറഞ്ഞു. ഇവിടുത്തെ ദേവനെക്കാൾ ശക്തി ഓവുതാങ്ങിയായ ഈ ഭൂതത്തിനായിരിക്കും. രാജാവ്, താൻ കബളിപ്പിക്കപ്പെട്ടതിൽ ദുഃഖിതനായി. തെറ്റുകൾക്ക് വാൾ തുമ്പിനാൽ ശിക്ഷ നൽകുന്ന രാജാധികാരം കയ്യിലുണ്ടായിട്ടും ശിവയോഗിയായ അദ്ദേഹം തനിക്കുണ്ടായ തിക്താനുഭവത്തിന്റെ സങ്കടങ്ങളും തന്റെ കർമ്മങ്ങളും ഓവുതാങ്ങിയിൽ സമർപ്പിച്ച്, ഭൂതത്തെ മാത്രം നമസ്കരിച്ച്, നിശബ്ദനായി അവിടം വിട്ടുപോയി. രാജാവ് വസിച്ചിരുന്ന കൊട്ടാരവും പണികഴിപ്പിച്ച ക്ഷേത്രവും ദുഃഖത്തോടെ ഉപേക്ഷിച്ചുപോയ രാജാവിന്റെ പിന്നാലെ ചെന്ന് ബ്രാഹ്മണർ മാപ്പപേക്ഷിച്ച്ക്ഷേത്രത്തിലെ നിത്യനിദാനത്തിനുള്ള സഹായം അഭ്യർത്ഥിച്ചു. ശിവയോഗിയായിരുന്ന പെരുമാളിന്റെ പൂജാകർമ്മങ്ങളുടെ ഫലം ഓവൂതാങ്ങിയിൽ ശിവഭൂതമായി പുനർജനിച്ചു. ക്ഷിപ്രകോപിയും ക്ഷിപ്രപ്രസാദിയുമായ കുട്ടിത്തമുള്ള ശിവപാർഷദനായാണ് ഉണ്ണി ഭൂതത്തെ ആരാധിക്കുന്നത്. ശൈവ സങ്കല്പത്തിലാണ് പൂജകൾ നടത്തപ്പെടുന്നത്. കോലഞ്ചേരിക്കടുത്ത് എഴുപ്പുറം എന്ന സ്ഥലത്തുവച്ചായിരുന്നു ബ്രാഹ്മണർ സഹായത്തിനായി പിന്നാലെ മാപ്പപേക്ഷിച്ചെത്തിയത് . രാജാവ് തന്റെ ഓലക്കുട അവിടെ നിലത്ത് കുത്തിനിറുത്തി. ഇതിനപ്പുറമുള്ളതെല്ലാം എടുത്തുകൊള്ളുവാൻ കല്പിച്ചു. എഴുപ്പുറത്തെ "കുടകുത്തിപ്പാടം" എന്ന സ്ഥലം ഈ സംഭവത്തിന്റെ സ്മരണ നിലനിർത്തുന്നു. എഴുപ്പുറം ദേശക്കാർ ഇന്നും ക്ഷേത്രവുമായി അടുത്ത ബന്ധം പുലർത്തുന്നുമുണ്ട്.

ക്ഷേത്രമതിൽക്കകത്ത് തെക്ക്പടിഞ്ഞാറു മൂലയിൽ കുവളത്തുംമുട്ടിൽ ഭഗവതിയുടെ സ്ഥാനമാണ്. ഇത് പുരാതനകാലത്തെ അമ്മദേവതാരാധനയുടെ ആദിരൂപമായി കാണുന്നു. ഭദ്രകാളി, ശാസ്താവ്, രക്ഷസ്സ് എന്നീ സങ്കൽപ്പങ്ങളും ഉണ്ട്. ഭഗവതി സ്ഥാനത്തിന്

(ശേഷം 38–ാം പേജിൽ)

# നമഃശിവായ

ഡോ. കെ. ഹരിഹരൻ – 9847313322

(തുടർച്ച.....)

ഭഗവദ്വിഷയകമായ ചിത്തവൃത്തി സമ്പാദനമാണ് ഭഗവദ്സമ്മുഖത. ഭഗവദ്വിഷയക ചിത്തവൃത്തി രാഹിത്യമാണ് ഭഗവദ്വിമുഖത. വ്യാപകവസ്തുവിലും അവ്യാപക വസ്തുവിലും ഈ ലക്ഷണം തുല്യമാണ്. നിങ്ങൾ എന്തിനെ സ്മരിച്ചാലും, അത് നിങ്ങൾക്ക് സമ്മുഖമായി കാണാം. എന്തിനെയെങ്കിലും മറക്കുകയാണെങ്കിൽ അത് നിങ്ങൾക്ക് സമ്മുഖമാണെങ്കിൽക്കൂടി വിമുഖം തന്നെയാണ്. ഭഗവത് ഭക്തൻ മിക്കവാറും സമ്മുഖൻ തന്നെയാണ്. മിക്കവാറും എന്ന് പറയാൻ കാരണം, ഭഗവത് സ്വരൂപജ്ഞാനം ശരിയായതല്ലെങ്കിൽ ഭഗവത് ഭക്തനിലും ഭഗവാൻ വിമുഖൻ തന്നെ ആയിരിക്കും. ഇതുപോലെ ഭഗവദ് വിസ്മരണവും മിക്കവാറും ഭഗവത് വിമുഖതയാണ്. ഭഗവത്സ്മരണ ചെയ്യുന്നവനും ചിലപ്പോൾ മറ്റുകാര്യങ്ങളിൽ ഏർപ്പെടുന്നതുകൊണ്ട് ഭഗവാനെ മറന്നുപോകാറുണ്ട്. ആ ഒറ്റകാര്യം കൊണ്ട് അവർ ഭഗവദ് വിമുഖരെന്ന് കണക്കാക്കാൻ വയ്യ. എന്നാൽ ഉൽക്കടമായ ഭഗവത് സംസ്കാരമുണ്ടാകുകയാണെങ്കിൽ അവിടെ ഭഗവത് സമ്മുഖത തന്നെയുണ്ടാകും. ഉജ്ജ്വല സംസ്കാരവുമില്ല, ഭഗവാനെ മറന്നും പോയാൽ അത് ഭഗവദ്വിമുഖതയാണ്. ഭഗവാന്റെ സ്മരണയും സംസ്കാരസ്മരണയുണ്ടാകാനുള്ള തയാറെടുപ്പിലുമാണെങ്കിൽ അത് വാസ്തവികിമായ സമ്മുഖതയാണ്, സമ്പത്താണ്.

ആദ്യം പറഞ്ഞ മൂന്ന് അവസ്ഥകളും വിപത്താണ്, ഭഗവദ് വിമുഖതയാണ്. ശേഷമുള്ള നാലവസ്ഥകളും സമ്പത്താണ്, ഭഗവദ് സമ്മുഖതയാണ്:- പരോക്ഷജ്ഞാനം, അപരോക്ഷ ജ്ഞാനം, ശോകനിവൃത്തി, നിരങ്കുശ തൃപ്തി എന്നിവയാണവ. 'ബ്രഹ്മം ഉണ്ട്' ഇത്രയും കേൾക്കുകയും അറിയുകയും ചെയ്യുന്നതല്ല പരോക്ഷജ്ഞാനം, എന്തെന്നാൽ ഈ പരോക്ഷജ്ഞാനം സ്ഥായിയാകില്ല. ഒന്നുരണ്ടു തവണ കേട്ട്, പിന്നെ കുറച്ചു ദിവസമോ, മാസമോ കേട്ടില്ലെങ്കിൽ മറന്നു പോകും. മറന്നുപോകുന്ന ജ്ഞാനമല്ല, ഇവിടെ ഉദ്ദേശിക്കുന്നത്. ആ ജ്ഞാനം സ്ഥായിയായ ഒരു അവസ്ഥയെ ഉണ്ടാക്കുന്നതല്ല. അസംഭവനാരഹിതമായ സ്ഥായിജ്ഞാനമാണ് പരോക്ഷജ്ഞാനാവസ്ഥ. സ്ഥായീജ്ഞാനമുണ്ടാകാൻ അദൃഷ്ടാദികളും സഹകാരികളായിരിക്കും. ശാസ്ത്രവിധിപ്രകാരം ഗുരുക്കന്മാരുടെ അടുത്തുചെന്ന് ശ്രവണം ചെയ്താൽ ലഭിക്കുന്ന ജ്ഞാനമാണ് പരോക്ഷജ്ഞാനാവസ്ഥ. യജ്ഞം, തപസ്സ്, ദാനം ആദിയായ സത്കർമ്മജന്യമായ പുണ്യസഞ്ചയമുണ്ടായിട്ട് ഗുരൂപാസനാപൂർവകമായി ഗുരുവിനെ സമീപിച്ച് ഉപദേശഗ്രഹണം ചെയ്താൽ മാത്രമെ ഈ വിധി പൂർണ്ണമാകൂ. അതിൽനിന്നും എന്ത് അദൃഷ്ടമാണോ ഉണ്ടാകുന്നത്, അതാണ് സ്ഥായീജ്ഞാനം ഉൽപ്പന്നമാകാൻ സഹായകമാകുന്നത്.

'ശൗനകോ ഹ വൈ മഹാശാല: അംഗീരസം വിധിവരൂപസാന്ന പപ്രച്ഛ' എന്ന് മുണ്ഡകത്തിൽ പറയുന്നു. മഹാശാല: എന്നതിന് മഹാഗൃഹസ്ഥ എന്നാണ് വ്യാഖ്യാനം. ജീവിതകാലം മുഴുവൻ ഗൃഹസ്ഥനായി കഴിയുന്നവനല്ല മഹാഗൃഹസ്ഥൻ. ഒന്നിലധികം ഭാര്യമാരെ പോറ്റുന്നവനുമല്ല മഹാഗ്രഹസ്ഥൻ. ആർക്കാണോ മഹത്വപൂർണ്ണമായ ശാലകൾ ഉള്ളത്, അവരാണ് മഹാശാലന്മാർ. യജ്ഞശാല, അഗ്നിശാല തുടങ്ങിയവയാണ് മഹത്വപൂർണ്ണമായ ശാലകൾ. ഇവയുണ്ടെങ്കിൽ 'തമേതം വേദാനുവചനേനയ

ജ്ഞേന' എന്ന അംശം പൂർണ്ണമാകും. യജ്ഞത്തിന് യജ്ഞശാല വേണം. വേദാദ്ധ്യായനത്തിനും അദ്ധ്യാപനത്തിനും പാഠശാല വേണം. ശാലയുണ്ടാക്കി വാതിലുമടച്ച് താഴിട്ടു പൂട്ടിയാൽ അത് ശാലയാവില്ല. അവിടെ കർമ്മങ്ങൾ നടക്കണം. അതിൽനിന്ന് അദൃഷ്ടം രൂപപ്പെട്ടുവന്ന് ചിത്തം പവിത്രമായാലേ വിവിദിഷയും വിദ്യയുമുണ്ടാകു. മഹാശാല ശബ്ദങ്ങൾക്ക് സന്യാസി എന്ന് അർത്ഥമെടുക്കാം.

ഇപ്രകാരം ശ്രവണം കൊണ്ടും മനനത്താലും പ്രാപിച്ച ദൃഷ്ടമായ പരോക്ഷജ്ഞാനവും, അതുപോലെ നിദിധ്യാസനവും ചെയ്തിട്ടുണ്ടെങ്കിൽ ആദ്യം പരോക്ഷവും പിന്നീട് അപരോക്ഷജ്ഞാനവും ലഭിക്കും. അതിന്റെ പരിണിതഫലമായ ശോകനിവൃത്തിയെ കുറിച്ച് പറയാം. അതിനെതന്നെയാണ് ധന്വന്തരി പദത്താൽ പറഞ്ഞത്. ധനുവിൽ നിന്ന് ധനുജന്യമായ പീഡ ഉപസ്ഥിതമാകും. അതിന്റെ ഉപലക്ഷണമാണ് സാമാന്യ പീഡ. സംസാരപീഡ തന്നെയാണ് ധനു. ആ ധനുവിന് ഒരന്ത്യമുണ്ടാകുകയെന്നാൽ ശോകനിവൃത്തിയാണ് - ഇത് തന്നെയാണ് പതിന്നാലു രത്നങ്ങളിലും വെച്ച് ഉപാന്ത്യ (അവസാനത്തേതിന് തൊട്ടുമുമ്പുള്ളത്) രത്നം.

സമുദ്രമന്ഥനത്തെ സദാ ഓർമ്മിപ്പിച്ചു കൊണ്ടിരിക്കുന്നു. ആ മന്ഥനത്തിൽ നിന്നാണ് പതിന്നാലുരത്നങ്ങളും പ്രകടമായത്. അവയിൽ അവസാനം പ്രകടമായ രത്നമാണ് അമൃത്. സമുദ്രമന്ഥനത്തിന്റെ പരമലക്ഷ്യവും അതുതന്നെയായിരുന്നു. ഇതിന്റെ അവ്യ വഹിതമായ പൂർവ്വരൂപമായിട്ടാണ് ധന്വന്തരി വന്നത്. ഇവരണ്ടും ഒരുമിച്ചാണ് പ്രകടമായതെന്ന് പറയാമെങ്കിലും, ധന്വന്തരിയുടെ ശിരസ്സാണ് ആദ്യം ഉയർന്നു വന്നത്. ആ മുഖത്തുനിന്നാണ് ആയൂർവേദശാസ്ത്രമുണ്ടായത്. അതിനുശേഷം കൈകളിൽ അമൃതകലശം ഉയർന്നുവന്നു. ശിരസ്സ് ആദ്യം പ്രകടമായി എന്ന് സാരം. കൈതുടങ്ങിയവ പിന്നീടും. ഈ കാര്യം സ്പഷ്ടമാക്കാനായി ഏഴവസ്ഥകളേയും സംക്ഷേപമായി ഒന്നുകൂടി നോക്കാം. ഹലാഹലത്തെയാണ് ഇനി കൂടുതൽ മനസ്സിലാക്കാനുള്ളത്.

ഹവിർധാനിയാണ് ആദ്യം വന്നത്. പൂർവ്വകൃതകർമ്മങ്ങളാണ് ആദ്യം ഉണർന്നു വരുന്നത്, അതിനോടൊപ്പം അല്ലെങ്കിൽ അതിനുശേഷം ഉപാസനാത്മകമായ വാസന. അതിനെ ഉദ്ബുദ്ധമാക്കുന്നതിന്റെ ഉത്തരവാദിത്വം കർമ്മത്തിന്റേതാണ്. കർമ്മത്താലും വാസനയാലുമാണ് ജന്മമുണ്ടാവുന്നത്. വാസനയുടെ ഉത്ബോധനത്തിൽ കർമ്മം കാരണവുമാകുന്നു. വാരുണിയും അപ്സരസ്സും ഇവയുടെ അന്തർഭാവികളാണെന്ന് വ്യാഖ്യാനത്തിൽ പറഞ്ഞു. 'അജ്ഞാനമാവരണമുദ്ധതവിക്ഷിപത്വം' എന്നത് ഈ മൂന്നവസ്ഥകളിലും വരുന്നുണ്ട്. ഹവിർധാനിയിൽ നിന്നും ലഭിച്ച സത്കർമ്മവും ഉപലക്ഷിതമായ അത്യകർമ്മങ്ങളും വരെയുള്ള, ആ സമയത്തിന്റെ വർണ്ണന ഋഗ്വേദത്തിലെ നാസദീയ സൂക്തത്തിൽ വന്നിട്ടുണ്ട്. സത്സംഗരൂപിയായ ഐരാവതത്തിൽ നിന്നാണ് പരോക്ഷജ്ഞാനം ആരംഭിക്കുന്നത്. സത്സംഗം മുതൽ മുമുക്ഷുത വരെ പാരിജാതം, അതിൽ നിന്നുമൊരു അനൗപചാരികമായ പരോക്ഷജ്ഞാനമുണ്ടാകും. ഒന്ന്, ഔപചാരികമായ പരോക്ഷജ്ഞാനം, രണ്ടാമത്തേത് അനൗപചാരിക പരോക്ഷജ്ഞാനം, സത്സംഗത്താൽ വിവേകജ്ഞാനമുണ്ടാകുന്നു. വിവേകം ഒരു പ്രകാരത്തിലുള്ള പരോക്ഷജ്ഞാനമാണ്. സത്യാസത്യവിവേകം അല്ലെങ്കിൽ നിത്യാനിത്യ വിവേകം സത്സംഗത്തിൽ നിന്നും ലഭിക്കുന്നതാണ്. പരമാത്മാവുമാത്രമാണ് ശാശ്വത നിത്യമായുള്ളത്. പ്രപഞ്ചം ക്ഷണഭംഗുരമാണ്, അനിത്യമാണ്.

'തദ്യഥേഹകർമ്മചിതോ ലോക: ക്ഷീയതേ ഏവമേവാമുത്ര പുണ്യചിതോ ലോക: ക്ഷീയതേ' എന്ന് ശ്രുതി വചനം രണ്ടുതരം ലോകമുണ്ട്. ഇഹലോകവും പരലോകവും. ഇഹലോകം കർമ്മചിതമാണ്. പരലോകം പു

ണ്യചിതവും. കർമ്മചിതമായ ധന-ധാന്യാദികൾ അതിത്യ പ്രത്യക്ഷമാണ്. പുണ്യചിതമായ സ്വർഗ്ഗാദി ലോകങ്ങൾ അനുമാനത്താലും ശ്രുതിയാലും അനിത്യമെന്ന് സിദ്ധമാണ്. അൽപം ഉയർന്ന തലത്തിലുള്ള പരോക്ഷജ്ഞാനമാണ് സത്യാസത്യവിവേകം. സത്യം ഏക ബ്രഹ്മ മാണ്. ജഗത്ത് മിഥ്യയാകുന്നു - ഇതാണ് സത്യാസത്യവിവേകം. ഇത് മനസ്സിലാക്കിയാൽ പെട്ടെന്ന് വൈരാഗ്യമുണ്ടാകും. ശ്മശാനത്തിലെത്തിയാൽ മനസ്സിന് വിലക്ഷണമായ ഒരു സമ്മർദ്ദമുണ്ടാകും, അതിൽ നിന്നും ഇതെല്ലാം മിഥ്യയാണെന്ന തോന്നലിന് വിധേയനാകും, അതല്ലെങ്കിൽ ദുഃഖത്തിലാണ്ടുപോകും. സത്സംഗം ചെയ്യുന്നവന് ജഗത്ത് മിഥ്യയായി കാണപ്പെടും. വിരഹിക്ക് ജഗത്ത് സാരമില്ലാത്തതായി കാണപ്പെടും. പ്രിയ വിയോഗത്തിൽ ഇത് വ്യക്തമാകുകയും ചെയ്യും. പ്രേമാസ്പദം എപ്പോൾ വരെ അരികിലുണ്ടോ അപ്പോൾ വരെ പ്രേമം മരുഭുമിയേയും പച്ചപ്പുള്ളതാക്കും. വനത്തിലേക്ക് പോകുമ്പോൾ കൂടെ വരേണ്ട എന്ന് പറഞ്ഞപ്പോൾ, സീതാദേവി പറഞ്ഞു:- അങ്ങില്ലാത്ത ഈ അയോദ്ധ്യ എനിക്ക് വനമാകും. പുഷ്പശയ്യ മുള്ളുകളാകും. എല്ലാ സുഖങ്ങളും ക്ലേശരൂപം തന്നെയാകും. അങ്ങയോടുകൂടെയാണെങ്കിലോ എല്ലാം വിപരീതവും. അതായത് വനം, അയോദ്ധ്യയാകും മുള്ളുകൾ പുഷ്പശയ്യയാകും, ക്ലേശങ്ങൾ സുഖങ്ങളുമാകും. ഇത് കുറച്ചു കാലത്തെ വിയോഗത്തിന്റെ കാര്യമാണ്. എന്നാൽ മരണമാകട്ടെ, അത് ദീർഘകാല വിയോഗമാണ്. അതിൽ ഈ പൂർണ്ണജഗത്ത് തുച്ഛമായും ശൂന്യം മാത്രവുമായും കാണപ്പെടും. സത്സംഗത്തിൽ ഇതിന്റെ പ്രതിപാദനം ഉത്തേജകമാകും. വിവേകത്തിൽ നിന്ന് വൈരാഗ്യം. വൈരാഗ്യത്തിൽ നിന്ന് ശമാദികൾ. ശമാദികളിൽ നിന്ന് മുമുക്ഷുത്വം. ഇങ്ങനെ ഒന്നിന് പുറകെ ഒന്നായി കണ്ണികൾ. ഇതെല്ലം അറിഞ്ഞാൽ ഈ സംസാര ജീവിതം അസഹ്യമായി തോന്നും. മുള്ളുകൾക്കിടയിൽ ജീവിക്കുന്നതിന് തുല്യമാകും. അപ്പോൾ എല്ലാം ഉപേക്ഷിച്ച് സദ്ഗുരുവിനെ ശരണം പ്രാപിക്കും. വിധിവത്ത് ഉപസന്നനായി ആത്മനിവേദനം ചെയ്യും. അപ്പോൾ പരോക്ഷജ്ഞാനത്തിന്റെ തുടക്കം കുറിക്കും. ഉച്ചകോടിയിലുള്ള ശാസ്താവും (ഗുരു) ഉച്ചകോടിയിലുള്ള ശിഷ്യനും, ഉച്ചകോടിയിലുള്ള ശാസ്ത്രപഠനവും ഉണ്ടായാൽ ആദ്യ പരോക്ഷജ്ഞാനം ഉണ്ടാകുമെന്നാണ് 'ജ്ഞാനപരോക്ഷം' എന്നതുകൊണ്ട് സൂചിപ്പിക്കുന്നത്. വിവേകാദികൾ കൊണ്ട് ഭഗവദുൻമുഖത ആരംഭിക്കും. പരോക്ഷജ്ഞാനത്തിൽ ശ്രവണവും മനനവുമുണ്ട്. സമ്യക്മനനത്തിലൂടെ ഉച്ചൈഃശ്രവണവും സമ്പന്നമാകും. മനനമില്ലാതെ ചെയ്യുന്ന ശ്രവണം അശ്രവണത്തിനു തുല്യമാണ്. കുട്ടികൾക്ക് ഗൃഹപാഠം കൊടുക്കുന്നതിനു തുല്യമാണ് മനനം.

നിദിദ്ധ്യാസനത്താൽ അപരോക്ഷജ്ഞാനം ആരംഭിക്കുന്നു. നിദിദ്ധ്യാസന ശബ്ദത്തിന്റെ അർത്ഥം തന്നെ അപരോക്ഷതയെ സൂചിപ്പിക്കുന്നതാണ് 'നി' ഉപസർഗ്ഗം 'ധ്യാ' ധാതു. പശ്യതി, വീക്ഷതെ എന്നതിന് സമാനമായ അർത്ഥമാണ് നിധ്യായതി എന്ന ശബ്ദത്തിനുള്ളത്. ജ്ഞാനത്തിനുള്ള ഇച്ഛ 'ജിജ്ഞാസ' മോക്ഷത്തിനുള്ള ഇച്ഛ 'മുമുക്ഷാ' എന്നിങ്ങനെയാണ് 'ജ്ഞ' രണ്ടായിട്ട്(ദിത്വം) ജിജ്ഞാസ എന്നാവും, ധ്യാ എന്നതിന് ദിത്വം വന്നു 'ദിധ്യാസാ', 'ദിധ്യാസനം' എന്നാവും ആദ്യം 'നി' ഉപസർഗ്ഗം ചേർത്താൽ നിദിധ്യാസനം എന്നാവും. ഋജുവായ അർത്ഥം ദർശനേച്ഛ എന്നാണ്. എന്നാൽ ഇച്ഛയുണ്ടായിട്ട് വെറുതെയിരുന്നിട്ടും കാര്യമില്ല സാധന ചെയ്യണം. ദർശനം തന്നെയാണ് അപരോക്ഷജ്ഞാനം. അപരോക്ഷജ്ഞാനത്തിന് വേണ്ടിത്തന്നെയാണ് കൗസ്തുഭം വരുന്നത്. അത് പ്രത്യക്ഷ പ്രകാശരൂപമാണ്. വിഗ്രഹത്തിൽ ഭഗവാനെ കാണുംപോലെ, സർവ്വം ബ്രഹ്മം എന്നതിൽ എല്ലാം കാണുന്നു. ഒപ്പം ബ്രഹ്മത്തേയും കാണുന്നു. 'വാസുദേവ: സർവ്വം' എന്ന് ഗീതയും പറയുന്നു.

(തുടരും.....)

# അതിതീവ്രകാലാവസ്ഥാ മാറ്റങ്ങളും തകർന്നടിയുന്ന സമ്പദ്‌വ്യവസ്ഥകളും

എൻ. രാജശേഖരൻ - 9895550719

(തുടർച്ച.....)

**അടിസ്ഥാന സൗകര്യവികസനം**

കാലാവസ്ഥയിൽ ഇപ്പോൾ തന്നെ ഉണ്ടായികൊണ്ടിരിക്കുന്നതും, അതിതീവ്രതയോടെ ഉണ്ടാകാൻ പോകുന്നതുമായ കാലാവസ്ഥാ മാറ്റങ്ങളാൽ റോഡുകൾ താറുമാറാകുന്നതിനും, പാലങ്ങളുടെ തകർച്ചക്കും, റയിൽവേ മേഖലയിലുണ്ടാകുന്ന തകർച്ചകൾ എന്നിവക്ക് ഇടവരുത്തുന്നതാണ്. ഇപ്രകാരമുണ്ടാകുന്ന ദുരന്തങ്ങൾ മാറ്റിവക്കാവുന്നതല്ല. അതിനാൽ, അപ്രതീക്ഷിതവും എന്നാൽ ഉടൻതന്നെ ശരിയാക്കേണ്ടതുമായ അടിസ്ഥാന സൗകര്യവികസനത്തിന് കൂടുതൽ നിക്ഷേപം ആവശ്യമായി വരുന്നതാണ്. 2030-ൽ തന്നെ ആഭ്യന്തരവരുമാനത്തിന്റെ 2.5 ശതമാനം തുക അടിസ്ഥാന സൗകര്യ വികസനത്തിന് വേണ്ടി വരുന്നതാണ്.

**വ്യവസായ മേഖല**

വ്യവസായ മേഖലയിലും, ഹരിതഗൃഹവാതകങ്ങളുടെ ഉപയോഗം അവസാനിപ്പിക്കുന്നതിനാൽ കൂടുതൽ ഹരിത ഊർജ്ജം ഉൽപ്പാദിപ്പിക്കുന്നതിന് വലിയൊരു തുക ആവശ്യമായി വരും. ഇത് ഉൽപ്പാദനച്ചിലവ് വർദ്ധിക്കുന്നതിനും ലാഭ വിഹിതം കുറയുന്നതിനുമാണ് ഇടയാക്കുക. തൊഴിൽ ദിനങ്ങളിൽ കുറവുണ്ടാകുന്നതിനും, ആത്യന്തികമായി തൊഴിലില്ലായ്മ വർദ്ധിക്കുന്നതിനുമിടയാക്കും.

ജർമ്മനിയും, ജപ്പാനും പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളിൽ നിന്ന് മാലിന്യമുക്ത ഊർജ്ജസ്രോതസ്സുകളിലേക്ക് മാറിക്കഴിഞ്ഞു. യു.കെയും, യൂറോപ്യൻ രാജ്യങ്ങളുമടക്കം ഇതര വൻകിട രാജ്യങ്ങളുമെല്ലാം ഈ വഴിക്കു തിരിഞ്ഞു കഴിഞ്ഞു. ഇന്ത്യയും സൗരോർജ്ജം ഉപയോഗപ്പെടുത്തുന്ന വികസ്വരരീതിയിലേക്ക് മാറിക്കഴിഞ്ഞു. ഇന്ത്യ 200000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജം ഉപയോഗിച്ച്. ഉൽപ്പാദിപ്പിക്കാനാണ് തീരുമാനിച്ചിരിക്കുന്നത്. പാരമ്പര്യേതര ഊർജ്ജസ്രോതസ്സുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദിപ്പിക്കുവാനുള്ള ചിലവ് വളരെ കൂടുതലാണ്. കൽക്കരിയുടെതുമായി താരതമ്യം ചെയ്താൽ അഞ്ചിരട്ടി കൂടുതൽ വേണ്ടിവരും, ജർമ്മനി, സൗദിഅറേബ്യ എന്നീ രാജ്യങ്ങൾക്ക് സൗരോർജ്ജ സങ്കേതങ്ങൾ (Solar Photo Voltaic Cells) ഉപയോഗിച്ച് ഹൈഡ്രജൻ ഉൽപ്പാദിപ്പിക്കുന്ന നിലയങ്ങൾ ഉണ്ട്.

ഓരോ വർഷവും വിവിധ മേഖലകളിലേക്ക് വേണ്ടിവരുന്ന വൻനിക്ഷേപം സമാഹരിക്കുന്നതിനുള്ള മാർഗ്ഗം ആലോചിച്ച് കണ്ടെത്തേണ്ടിയിരിക്കുന്നു. കൂടുതൽ കൂടുതൽ കാലാവസ്ഥ ദുരന്തങ്ങൾ ദിനംപ്രതിയെന്നോണം എത്തവേ, കൂടുതൽ മേഖലകളിൽ നിന്ന് കൂടുതൽ തുക ആവശ്യപ്പെട്ടുകൊണ്ടിരിക്കെ, അഭയാർത്ഥികളുടെ എണ്ണം പെരുകുകയും ചെയ്യവേ ഗവണ്മെന്റുകൾക്ക് ഒന്നും ചെയ്യാനാവാതെ നട്ടം തിരിയുന്ന അവസ്ഥ സംജാതമാകുക തന്നെ ചെയ്യും.

**അതിരൂക്ഷമായ ഭക്ഷ്യക്ഷാമം**

2100 ആകുമ്പോഴേക്കും ലോകജനസംഖ്യ ഇപ്പോഴുള്ളതിനേക്കാൾ 40 ശതമാനമാണ് വർദ്ധിക്കുക. അപ്പോൾ, അത്രയും പേർക്ക് കുടി ഭക്ഷ്യവസ്തുക്കൾ കരുതേണ്ടിയിരിക്കുന്നു. 2050-ഓടെ വികസ്വര രാജ്യങ്ങൾ ഇപ്പോഴത്തെതിൽ നിന്ന് 100 ശതമാനവും, വികസിത രാജ്യങ്ങൾ 70 ശതമാനവും ഭക്ഷ്യോല്പാദനം വർദ്ധിപ്പിച്ചാൽ മാത്രമേ ഇത്രയധികം പേർക്ക്

➠

ഭക്ഷണം നൽകാൻ കഴിയു എന്നാണ് ഐക്യ രാഷ്ട്രസഭ ഈയിടെ പ്രസിദ്ധികരിച്ച റിപ്പോർട്ടിൽ പറയുന്നത്. 900 കോടി ജനങ്ങൾക്കുള്ള ഭക്ഷ്യവസ്തുക്കൾ ഉൽപ്പാദിപ്പിക്കുക എന്നത് സാദ്ധ്യമാണോ എന്നും ചിന്തിക്കേണ്ടതുണ്ട്. വരൾച്ചയെ ചെറുക്കാൻ കഴിയുന്ന പുതിയ ഇനം ഗോതമ്പ് ഇനങ്ങളും, നെല്ലിനങ്ങളും വികസിപ്പിക്കാനുള്ള തീവ്രശ്രമത്തിലേർപ്പെട്ട് കഴിഞ്ഞിരിക്കുന്നു. അന്താരാഷ്ട്ര ഗവേഷണ സ്ഥാപനങ്ങളും, ശാസ്ത്രജ്ഞരും (International Food Policy Research Institute)

## ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ മികച്ച സ്ഥിതിയിൽ തന്നെയാണെന്ന് ലോക പ്രശസ്ത സാമ്പത്തിക ഏജൻസിയയായ മൂഡീസ് വ്യക്തമാക്കിയിരിക്കുന്നു. ഇന്ത്യയുടെ ഇനി വരാൻ പോകുന്ന സമയത്തും പണപ്പെരുപ്പം കുറഞ്ഞു വരുന്നതിനോടൊപ്പം ശക്തമായ വളർച്ചയും കൂടിച്ചേർന്നതായി അവർ പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നുണ്ട്, ഇന്ത്യയുടെ മൊത്തം ആഭ്യന്തര ഉൽപ്പാദനം (GDP) 2024-ൽ 7.2 ശതമാനവും, 2025-ൽ 6.6 ശതമാനവും, 2026-ൽ 6.5 ശതമാനവും വളരുമെന്നും റേറ്റിംങ് ഏജൻസി പ്രവചിച്ചിരിക്കുന്നു.

ഉത്സവസീസണുകളിലെ വാങ്ങലുകളും കാർഷിക മേഖല തിരിച്ചുവരുമ്പോൾ ഉണ്ടാകുന്ന വർദ്ധിച്ചു വരുന്ന ഗ്രാമീണ ഡിമാന്റും കുടി ചേർന്ന് ഗാർഹിക ചിലവഴിക്കൽ ശക്തമായി തന്നെ തുടരുമെന്ന് റിപ്പോർട്ട് പറയുന്നുണ്ട്. ജി.ഡി.പി. യെ ബാധിക്കുന്ന പ്രധാനഘടകങ്ങളിലൊന്നായ സ്വകാര്യ നിക്ഷേപം, ശക്തമായ ബിസിനസ്സ് വികാരം, ഗവണ്മെന്റിന്റെ നിലവിലുള്ള അടിസ്ഥാന സൗകര്യ നിക്ഷേപങ്ങൾ എന്നിവയെല്ലാം ശക്തമായ പിന്തുണയേകുന്നുണ്ട്. കൂടാതെ ആരോഗ്യകരമായ കോർപ്പറേറ്റ് ബാങ്ക് ബാലൻസ് ഷീറ്റുകൾ, സുസ്ഥിരമായ സ്ഥാനം ശക്തമായ വിദേശനാണ്യ ശേഖരം എന്നിവയല്ലാം ഇന്ത്യയെ കുറിച്ചുള്ള കാഴ്ചപ്പാടിന് മുതൽ കുട്ടാകുന്നതുമാണ്.

## സ്വർണ്ണ നിക്ഷേപം

വേൾഡ് ഗോൾഡ് കൗൺസിലിന്റെ കണക്കുകൾ പ്രകാരം ഏറ്റവും കൂടുതൽ സ്വർണ്ണം വാങ്ങിയ രാജ്യം ഇന്ത്യയാണ്.

ഇനി മറ്റു മേഖലയിലായാലും ഇന്ത്യ വളർച്ചയുടെ പാതയിലാണ്. 2009-ൽ ഇന്ത്യയിൽ 25 ശതമാനം കുറവ് മഴയെ ലഭിച്ചുള്ളുയെങ്കിലും കാർഷികോൽപ്പാദനത്തിൽ ഇന്ത്യക്ക് രണ്ടാം സ്ഥാനമുണ്ട്, എന്നാൽ താപവർദ്ധനവിന്റെ ഫലമായി കാർഷികോൽപ്പാദനത്തിൽ 30 ശതമാനം വരെ കുറവുണ്ടായേക്കാം ഇന്ത്യയിലെ ഗ്രാമങ്ങളിൽ ഏതാണ്ട് മുഴുവൻ പേരും മഴയെ ആശ്രയിച്ചു മാത്രം കൃഷി ചെയ്യുന്നവരാണ് ഈ അതിതീവ്ര കാലാവസ്ഥയുടെ മധ്യത്തിൽ ഇത്തരം നേട്ടങ്ങൾ എങ്ങനെ നിറവേറ്റപ്പെടാൻ കഴിയുമെന്ന് പ്രവചിക്കാൻ കഴിയില്ലല്ലോ?

ഗോതമ്പ്, അരി പഞ്ചസാര, പരുത്തി, സിൽക്ക് , കടല എന്നിവയുടെ ഉൽപ്പാദനത്തിലും ഇന്ത്യക്ക് രണ്ടാം സ്ഥാനമാണുള്ളത്. പഴവർഗ്ഗങ്ങളുടെ കാര്യത്തിൽ പോലും ഇന്ത്യ മുൻപന്തിയിലാണ്. സിൽക്കിന്റെ കാര്യത്തിലും ഒന്നാം സ്ഥാനത്താണ്. വസ്ത്രനിർമ്മാണ രംഗത്താകട്ടെ, ഏറ്റവുമധികം പേർക്ക് തൊഴിൽ നൽകുന്ന മഹത്തായ പ്രസ്ഥാനമാണ് ഇത്. അരി ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ആഗോളാടിസ്ഥാനത്തിൽ രണ്ടാം സ്ഥാനമാണ് ഇന്ത്യക്കുള്ളത്. ഹരിത വിപ്ലവത്തിന് ശേഷമുണ്ടായ അത്യുൽപ്പാദനത്തിനു ശേഷം കഴിഞ്ഞ രണ്ടുമൂന്ന് പതിറ്റാണ്ടിനിടെ ആദ്യമായി ഉണ്ടാകുന്ന ഭക്ഷ്യകമ്മിയാകാം ഇപ്രാവശ്യം. കൃഷിയിടങ്ങളും വിളകളുമെല്ലാം നശിപ്പിക്കുന്ന പ്രകൃതിയുടെ മാറ്റങ്ങൾ ദുരന്തങ്ങൾക്കിടവരുത്തും.

എന്നാൽ, ദരിദ്രജനവിഭാഗങ്ങൾക്ക് അവരുടെ അടിസ്ഥാനാവശ്യങ്ങൾ നിറവേറ്റാൻ ഇപ്പോഴും കഴിയുന്നില്ല എന്നത് ഒരു വസ്തുതയാണ്. ജനസംഖ്യാവർദ്ധനവും, കാലാവസ്ഥാമാറ്റങ്ങളുമെല്ലാം ഇതിന്റെ കരണങ്ങളാകാം.

എല്ലാ മേഖലകളിലും വളർച്ചയുടെ പാതയിൽ തന്നെയാണ് ഇന്ത്യയെങ്കിലും ആസന്നമായ ആഗോളതാപനത്തിന്റെയും അതിതീവ്ര കാലാവസ്ഥാമാറ്റങ്ങളുടെയും മധ്യത്തിൽ ഈ വളർച്ച നിലനിർത്തുവാൻ കഴിയുമോ എന്നത് ഒരു വലിയ ചോദ്യ ചിഹ്നമായി അവശേഷിക്കുകയാണ്.

**തകരുന്ന കർഷിക മേഖല**

കാർഷിക മേഖലയെ ഒന്നാകെ തന്നെ നാശം വരുത്തികൊണ്ടിരിക്കുകയാണ് ആഗോള താപനം. നെല്ല് ഉൽപ്പാദിപ്പിക്കുന്ന ലോക രാജ്യങ്ങളിൽ ചൈനയും, ഇന്ത്യയുമാണ് മുഖ്യ സ്ഥാനത്തുള്ളത്. ഇന്ത്യയിൽ നെൽകൃഷിയുടെ ഭൂരിഭാഗവും ഗംഗാസമതല പ്രദേശങ്ങളിലും, ചൈനയിൽ യാങ്ത്സി-യെല്ലോ നദീതട പ്രദേശങ്ങളിലുമാണ് കൃഷി ചെയ്യുന്നത്. ആഗോളതാപനത്താൽ ഉണ്ടാകുന്ന ഹിമാനികളുടെ ഉരുകൽ ഇന്ത്യക്കും, ചൈനക്കും ഏറ്റവും വലിയ പ്രതിസന്ധികളാണ് സൃഷ്ടിക്കുക. 2007-ലെ IPCC യുടെ നാലാമത്തെ റിപ്പോർട്ട് പ്രകാരം വരും ദിവസങ്ങളിൽ ഹിമാലയൻ ഹിമാനികൾ വളരെയധികം ഉരുകി അപ്രത്യക്ഷമാകുന്നതാണെന്ന് പറഞ്ഞിരിക്കുന്നു. ഇതോടെ സിന്ധു, ഗംഗ, ബ്രഹ്മപുത്ര നദികളുടെ ജലസമ്പുഷ്ടത ഇല്ലാതാകുന്നതാണ്. ഇതാകട്ടെ ഭക്ഷ്യമേഖലയിൽ വൻ പ്രത്യാഘാതങ്ങൾ ഈ രണ്ടു രാജ്യങ്ങളിലും സൃഷ്ടിക്കപ്പെടുന്നതാണ്.

ആഗോളതാപനത്തിന്റെ പ്രത്യാഘാതങ്ങൾ ഒരു രാജ്യത്ത് അല്ലെങ്കിൽ ഒരു ഭൂഖണ്ഡത്ത് മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു സ്ഥിതി വിശേഷമല്ല. ഈ ദുരന്തത്തിന്റെ വ്യാപ്തി വർദ്ധിക്കുന്നതോടെ കടുത്ത ഭക്ഷ്യക്ഷാമത്തിനും അതോടൊപ്പം വിലക്കയറ്റത്തിനും പട്ടിണി മരണങ്ങൾക്കും ഇടയാക്കുന്നതാണ്. ഇതിനോടൊപ്പം അനസ്യൂതം വന്നെത്തുന്ന അഭയാർത്ഥികളുടെ എണ്ണവും പെരുകുന്നതോടെ വികസനത്തിന് വേണ്ടി ഒന്നും നീക്കിവക്കാനാവാതെ സർക്കാരുകൾ നട്ടം തിരിയുന്ന കാഴ്ച കാണേണ്ടിവരും.

ഇതിന്റെയൊക്കെ മധ്യത്തിലാകും പേമാരിയും വെള്ളപ്പൊക്കവും, ഉരുൾപൊട്ടലും, വരൾച്ചയും, മണ്ണിടിച്ചിലും, പകർച്ചവ്യാധികളും ഒന്നിന് പുറകെ മറ്റൊന്നായി എത്തുക. കൂടുതൽ കൂടുതൽ ദുരന്തങ്ങൾ ഒന്നൊഴിയാതെ എത്തവേ, വ്യത്യസ്തസംസ്കാരങ്ങളുടെ തിരോധാനവും ഒടുവിൽ സർവ്വനാശത്തിലേക്കുമായിരിക്കും ആഗോളതാപനം നമ്മെ കൊണ്ടെത്തിക്കുന്നത്.

കഴിഞ്ഞ വർഷം തന്നെ ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റം ലോകം മുഴുവൻ അനുഭവപ്പെട്ടത് ഓർക്കുക. അരിയുടെ വിലയിൽ അഞ്ചിരട്ടി വർദ്ധനവാണ് ഉണ്ടായത്. ഗോതമ്പ്, ചോളം, എന്നിവയുടെ വിലയിൽ മൂന്നിരട്ടി വർദ്ധനവും ഉണ്ടായി. ഭക്ഷ്യോൽപ്പാദനത്തിന്റെ വിലയും പ്രതിസന്ധിയും അങ്ങേ അറ്റത്ത് എത്തവേ, കാലാവസ്ഥാമാറ്റങ്ങളാൽ, കാർഷികോൽപ്പാദനം നാമമാത്രമായി തീരുന്നതാണ്. അന്തരീക്ഷം ഒരു ഡിഗ്രി സെൽഷ്യസ് ഉയരുമ്പോൾ കാർഷികോൽപ്പാദനം പത്ത് ശതമാനമാണ് കുറയുന്നത്. അന്തരീക്ഷതാപം മൂന്ന് ഡിഗ്രി സെൽഷ്യസ് ഉയരുമ്പോൾ ഭക്ഷ്യോൽപ്പാദനം മുപ്പത് ശതമാനം കുറയും.

**പ്രത്യാഘാതങ്ങൾ**

കാലാവസ്ഥാ വ്യതിയാനത്തിന്റെ സുവ്യക്തമായ സൂചനകൾ ഭൂമിയിൽ കാണാൻ തുടങ്ങിയിട്ട് നാളുകളായി. പക്ഷേ ഭൂമികുലുക്കമോ, മഹാമാരികളോ എത്തുമ്പോൾ മാത്രമാണ് നാം അവയെകുറിച്ചൊക്കെ ചിന്തിക്കാറുള്ളു. കുറച്ചു ദിവസത്തെ ചർച്ചയിലൊതുക്കും കാര്യങ്ങൾ. എന്നാൽ ആഗോള താപനത്തെ തുടർന്നുണ്ടാകുന്ന അതിതീവ്ര കാലാവസ്ഥാമാറ്റങ്ങൾ ഭൂമിയിൽ സൃഷ്ടിക്കാൻ പോകുന്ന പ്രത്യാഘാതങ്ങൾ സംഭ്രമജനകവും അക്ഷരാർത്ഥത്തിൽ തന്നെ നടുക്കുന്നതുമാണ്. ഇപ്പോൾ തന്നെ യൂറോപ്പിലെ ഭൂരിഭാഗം മേഖലകളിലും ഉഷ്ണതരംഗത്തിന്റെ അധീനതയിലായി കഴിഞ്ഞു. പോർട്ടുഗൽ, സ്പെയിൻ, ഫ്രാൻസ്, ഗ്രീസ്

എന്നിടങ്ങളിൽ വനമേഖലകളിൽ കാട്ടുതീ പടർന്നു പിടിച്ചിരിക്കുന്നു. തെക്ക്പടിഞ്ഞാറൻ ഫ്രാൻസിലെ വനമേഖലകളിൽ പടർന്നു കയറിയ കാട്ടുതീ അണക്കാൻ അഗ്നിരക്ഷാ സേനാംഗങ്ങൾക്ക് ഏറെ പാടുപെടേണ്ടി വന്നു.

ഹിമാലയത്തിലെ മഞ്ഞ് ഉരുകൽ വേഗത്തിലായിരിക്കുന്നു. ലോകത്തിലെ നല്ല ഒരു ശതമാനം ആളുകളുടെയും ശുദ്ധജലസ്രോതസ്സായ ഈ ഹിമാനികൾ അവയുടെ അതിവേഗത്തിലുള്ള ഉരുകൽ കൊണ്ട് 2050 ആകുമ്പോഴേക്ക് ഇല്ലാതാകുന്നതാണ്. തുടക്കത്തിൽ ഗംഗ, ബ്രഹ്മപുത്ര എന്നീ നദികൾ കരകരകവിഞ്ഞൊഴുകുകയും, മഞ്ഞ് ഉരുകി കഴിഞ്ഞാൽ അതിരൂക്ഷമായ വരൾച്ചയാണ് എത്തുക.

താപനിലയുടെ അസാധാരണ വർദ്ധനവ് ധ്രുവത്തിലെ കരിങ്കല്ല് പോലെ ഉറച്ച മഞ്ഞിന്റെയും ഉരുകലിന് ഇടയാക്കും. ഇത്, സമുദ്രനിരപ്പ് ഉയരുന്നതിനിടയാക്കുകയും 2050-ആകുമ്പോഴേക്കും 1 മീറ്റർ ഉയർന്ന് തീരപ്രദേശനഗരങ്ങളായ ബോംബേ, ഗോവ, കൊച്ചി, ചെന്നൈ, വിശാഖപട്ടണം, പുരി, കൊൽക്കത്ത എന്നിവയെല്ലാം കടലിനടിയിലാകുന്നതാണ്.

അന്തരീക്ഷ താപനില കുതിച്ചുയരുന്നതിന്റെ ഫലമായി അന്തരീക്ഷത്തിന് കൂടുതൽ ഈർപ്പം ഉൾക്കൊള്ളാൻ കഴിയുമെന്ന് വരുന്നു. ഈ സ്ഥിതി വിശേഷം ബാഷ്പീകരണം വർദ്ധിക്കുന്നതിനും ഭൂഗർഭജലം നഷ്ടപ്പെടുന്നതിനിടവരുന്നു.

**ചുഴലിക്കാറ്റുകൾ**

അന്തരീക്ഷ താപനില 3 ഡിഗ്രി സെന്റീഗ്രേഡ് വർദ്ധിക്കുന്നതോടെ ചുഴലിക്കാറ്റിന്റെ വേഗത ഭയാനകമായ തോതിൽ വർദ്ധിക്കുന്നു. ചുഴലിക്കാറ്റുകളുടെ വേഗത നിമിത്തം മൺകൂനകൾ വരെ വിദൂരതയിലെത്താൻ കാരണമാകുന്നു.

ചുഴലിക്കാറ്റുകൾ, കൊടുംക്കാറ്റുകൾ എന്നിവക്ക് ഊർജ്ജം പകരുന്നത് സമുദ്രത്തിലെ ചൂട് തന്നെയാണ്. കടലിലെ ചൂട് കൂടുന്നതനുസരിച്ച് കാറ്റുകളുടെ ശക്തി പതിന്മടങ്ങ് വർദ്ധിക്കും. കൂടാതെ സമുദ്രത്തിലെ ചൂട് വർദ്ധിക്കുന്നതിനാൽ ഫൈറ്റോ പ്ലാങ്ടൺ സമൂലം നശിക്കാനിടവരുന്നു. മരങ്ങൾ കഴിഞ്ഞാൽ ഭൂമിയിൽ ഏറ്റവും കൂടുതൽ ഓക്സിജൻ എത്തിക്കുന്ന ഏകകോശ ജീവികളാണ് ഫൈറ്റോ പ്ലാങ്ടൺ.

ഇന്ത്യയിലെ ജനസംഖ്യ 30 ശതമാനമാണ് വർദ്ധിക്കുക കാലാവസ്ഥാ വ്യതിയാനം മൂലമുള്ള മറ്റൊരാപത്ത് അഭയാർത്ഥി പ്രവാഹമാണ്. 2030-ആകുമ്പോൾ തന്നെ സമുദ്രനിരപ്പ് രണ്ടു സെന്റീമീറ്റർ ഉയരുന്നതാണ്. സമുദ്രത്തിലെ ഈ ചൂട് മത്സ്യസമ്പത്തിന്റെ സർവ്വനാശത്തിനിടവരുത്തും

കാലാവസ്ഥയിലെ ഈ മാറ്റങ്ങൾ മരുഭൂമിയുടെ വിസ്തൃതി വർദ്ധിക്കാനിടവരുത്തും. അതോടൊപ്പം കടലുകളുടെ വ്യാപ്തിയും വർദ്ധിക്കും. ദുരന്തങ്ങളുടെ ഒട്ടുമുക്കാലും അനുഭവിക്കേണ്ടി വരുന്നത് വികസ്വര രാജ്യങ്ങളിലെയും ദരിദ്ര രാജ്യങ്ങളിലെയും സാധാരണ ജനങ്ങളാണ്. ജനസംഖ്യയിലെ അത്ഭുതപ്പെടുത്തുന്ന വർദ്ധനവ്, ആവാസ വ്യവസ്ഥകളുടെ നാശം, സമുദ്ര മലിനീകരണം, ആഗോള താപനം എന്നിവയെല്ലാം കൂട്ടവംശനാശത്തിന് കാരണമാണ്.

ജനസംഖ്യാ വർദ്ധനവിൽ കുറവ് വരുത്തിയും ബദൽ ഊർജ്ജ സ്രോതസ്സുകൾ മുഴുവനായും ഉപയോഗപ്പെടുത്തിയും കാർബൺഡൈഓക്സൈഡിന്റെ ബഹിർഗമനം കുറക്കാൻ കഴിയുന്നതാണ്. സാദ്ധ്യമായ മുഴുവൻ സ്ഥലങ്ങളിലും മരങ്ങൾ, മുള എന്നിവ നട്ടുപിടിപ്പിച്ചും അന്തരീക്ഷത്തിൽ കെട്ടിക്കിടക്കുന്ന ഹരിതഗൃഹവാതകങ്ങളെ ഇല്ലാതാക്കിയും, നദികൾ, തടാകങ്ങൾ എന്നിവ മാലിന്യമുക്തമാക്കിയും ഈ പ്രതിസന്ധിയെ അതിജീവിക്കാൻ മനുഷ്യന് കഴിഞ്ഞേക്കും. പക്ഷേ, അങ്ങനെ ഒരു നീക്കത്തിന് തികഞ്ഞ ആത്മാർത്ഥതയും സത്യസന്ധതയും ആവശ്യമാണ്. ■

# *ദൃഗ് ദൃശ്യ വിവേകം* (*31*)

സി. നാരായണൻ - 9819456012

ലയേ ഫേനസ്യ തദ്ധർമ്മാ
ദ്രവാദ്യാഃ സ്യുസ്തരംഗകേ തസ്യാപി വിലയേ നീരേ
തിഷ്ഠന്ത്യേതേ യഥാ പുരാ (45)

| | |
|---|---|
| ഫേനസ്യ ലയേ | = നുരകൾ ലയിക്കുമ്പോൾ |
| തദ്ധർമ്മാ | = അതിന്റെ ദ്രവത്വം മുതലായ ധർമ്മങ്ങൾ |
| തരംഗകേ | = തിരകളിൽ |
| സ്യു | = അടങ്ങുന്നു |
| തസ്യ അപി | = അതിന്റേയും (ഇവിടെ തിരകൾ എന്നർത്ഥം) |
| വിലയേ | = വിലയത്തിൽ |
| ഏതേ | = ആ ധർമ്മങ്ങൾ |
| യഥാ പുരാ | = മുൻപെന്ന പോലെ |
| നീരേ | = വെള്ളത്തിൽ |
| തിഷ്ഠതി | = അടങ്ങുന്നു |

(നുരകൾ ഇല്ലാതാവുമ്പോൾ അതിന്റെ ദ്രവത്വം മുതലായ ധർമ്മങ്ങൾ തിരയിൽ അടങ്ങുന്നു. തിരയും ഇല്ലാതാവുമ്പോൾ അതേ ധർമ്മങ്ങൾ മുൻപെന്ന പോലെ വെള്ളത്തിൽ തന്നെ സ്ഥിതി ചെയ്യുന്നു)

**അദ്വൈതസിദ്ധാന്തം**

ആത്മാവിന്റെ അദ്വിതീയത്വം തെളിയിക്കുന്നത് ശ്രുതി, യുക്തി, അനുഭവം എന്നീ മൂന്നു മാനദണ്ഡങ്ങളെയും ആശ്രയിച്ചു കൊണ്ടാണ്. ഈ ശ്ലോകത്തിൽ അദ്വൈത സിദ്ധാന്തത്തിന്റെ യുക്തിയുടെ അടിത്തറയാണ് പ്രതിപാദിക്കുന്നത്. അതെന്തന്നാൽ, ഒരു വസ്തു അതിന്റെ സ്വഭാവം ഒരിക്കലും കൈവിടുന്നില്ല. സൂര്യൻ ഇരുണ്ടിട്ടോ, അഗ്നി തണുത്തിട്ടോ കാണാറില്ലല്ലോ. സൂര്യന് പ്രകാശവും അഗ്നിക്ക് ഉഷ്ണവും സ്വഭാവങ്ങളാണ്. അതുപോലെ അസ്തിത്വം, അനന്തത എന്നിവ രണ്ടും ആത്മാവിന്റെ സ്വഭാവങ്ങളാണ്. സ്വഭാവങ്ങളായതിനാൽ ആത്മാവ് ഒരിക്കലും അവയെ വിട്ടുനിൽക്കില്ല.

അനന്തതയും അസ്തിത്വവും അതിന്റെ സ്വഭാവങ്ങളായതിനാൽ, ആത്മാവൊമൊഴിച്ച് മറ്റൊരു വസ്തു ഉണ്ടാവുക എന്നത് യുക്തിക്ക് നിരക്കാത്തതാണ്. ഒന്നിൽ കൂടുതൽ അനന്തതകൾക്ക് അസ്തിത്വം ഉണ്ടാവാൻ വയ്യ എന്നത് നിഷേധിക്കാനാവാത്ത യുക്തിയാണ്. ഇനി അനുഭവത്തിന്റെ കാര്യമെടുത്താലും അദ്വൈതം തന്നെ സത്യം എന്നു തെളിയും. നിർവിശേഷമായ അനുഭവം, അതായത് പ്രത്യേകമല്ലാത്ത ഒരനുഭവം ഒന്നുമാത്രമേ ഉണ്ടായിരിക്കാൻ സാധിക്കൂ. അതിനു തെളിവെന്തെന്നാൽ, എന്തെങ്കിലും കാരണത്താൽ ഒരാൾ ദുഃഖം അനുഭവിക്കുകയാണെന്നിരിക്കട്ടെ. ആ ദുഃഖത്തിന് കാരണം ഇല്ലാതാവുകയും സുഖത്തിന് കാരണമുണ്ടാവുകയും ചെയ്താൽ അടുത്ത നിമിഷം അയാൾ സുഖം അനുഭവിക്കാൻ തുടങ്ങുന്നു. വീണ്ടും ആ വ്യക്തി സുഖം വിട്ട് ആശങ്ക അനുഭവിക്കാൻ തുടങ്ങിയേക്കാം. ഇങ്ങനെ അനുഭവങ്ങളുടെ രൂപം മാറി മാറി വരണമെങ്കിൽ, നിർവിശേഷമായ ഒരു അനുഭവത്തിലാണ് ദുഃഖം, സുഖം, ആശങ്ക എന്നീ പ്രത്യേകതകൾ ആരോപിക്കപ്പെടുന്നതെന്ന് സ്പഷ്ടമാണല്ലോ. ഗ്ലാസിന് സ്വതവേ ഒരു നിറവും ഇല്ലാത്തതിനാലാണ്, അതിലൂടെ പച്ചനിറം നോക്കുമ്പോ ൾ ആ ഗ്ലാസ് പച്ചയായിട്ടും, ചുവപ്പ് നിറം നോക്കുമ്പോൾ അത് ചുവന്നതായിട്ടും കാണപ്പെടുന്നത്. ബാഹ്യമായ ഭാവങ്ങൾ മാറിയാലും, അധിഷ്ഠാനം നിർവിശേഷമായ അനുഭവം തന്നെ.

ഈ ശ്ലോകം മേൽപ്പറഞ്ഞ തത്വത്തിന് ഒരു ദൃഷ്ടാന്തം കാണിക്കുകയാണ്. തിരകൾ, നുരകൾ എന്നീ രൂപങ്ങളെടുക്കുമ്പോഴും വെള്ളം അതിന്റെ സ്വഭാവമായ ദ്രവത്വം, ശീതളത്വം എന്നിവ കൈവിടുന്നില്ല. ഈ ദൃഷ്ടാന്തത്തെ അടുത്ത ശ്ലോകത്തിൽ ദാർഷ്ടാന്തികത്തോട് ഘടിപ്പിക്കുന്നു

പ്രാതിഭാസിക ജീവസ്യ
ലയേ സ്യുവ്യാവഹാരികേ
തല്ലയേ സച്ചിദാനന്ദാഃ
പര്യവസന്തി സാക്ഷിണി (46)

| | |
|---|---|
| പ്രതിഭാസികജീവസ്യ ലയേ | = പ്രാതിഭാസിക ജീവന്റെ ലയത്തിൽ |
| സച്ചിദാനന്ദാഃ | = സത് ചിത്ത് ആനന്ദം എന്നീ ഭാവങ്ങൾ |
| വ്യാവഹാരികെ | = വ്യാവഹാരിക തലത്തിൽ |
| സ്യു | = അടങ്ങുന്നു |
| തല്ലയേ | = അതിനെയും നാശത്തിൽ |
| സാക്ഷിണി | = സാക്ഷി ചൈതന്യത്തിൽ |
| പര്യവസ്യന്തി | = പര്യവസാനിക്കുന്നു |

(സ്വപ്നത്തിലുള്ള പ്രാതിഭാസിക ജീവൻ ലയിക്കുമ്പോൾ അതിലെ സച്ചിദാനന്ദ ധർമ്മങ്ങൾ വ്യാവഹാരിക ജീവനിൽ പകരുന്നു. വ്യാവഹാരിക ജീവന്റേയും ലയത്തിൽ അതിലുണ്ടായിരുന്ന സച്ചിദാനന്ദ ധർമ്മങ്ങൾ അധിഷ്ഠാനമായ സാക്ഷി ചൈതന്യത്തിൽ തന്നെ കാണപ്പെടുന്നു) ഈ ശ്ലോകം, ദൃഗ് ദൃശ്യ വിവേകം എന്ന ഈ ഗ്രന്ഥത്തിന്റെ അവസാനത്തെ ശ്ലോകമാണ്. യഥാർത്ഥത്തിൽ ആചാര്യൻ, ഇതിലെ മുപ്പത്തൊന്നാം ശ്ലോകത്തോടെ ഈ ഗ്രന്ഥം ഉപസംഹരിച്ചു കഴിഞ്ഞു. വേദാന്തശാസ്ത്രത്തിൽ പറയപ്പെടേണ്ടതായ ബന്ധവും ബന്ധകാരണവും മോക്ഷവും മോക്ഷ സാധനങ്ങളുമെല്ലാം വിശദമായി മുപ്പത്തൊന്ന് ശ്ലോകങ്ങളിൽ പറഞ്ഞു തീർന്നു . എന്നിരുന്നാലും വിഷയത്തിന്റെ ദുർഗ്രാഹ്യതയും സാധാരണക്കാരുടെ തത്വഗ്രഹണത്തിനുള്ള അസമർത്ഥതയും കണക്കിലെടുത്ത്, അവരോടുള്ള ദയവായ്പിനാൽ ആചാര്യൻ പതിനാലു ശ്ലോകങ്ങൾ അധികമായി രചിച്ചുകൊണ്ട് ജീവന്റെ മിഥ്യാവസ്ഥയും സത്യാവസ്ഥയും വേർതിരിച്ച് വിശദീകരിക്കുകയാണ് ചെയ്യുന്നത്. ഈ വിഭാഗത്തിന്റെ ആദ്യ ശ്ലോകത്തിൽ ആചാര്യൻ ജീവൻ എന്ന തത്ത്വം മൂന്നു തരത്തിലുണ്ടെന്ന് പ്രതിപാദിക്കുന്നു. അവയിൽ ഒന്ന് യഥാർത്ഥവും മറ്റു രണ്ടും വെറും പ്രതീതികളുമാണ്. ആചാര്യൻ ആ മൂന്നിനെ അവച്ഛിന്നം, ചിദാഭാസൻ സ്വപ്നകല്പിതൻ എന്നാണ് വിളിക്കുന്നത്. അവയെത്തന്നെ പിന്നീടദ്ദേഹം പാരമാർത്ഥികം, വ്യാവഹാരികം, പ്രാതിഭാസികം എന്നിങ്ങനെ വിശദീകരിക്കും. അവയിൽ വ്യാവഹാരിക ജീവനെ ജാഗ്രതാവസ്ഥയിലുള്ളവനായും, പ്രതിഭാസിക ജീവനെ സ്വപ്ന സ്ഥാനീയനായും വിവരിക്കുന്നു. പരമാർത്ഥിക ജീവൻ മിഥ്യകളായ വ്യാവഹാരികവും പ്രതിഭാസികവുമായ ജീവന്മാരുടെ അധിഷ്ഠാനമാണ്. ജാഗ്രത് സ്വപ്ന സുഷുപ്തി എന്നീ തരത്തിലുള്ള നിരൂപണം മാണ്ഡൂക്യോപനിഷത്തിനെ ശക്തമായി ഓർമ്മപ്പെടുത്തു ന്നുണ്ട്. ആ ഉപനിഷത്തിൽ 'സോയമാത്മാ ച തുഷ്പാത്' എന്നിങ്ങനെ ഒരേ ആത്മാവു തന്നെ നാലു രീതിയിൽ പ്രകടമാകുന്നുണ്ടെന്ന് പറയുന്നുണ്ടല്ലോ.

**മാണ്ഡൂക്യോപനിഷത്ത്**

അതിലെ പ്രസിദ്ധമായ ഏഴാമത്തെ മന്ത്രത്തിൽ "നാന്തഃപ്രജ്ഞം ന ബഹിഃപ്രജ്ഞം" എന്നിങ്ങനെ സ്വപ്നസ്ഥാനീയനായ പ്രതിഭാസിക ജിവനേയും ജാഗ്രത്സ്ഥാനീയനായ വ്യാവഹാരിക ജീവനെയും മിഥ്യകളായി തള്ളിക്കളയുന്നുണ്ട്. മാണ്ഡൂക്യോപനിഷത്തിന് കാരിക എഴുതിയ ഗൗഡപാദാചാര്യർ സ്വപ്ന ജഗത്തും ജാഗ്രദ് ജഗത്തും ഒരുപോലെ അവാസ്തവങ്ങളാണെന്നു സ്ഥാപിക്കുന്നുണ്ട്. രണ്ടിനും ദൃശ്യത്വം അനിത്യത്വം എന്നീ സ്വഭാവങ്ങൾ പൊതുവായി ഉള്ളതിനാൽ രണ്ടിനും മി

ഥ്യാത്വം തുല്യമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായം. സ്വപ്ന പുരുഷൻ സ്വപ്നത്തിലെ ഒരു വസ്തുവിനെ തന്നിൽ നിന്ന് വേറിട്ട് വിഷയ രൂപേണ പ്രത്യക്ഷമായാണു കാണുന്നത്. ജാഗ്രത്തിലും അതുപോലെ ഒരു വസ്തുവിനെ നാം അറിയുന്നതു പ്രത്യക്ഷമായി വിഷയരൂപേണ തന്നെ. രണ്ടു ഗ്രഹണങ്ങളിലും ദൃശ്യത്വം തുല്യമാണ്. മാത്രമല്ല, സ്വപ്നത്തിലെ വസ്തുക്കൾക്ക് നിത്യത്വമില്ലെന്ന് എല്ലാവർക്കുമറിയാം. ജാഗ്രത്തിലെ വസ്തുക്കളും അങ്ങനെ തന്നെയല്ലേ? എന്റെ പൂന്തോട്ടത്തിലെ റോസാച്ചെടിയിൽ ഇപ്പോൾ വിരിഞ്ഞു നിൽക്കുന്ന പൂവ് കഴിഞ്ഞയാഴ്ച ഉണ്ടായിരുന്നില്ല, അടുത്തമാസം അതുണ്ടാവാനും പോകുന്നില്ല. അതിനർത്ഥം അത് അനിത്യമാണ്. ജഗത്തിലെ എല്ലാ വസ്തുക്കളും അങ്ങനെത്തന്നെ. ക്ഷീരപഥം എന്ന ഗാലക്സിയും സൂര്യനും ഭൂമിയും എല്ലാം എന്നുണ്ടായി, എന്നുവരെ ഉണ്ടാവും എന്നും മറ്റും ശാസ്ത്രജ്ഞന്മാർ ഒരുവിധം കൃത്യമായി പറയുന്നുണ്ട് സ്വപ്നജഗത്തും ജാഗ്രദ്ജഗത്തും അയഥാർത്ഥമാണെങ്കിൽ സ്വപ്നപുരുഷനും ജാഗ്രദ് പുരുഷനും അയഥാർത്ഥങ്ങൾ തന്നെ. ജാഗ്രദ് ലോകത്തിലെ വസ്തുക്കളെ അനുഭവിക്കുന്ന അനുഭവിതാവാണല്ലോ ജാഗ്രത്തിലെ ജീവൻ. ജാഗ്രദവസ്ഥ തന്നെ മിഥ്യയാണെങ്കിൽ ജാഗ്രദ് പുരുഷനും മിഥ്യ തന്നെ. അങ്ങനെ വരുമ്പോൾ എല്ലാം മിത്ഥ്യയാണെന്നും, ഒന്നും സത്യമായിട്ടില്ല എന്നും വരില്ലേ എന്നാണെങ്കിൽ അങ്ങനെയല്ല. ജനകരാജാവിന്റെ അനുഭവം നോക്കാം.

ജനകമഹാരാജാവ് ഒരു രാത്രി പള്ളിയറയിൽ കിടന്നുറങ്ങുമ്പോൾ സൈന്യാധിപൻ വന്നു പറഞ്ഞു മിഥിലാരാജ്യം ശത്രുക്കളാൽ ആക്രമിക്കപ്പെട്ടിരിക്കുന്നുവെന്ന്. ഉടനെ രാജാവ് ശത്രുക്കളുമായി യുദ്ധത്തിൽ ഏർപ്പെടുന്നു. പക്ഷേ യുദ്ധത്തിൽ ജനകരാജാവ് തോൽക്കുകയും, അദ്ദേഹം രാജ്യത്തിൽ നിന്ന് നിഷ്കാസിതനാവുകയും ചെയ്യുന്നു. അയൽ രാജ്യത്ത് , ജനകൻ ഭക്ഷണമില്ലാതെ ദിവസങ്ങളോളം അലയുന്നു. ഒരു സായാഹ്നത്തിൽ അദ്ദേഹം ഒരമ്പലത്തിൽ സാധുക്കൾക്ക് ഭക്ഷണം ദാനം ചെയ്യുന്നത് കാണുന്നു. അദ്ദേഹം സൗജന്യഭക്ഷണത്തിനുള്ള വരിയിൽ സ്ഥാനം പിടിക്കുന്നു. പക്ഷേ അദ്ദേഹത്തിന്റെ ഊഴം വന്നപ്പോളേക്കും ഭക്ഷണം തീർന്നു പോയി. ദയാലുവായ പരിചാരകൻ പാത്രം വടിച്ചെടുത്ത് കുറച്ചു ഭക്ഷണം എങ്ങനെയോ അദ്ദേഹത്തിനു കൊടുക്കുന്നു. രാജാവത് വായിലേക്ക് വെയ്ക്കാൻ തുടങ്ങവേ ആകാശത്തിൽ വട്ടമിട്ടിരുന്ന ഒരു കഴുകൻ പാത്രം തട്ടിപ്പറിച്ചു കൊണ്ടുപോകുന്നു. നിസ്സഹായതയുടേയും ദൈന്യത്തിന്റെയും നെല്ലിപ്പടി കണ്ട രാജാവ് നിലത്ത് വീണുരുണ്ട് ഉച്ചത്തിൽ കരയുന്നു. ആ നിമിഷം അദ്ദേഹം ഉണരുന്നു. ഭർത്താവ് വാവിട്ട് കരയുന്ന ശബ്ദംകേട്ട് റാണി എന്താണു കാര്യം എന്നാരാഞ്ഞപ്പോൾ ജനകരാജാവ് ചോദിക്കുന്നു 'ഇതാണോ സത്യം, അതാണോ സത്യം? 'അമ്പരന്ന രാജ്ഞിക്ക് ഉത്തരം പറയാനായില്ല. രാജ്ഞിക്കെന്നല്ല, കൊട്ടാരത്തിലെ മന്ത്രിമാർക്കും ഉപദേശകർക്കും വൈദ്യന്മാർക്കുമൊന്നും ജനകന്റെ ആവർത്തിച്ചുള്ള ഒരേയൊരു ചോദ്യമായ 'ഇതാണോ സത്യം അതാണോ സത്യം' എന്ന സമസ്യയ്ക്ക് ഉത്തരം നൽകാനായില്ല. അപ്പോൾ അവിടേയ്ക്ക് യദൃശ്ചയാ അഷ്ടാവക്രമുനി കടന്നുവന്നു. മുനിയ്ക്ക് കാര്യം മനസ്സിലായി. അദ്ദേഹം ജനകനോട് ചോദിച്ചു 'നീ ഭക്ഷണപാത്രം നഷ്ടപ്പെട്ട് തറയിൽ വീണുരുണ്ട് കരയുമ്പോൾ ഈ കൊട്ടാരവും മന്ത്രിമാരും കൂടെ ഉണ്ടായിരുന്നോ?' ജനകൻപറഞ്ഞു 'ഇല്ല' 'ഇപ്പോൾ നിനക്കു ചുറ്റും രാജ്ഞിയും മന്ത്രിമാരും ഭൃത്യന്മാരുമുള്ളപ്പോൾ, ആ അമ്പലവും ദാനം കിട്ടിയ ഭക്ഷണവും ഉണ്ടോ? ജനകൻപറഞ്ഞു 'ഇല്ല' അപ്പോൾ മുനി പറഞ്ഞു ' അതിനർത്ഥം അതും സത്യമല്ല, ഇതും സത്യമല്ല. പക്ഷേ, ഈ രണ്ടവസരത്തിലും നീ ഉണ്ടായിരുന്നില്ലേ? രാജ്യം നഷ്ടപ്പെട്ട് വിലപിക്കുന്ന നിന്നേയും, ഇപ്പോൾ രാജ്യസിം

ഹാസനത്തിൽ ഇരിക്കുന്ന നിന്നെയും നിനക്ക് വേറെ വേറെ വ്യക്തികളായി കാണാൻ സാധിക്കുന്നില്ലേ? അങ്ങനെ വേർതിരിച്ചു കാണുന്ന സാക്ഷിയാണ് ശരിയായ നീ' അങ്ങനെ പറഞ്ഞപ്പോൾ ജനകന് ആത്മാവിന്റെ സാക്ഷിത്വയാഥാർത്ഥ്യം മനസ്സിലാവുന്നു.

ജാഗ്രദവസ്ഥയും സ്വപ്നാവസ്ഥയും ഒരുപോലെ മിഥ്യയാണെങ്കിലും എല്ലാ മിഥ്യക്കും അധിഷ്ഠാനമായി ഒരു സത്യം ഉണ്ടായേ തീരൂ. മന്ദാന്ധകാരത്തിൽ കാണപ്പെട്ട പ്രേതത്തിനധിഷ്ഠാനമായി ഒരു തൂണുണ്ടായേ തീരൂ. സർപ്പം എന്നു തെറ്റിദ്ധരിക്കപ്പെട്ട വസ്തു വെറും ശൂന്യതയല്ല. അവിടെ കയറെന്ന ഒരു യഥാർത്ഥ വസ്തു നിർബന്ധമായും ഉണ്ടായിരിക്കും. അതുപോലെ മിഥ്യകളായ പ്രതിഭാസിക പുരുഷനും വ്യാവഹാരിക പുരുഷനും അധിഷ്ഠാനമായി ഒരു പരമാർത്ഥിക തത്ത്വം ഉണ്ടായേ തീരൂ. അതാണ് സത്യം ജ്ഞാനം അനന്തമായ യഥാർത്ഥത്തിലുള്ള ഞാൻ. അതിലേക്ക് ഉണരാനാണ് എല്ലാ ജീവന്മാരും ശ്രമിക്കുന്നത് സ്വപ്നാവസ്ഥയിൽ ലഭ്യമല്ലാത്ത ഒന്ന് നമുക്ക് ജാഗ്രതാവസ്ഥയിൽ ലഭ്യമാവുന്നുണ്ട്. അതാണ് വിവേകം എന്ന മഹാസിദ്ധി. അവിവേകത്തിന്റെ പിടിയിലിരിക്കുമ്പോളാണ് നമുക്ക് വിവേകത്തിന്റെ ആവശ്യം വരുന്നത്. അവിവേകം മൂലമാണ് നാം പാരമാർത്ഥികപുരുഷനെ വ്യാവഹാരിക പുരുഷനായി തെറ്റിദ്ധരിക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ, സംസാരിയായ വ്യാവഹാരിക പുരുഷന്റെ സത്യാവസ്ഥ അസംസാരിയായ പാരമാർത്ഥിക പുരുഷനാണെന്നാണ് അദ്വൈത സിദ്ധാന്തം പഠിപ്പിക്കുന്നത്.

മിഥ്യയായി കാണപ്പെട്ട സർപ്പത്തെത്തന്നെയാണ് യഥാർത്ഥത്തിലതു കയറാണതെന്നു കാണേണ്ടത്. മിഥ്യയാണെന്നു കരുതി സർപ്പത്തെ ഉപേക്ഷിച്ചാൽ, ഒരിക്കലും കയറിനെ കാണുകയുണ്ടാവില്ല. സർപ്പത്തിന്റെ അധിഷ്ഠാനത്തെ തിരയുമ്പോഴാണ് കയറു ഗോചരമാകുന്നത്. നാം ജാഗ്രതാവസ്ഥയിലിരിക്കുമ്പോൾ, ജാഗ്രത്തിന്റെ മുഖമുദ്രയായ ദൃഗ് ദൃശ്യങ്ങളെ സൂക്ഷ്മമായി വിശകലനം ചെയ്യണം. 'ഞാനീ വസ്തുവിനെ അറിയുന്നു' എന്ന രീതിയിലാണ് ജാഗ്രത്തിലെ വിഷയഗ്രഹണം. അതിൽ നിന്ന് ഞാനെന്നും വസ്തുവെന്നുമുള്ള ഘടകങ്ങളെ മാറ്റിയാൽ ശേഷിക്കുന്നത് ശുദ്ധമായ അറിവാണ്. നിർവിശേഷമായ ആ അറിവാണ് ആത്മാവ്. ആത്മാവ് തന്നെയാണ് ഞാനെന്ന പ്രമാതാവായും വസ്തുവെന്ന പ്രമേയമായും വിളങ്ങുന്നത്. ഇവിടെ ദൃഷ്ടാന്തത്തിന്റെ ഔചിത്യം ദർശിക്കാം. ദൃഷ്ടാന്തത്തിൽ, വെള്ളത്തിന്റെ ഒഴുക്ക് എന്ന സ്വഭാവം അതു തിരയായിത്തീരുമ്പോ ളും അതിനു നഷ്ടപ്പെടുന്നില്ലെന്നു പറഞ്ഞല്ലോ. അത് ദാർഷ്ടാന്തത്തിലാവുമ്പോൾ ആത്മാവിന്റെ അസ്തിത്വം, അറിവ് എന്ന സ്വഭാവങ്ങൾ വ്യാവഹാരിക പുരുഷനിലും ഉണ്ടെന്നു കാണാം. അപ്പോൾ പാരമാർത്ഥിക പുരുഷൻ തന്നെയാണ് വ്യാവഹാരിക പുരുഷനായി വിവർത്തപ്പെട്ടിരിക്കുന്നതെന്നു മനസ്സിലാക്കാം.

ഒരു ദൃശ്യത്തിനോടും തരിമ്പും രാഗമോ ദ്വേഷമോ ഇല്ലാതെ, നിസ്സംഗമായി, താൻ ദൃഗ് എന്ന ചൈതന്യമാത്രമാണെന്ന് ധ്യാനിക്കുക. അതാണ് ദൃഗ് ദൃശ്യവിവേകം എന്ന ഈ ഗ്രന്ഥം ഉപദേശിക്കുന്ന മോക്ഷമാർഗ്ഗം ഭഗവാൻ ഗൗഡപാദാചാര്യരുടെ ഒരു ശ്ലോകം ഉദ്ധരിച്ചു കൊണ്ട് ലേഖനം അവസാനിപ്പിക്കുന്നു.

'അനാദിമായയാ സുപ്തോ
യദാ ജീവഃ പ്രബുദ്ധ്യതേ
അജമനിദ്രമസ്വപ്നബ
മദ്വൈതം ബുധ്യതേ തദാ'

(അനാദിയായ മായയിൽ ഉറങ്ങുന്ന ജീവൻ എപ്പോൾ ആത്മജ്ഞാനത്തിലേക്ക് ഉണരുന്നുവോ അപ്പോൾ സ്വപ്നമോ ജാഗ്രതോ ദ്വൈതമോ ഇല്ലാത്ത തുരീയനാണ് താൻ എന്നറിയുന്നു.) ■

കഥ

# അപാല

പ്രൊഫസർ അംബുജാക്ഷി, ആലുവ – 9447577652

(തുടർച്ച.....)

ഞാൻ നടന്നു കുറച്ചുകൂടി ഉൾവനത്തിലേക്ക്. സർവ്വത്തുസുന്ദരമായ ഒരു വനപ്രദേശം പോ ലെ തോന്നി. ഒരു സാത്വിക പ്രകാശം! പ്രഭാവം മധുമന്ത്രം പോലെ....

"മധു വാതാഃ ഋതായതേ
മധു ക്ഷരന്തി സിന്ധവഃ /
മാധ്വീർന്നുഃ സന്ത്വോഷ ധീഃ
മധുനക്തച്ചുതോഷസി //
മധുമത് പാർത്ഥിവം രജഃ /
മധുര്യനരസ്തുനഃ പിതാ
മധുമന്നോ വനസ്പതിഃ
മധുർമാം അസ്തു സൂര്യഃ
മാധ്വീർഗാവോ ഭവന്തുനഃ...."

അച്ഛൻ ഉരുവിടാറുള്ള മധുമന്ത്രം. അതാണപ്പോൾ എനിക്കോർമ്മ വന്നത്. കേൾക്കുന്നവരുടെ പഞ്ചേന്ദ്രിയങ്ങളേയും മധുമയമാക്കുന്ന മന്ത്രം? അത്രയ്ക്കും പ്രഭാവമാണ് ആ മന്ത്രത്തിന്. നമ്മുടെ പ്രപഞ്ചത്തെക്കുറിച്ച് ഇത്രയും കർണ്ണാമൃതമായ സൂക്തങ്ങൾ ആരാ കണ്ടുപിടിച്ചത് ?

വായുദേവൻ കാറ്റിന് മാധുര്യം നൽകുന്നു. നദികൾ തേനുംപാലും നൽകുന്നു. എല്ലാ സസ്യജാലങ്ങളും മധുമയമാകുന്നു. രാവും പകലും ഭൂമിയും ആകാശവുമൊക്കെ മാധുര്യമുള്ളവയാണ്. എന്തിനേറെ പറയുന്നു! ഇവിടത്തെ പൊടിപടലങ്ങൾക്കുപോലും സുഖശീതളമായ ഒരു മധുരിമ ഉണ്ട്. സ്നേഹഭാവം മാത്രം അറിയുന്ന വന്യമൃഗങ്ങൾ ത്യാഗശീലരായ വനസ്പതികൾ! പാലും തേനുമൊഴുകുന്ന ഈ പുണ്യഭൂമി നമ്മുടെ മനോഭാവത്തെപോലും മധുമയമാക്കുന്നു. കാട്ടുപക്ഷികളുടെ കളകൂജനം. ഇതാണ് വിശുദ്ധിയുടെ വനം. ഈ പച്ചപ്പും കുളിർമ്മയും എന്റെ ചിന്തകളെ വല്ലാതെ സ്വാധീനിക്കുന്നു...

എന്റെ കുട്ടിക്കാലം! അച്ഛൻ അത്രി മഹർഷി, അമ്മ അനസൂയാദേവീ, ദേവതുല്യരായ മുന്ന് സഹോദരന്മാർ. ബ്രഹ്മാവിഷ്ണുമഹേശ്വരന്മാരുടെ അവതാരമാണ് അവർ എന്ന് വിശ്വസിക്കപ്പെടുന്നു. അമ്മ അനസൂയദേവി അറിയപ്പെടുന്നതുതന്നെ സതി അനസൂയ എന്നാണ് ആ മനസ്സിൽ ഭർത്തൃശുശ്രൂഷയും സഹജീവികളോടുള്ള ദയാവായ്പ്പും മാത്രം! അമ്മയെപ്പോലെ ശാന്തസുന്ദരമായ പ്രകൃതമാണ് ആശ്രമത്തിനും ഉള്ളത്.

ഋഗ്വേദമന്ത്രങ്ങൾ ഉരുവിട്ടും പഠിപ്പിച്ചും പ്രയോഗിച്ചും അച്ഛൻ. ഭർത്താവിനേയും മക്കളേയും ശുശ്രൂഷിച്ചും ലോകനന്മ ജീവിതവ്രതമായി പാലിച്ചും കഴിയുന്ന അമ്മ. ത്രിമൂർത്തിസമന്മാരായ മുന്ന് സഹോദരന്മാർ. സോമാത്രേയൻ, ദത്താത്രേയൻ, ദുർവാസാവ് ഇവരുടെയൊക്കെ പൊന്നോമനയായി ശുഭാത്രേയി എന്ന ഞാനും. ഒരേഒരു പെൺകുഞ്ഞായതിനാലാവാം എല്ലാവർക്കും എന്നോട് വലിയ വാത്സല്യമാണ്.

ഞങ്ങൾ മക്കൾ നാലുപേർക്കും അമ്മയുമായി രൂപസാദൃശ്യം ഉണ്ടെങ്കിലും ജ്യേഷ്ഠൻ ദുർവ്വാസാവിനും എനിക്കും അച്ഛന്റെ ഒരു നേരിയ ഛായയും കിട്ടിയിട്ടുണ്ട്. അമ്മയുടെ സൗന്ദര്യവും ബുദ്ധിയും സ്വഭാവമഹിമയുമൊക്കെ പലരും പരീക്ഷിച്ചറിഞ്ഞിട്ടുണ്ടത്രെ. പക്ഷെ, ആ വിജയങ്ങളിലൊന്നും മതിമറക്കാതെ, തന്റെ ലോകത്തിൽ – നന്മയുടെ ലോകത്തിൽ മാത്രം ജീവിക്കുന്ന–ഒരു ലോകമാതാവ് തന്നെയാണ് സതി അനസൂയാദേവി. ആ അമ്മയുടെ മകളാണ് ഈ ശുഭ. ആശ്രമത്തിലെ അന്തേവാ

➟

സികളുടെ സുഖസൗകര്യങ്ങൾക്കൊന്നിനും ഒരു കുറവും വരുത്താതെ ശ്രദ്ധിക്കുന്നത് അമ്മ തന്നെയാണ്. കുറച്ചുകാലമായി വയലുകളിൽ വിളവ് കുറവായിരുന്നു. മഴയില്ലാത്തതായിരുന്നു കാരണം. തുടർച്ചയായ കൃഷികാരണം മണ്ണും പുഷ്ടിയില്ലാത്തതായി. (ഞാൻ ഇന്ദ്രദേവനെ തപസ്സുചെയ്യുന്ന അവസരത്തിൽ അത്തരമൊരു ചിന്തയും മനസ്സിലുണ്ടായിരുന്നു) എന്നാൽ ഒരു കുറവും അറിയിക്കാതെ അന്തേവാസികളെ സംരക്ഷിക്കാനുള്ള വൈഭവം എന്റെ അമ്മക്കുണ്ടല്ലോ. അതാണ് ഗൃഹസ്ഥയായ എന്റെ അമ്മയുടെ മഹിമ. എന്നാൽ ആ മഹിമയുടെ ഒരു കണികപോലും ഈ മകൾക്കില്ല. എപ്പോഴും അച്ഛന്റെകൂടെ വേദപാഠശാലയിലായിരിക്കും ഞാൻ. വേദം ചൊല്ലാനും ചൊല്ലിക്കാനും വാദപ്രതിവാദങ്ങളിൽ ഏർപ്പെടാനുമൊക്കെയാണ് എനിക്കിഷ്ടം.

അച്ഛന്റെ മടിയിലിരുന്ന് വേദോച്ചാരണം ചെയ്യുമ്പോൾ എനിക്കെന്തൊരഭിമാനമാണ്! അക്ഷരവ്യക്തതയോ ഉച്ചാരണശുദ്ധിയോ ഇല്ലെങ്കിലും എല്ലാം അറിയാമെന്നൊരുഭാവം. അച്ഛനും ഏട്ടന്മാരും വാത്സല്യത്തോടെ എന്നെ പ്രോത്സാഹിപ്പിക്കാറുമുണ്ട്. ചിലപ്പോൾ തെറ്റു തിരുത്തിത്തരും ആവർത്തിച്ചാവർത്തിച്ച് വേദപാഠങ്ങൾ ശുദ്ധമാക്കിത്തരും. ഹോമത്തിനു വേണ്ട സാധനങ്ങൾ ശേഖരിക്കാനും എനിക്ക് ഉത്സാഹമാണ്. ഹോമവിധികളും നന്നായി അറിയാം. പിന്നെ ഒഴിവുസമയങ്ങളിൽ അച്ഛന്റെ കഷണ്ടിത്തലയിൽ വിരലോടിച്ച് കൊഞ്ചാനും ഇഷ്ടം തന്നെ.

ഒരിക്കലും വെറുതെയിരിക്കാൻ പറ്റില്ല. എന്റെ ഈ ചുറുചുറുക്കും ഉത്സാഹവും എല്ലാവരും ഇഷ്ടപ്പെടുന്നുണ്ടെന്ന് ഞാൻ മനസ്സലാക്കുന്നു. അങ്ങനെയായിരിക്കാം കൃശാനുവും എന്നെ ഇഷ്ടപ്പെട്ടിട്ടുണ്ടാകുക. പേര് കൃശാനുവെന്നല്ല. പിന്നീടെപ്പോഴോ ആരോ വിളിച്ചു തുടങ്ങിയതാണ്. കൃശാശ്വൻ എന്നാണത്രെ നാമകരണാവസരത്തിൽ വിളിച്ചപേര് . പിന്നെ എല്ലാവരും വിളിച്ചുവിളിച്ച് 'കൃശാനു' ആയതാണത്രെ. ഒന്നോർത്തപ്പോൾ എനിക്കും തോന്നിയിരുന്നു, കൃശാശ്വൻ എന്ന പേര് ഒരു മുനികുമാരന് ചേർന്നതല്ലെന്ന്. 'മെലിഞ്ഞ കുതിര - അല്ലെങ്കിൽ മെലിഞ്ഞ കുതിരയുള്ളവൻ'. ഓർത്തപ്പോൾ ചിരിവന്നു. ആ ഏകാന്തതയിലും ഞാൻ പുഞ്ചിരിച്ചു. അഗ്നിതുല്യനായ അദ്ദേഹത്തെ ജനം അറിഞ്ഞുകൊണ്ടുതന്നെ വിളിച്ചതാവാം 'കൃശാനു' എന്ന്.

ഞാനെന്തിനാണ് ഇപ്പോൾ ഇങ്ങനെയൊക്കെ ചിന്തിക്കുന്നത്? മധുമന്ത്രം പോലെയുള്ള ഈ വനപ്രദേശം, എന്റെ മനസ്സും തരളിതമാക്കുന്നവോ? അരുത്.. എനിക്കിനിയും ഏറെ അറിയേണ്ടതുണ്ട്. അതുകൊണ്ടു തന്നെ മനസ്സിനെ നിയന്ത്രണമില്ലാതെ അഴിച്ചു വിടരുത്.

മധുചൊരിയുന്ന മണ്ണ് ...
മധുവാഹിനിയായ ജലം ...
മധുമയമായ സൂര്യരശ്മികൾ ...
മധുരിമയേറുന്ന അന്തരീക്ഷം ...
മധുമയ സ്വനങ്ങൾ ...

പ്രകൃതിയുടെ, പ്രപഞ്ചത്തിന്റെ ഈ ശ്രീകോവിലിൽ ... ഇവിടെയുള്ള ചരാചരങ്ങൾ! അതെ ... സജ്ജനമനസ്സുപോലെ ശുദ്ധമായ വനം!

ഇവിടെ പരസ്പര സ്നേഹത്തോടെ വനവാസികളും വന്യജീവികളും. അവരെ ജീവിതരീതികളിൽ നിന്ന് ഏറെ അറിയാനുണ്ട്. എന്റെ ഈ ഏകാന്തജീവിതം അങ്ങനെ പ്രയോജനപ്പെടുത്താനാണ് എനിക്കാഗ്രഹം. വേദമന്ത്രങ്ങൾ ഉരുക്കഴിക്കുമ്പോലെത്തന്നെ സ്വാസ്ഥ്യ മന്ത്രങ്ങൾ കണ്ടുപിടിക്കാനും പറ്റിയ പ്രദേശമാണിത്. ശരീരത്തിന്റേയും മനസ്സിന്റേയും സ്വസ്ഥത. അതിനും ഒരു ഗുരുവിന്റെ സഹായം വേണ്ടിവരും. ചിലപ്പോൾ പ്രകൃതീമാതാവുതന്നെയായിരിക്കാം എന്റെ ഗുരു. കാത്തിരിക്കാം... ഒരു ഗുരുവിനെ കണ്ടെത്തും വരെ...

അധികമൊന്നും കാത്തിരിക്കേണ്ടിവന്നില്ല. ധാരാളം ഗുരുജനങ്ങൾ എത്തി. അനുഭവസമ്പത്തുള്ളവർ. അവരിൽ പല പ്രായക്കാരുണ്ട്.

പ്രകൃതിയും വനവാസികളുമൊക്കെ എന്റെ ഗുരുക്കന്മാരായി ... അവരിൽ നിന്ന് ഞാൻ മനസ്സിലാക്കിയ – ഞാൻ അനുഭവിച്ചറിഞ്ഞ സത്യം ഇതാണ്. എല്ലാ സസ്യങ്ങളും ഔഷധങ്ങൾ തന്നെ. എല്ലാ അക്ഷരങ്ങളും മന്ത്രശക്തിയുള്ളവയാണ്, എല്ലാ മനുഷ്യരും യോഗ്യരും പണ്ഡിതന്മാരുമാണ് പക്ഷെ, അതൊക്കെയറിയാനും കണ്ടെത്താനും ആരാണ് തയ്യാറാവുക. എന്റെ ഗുരുജനങ്ങൾ വനവാസികളാണല്ലോ. കാടിന്റെ കരൾത്തുടിപ്പറിയുന്നവർ. അവരിൽ നിന്നു തന്നെ തുടങ്ങണം എന്റെ അന്വേഷണം. പുൽനാമ്പിനോടുപോലും ചങ്ങാത്തം സൂക്ഷിക്കുന്നവർ ആണ് അവർ. അവരിൽ സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും ഉണ്ട്. അവരിൽ നിന്നും കിട്ടുന്ന ജ്ഞാനശകലങ്ങൾ ഞാനെന്റെ മനസ്സിൽ കുറിച്ച് വെയ്ക്കും. ഏതു കാര്യവും ഒരൊറ്റ പ്രാവശ്യം കേട്ടാൽ മതി അതെന്റെ മനസ്സിൽ പതിഞ്ഞിരിക്കും. അത്തരം ഒരു സിദ്ധി എനിക്ക് ബാല്യത്തിലെ കിട്ടിയിട്ടുണ്ട്.

പ്രശാന്തസുന്ദരമായ ആ വനത്തിൽ ചെന്നപ്പോൾ ഞാൻ ശ്രദ്ധിച്ചത് വനവാസിക്കുട്ടികളെയാണ്. കല്ലിലും, മണ്ണിലും, പുല്ലിലും കളിച്ചുനടക്കുന്ന കുട്ടികൾ!. ഇലയും, പൂവും, കായും, പഴങ്ങളും തിന്ന് ഊർജ്ജസ്വലതയോടെ ഓടിച്ചാടിനടക്കുന്നവർ... അവരുടെ തവിട്ടുനിറമാർന്ന തിളങ്ങുന്ന ചർമ്മവും, ചുരുണ്ടിടതൂർന്ന മുടിയും, തിളങ്ങുന്ന കണ്ണുകളും, തെളിഞ്ഞ ചിരിയും എന്നെ വല്ലാതെ ആകർഷിച്ചു. മുറിവുണക്കാൻ, ജ്വരം ബാധിക്കുമ്പോൾ, ചൊറിയും ചിരങ്ങും വരുമ്പോൾ, ദേഹത്ത് വെള്ളപ്പാണ്ടുകളോ, ചുണങ്ങോ ഉണ്ടാകുമ്പോൾ... ഇങ്ങനെയിങ്ങനെ വിവിധരോഗങ്ങൾക്ക് പ്രതിവിധിയായി അമ്മമാർ നൽകാറുള്ള ഇലച്ചാറുകൾ, പുരട്ടിത്തരാറുള്ള പച്ച മരുന്നുകൾ ... ഇതൊക്കെ അവർക്ക് അറിയാം. ഇലകളുടെ പേരറിയില്ലെങ്കിലും കണ്ടാൽ തിരിച്ചറിയാം.

വിരശല്യം, ദഹനക്കേട്, നേത്രരോഗം, മധുമേഹം, ത്രിദോഷങ്ങൾ എന്നുവേണ്ട എല്ലാ വ്യാധികൾക്കും ഇലച്ചാറുകൾ കൊണ്ടോ ഇലക്കൂട്ടുകൾ കൊണ്ടോ പ്രതിവിധി കണ്ടെത്തുന്നു.

ചില സസ്യങ്ങളെ പേരറിയില്ലങ്കിലും കുഞ്ഞുങ്ങൾ തിരിച്ചറിയുന്നു. അവയുടെ ഉപയോഗവും! പതുക്കെപ്പതുക്കെ... ആ ബാലഗുരുക്കളുമായി ഞാൻ അടുപ്പത്തിലായി. എന്റെ അമ്മയുടെ ലോകമാതൃത്വ സിദ്ധിയുടെ ഒരംശം എന്നിലേക്ക് ആവാഹിക്കുന്നതുപോലെ.

ഒരു പക്ഷെ, ആ വനപ്രദേശത്തിന്റെ ഒരു ശക്തി തന്നെയാവാം, ആ വനവാസികുഞ്ഞുങ്ങളും ഞാനുമായി ഒരു ബന്ധം വളർന്നു ശക്തിപ്പെടുന്നുണ്ടെന്ന് തോന്നി. അവരോടൊപ്പം കൂടുതൽ സമയം ചെലവഴിച്ചുതുടങ്ങി. അങ്ങനെ.. അവരുടെ മാതാപിതാക്കളുമായി അടുക്കാനും. മറ്റൊന്നിനും വേണ്ടിയല്ല എന്ന് ഞാൻ സ്വയം ബോധ്യപ്പെടുത്തി. കാട്ടുചെടികളും അവയുടെ ഔഷധശക്തിയും അറിയാൻവേണ്ടി മാത്രം. എനിക്ക് ബോധ്യമായി എല്ലാ സസ്യങ്ങളും ഔഷധങ്ങൾ തന്നെ പക്ഷെ, അത് അറിഞ്ഞ് ഉപയോഗിക്കണം. ആ തിരിച്ചറിവിന് അനുഭവത്തിന്റെ സാക്ഷ്യം വേണം. ഒന്നുകിൽ സ്വയം ആർജ്ജിക്കുന്ന അറിവ്. അല്ലെങ്കിൽ ഒരു ഗുരുവിൽ നിന്നും.

വിഷാംശം ഒരിക്കൽ അനുഭവിച്ചറിഞ്ഞതാണ് അതുകൊണ്ടുണ്ടായ അവമതിയും അവഗണനയും ഒക്കെ .. അതുകൊണ്ടുതന്നെ ഇനി അങ്ങനെ ഒരു ശ്രമം വേണ്ട. ഈ ബാലഗുരുക്കളും അവരുടെ മാതാപിതാക്കളും! ഇനി അവരാണ് എന്റെ ഗുരുജനങ്ങൾ. അവരിൽ ഓരോരുത്തരിലും പല അറിവുകളും കഴിവുകളും ഒളിച്ചിരിപ്പുണ്ട്. അത് കണ്ടെത്താനാണ് ഇനി എന്റെ പരിശ്രമം. ആ വനവാസികളുടെ സംസർഗ്ഗം എന്നെ അറിവിന്റെ പുതിയപുതിയ മേഖലകളിലേക്ക് എന്നെ കൊണ്ടുപോയി. പലതരം സസ്യങ്ങൾ, കായ്കൾ, പഴങ്ങൾ, ഇലകൾ, വേരുകൾ ഇവയിൽ എവിടെയൊക്കെയാണ് ജീവനൗഷധങ്ങൾ ഒളിച്ചിരിക്കുന്നത്! ഇതൊക്കെയായി എന്റെ അന്വേഷണം.

പലപ്പോഴും പല സസ്യങ്ങളുടേയും പേരു

പോലും അറിയില്ല . എന്നാലും അവയുടെ ചിത്രം ഞാൻ മനസ്സിൽ സൂക്ഷിച്ചു. ചില ഇലകളും, കായ്കളും, വേരുകളുമൊക്കെ ഉണക്കിസൂക്ഷിക്കും. മറ്റു ചിലത് ഉണക്കിപ്പൊടിച്ചുവെയ്ക്കും. അവയുടെ പേരും ഉപയോഗക്രമവും ഒക്കെ വനവാസി അമ്മമാർ അവരുടെ പ്രാകൃത ഭാഷയിൽ വിവരിക്കും. അമ്മമാരുടെ ഭാഷ അത് മനസ്സിലാക്കാൻ വലിയ പ്രയാസമൊന്നും ഉണ്ടാവാറില്ല. അങ്ങനെ ഋഗ്വേദത്തിലൂടെയും ഔഷധവേദത്തിലൂടെയും ഞാൻ അലയുകയായിരുന്നു. ആ വനവാസി ജനങ്ങളുടെ സ്നേഹവും പരിഗണനയും എന്നിൽ എന്തൊക്കെയോ മാറ്റം വരുത്തുന്നുണ്ട്. ആ കുഞ്ഞുങ്ങളോട് കൂടുമ്പോൾ എന്റെയുള്ളിലും ഒരു മാതൃഭാവം. ഇടയ്ക്കൊക്കെ അച്ഛനും അപൂർവ്വമായി അമ്മയും ആശ്രമത്തിൽ വരാറുണ്ട്. ■

---

(23-ാം പേജിന്റെ തുടർച്ച...)

മുന്നിലായി അവിടവിടെയായി നടുക്ക് കുഴിയുള്ള ചതുരക്കല്ലുകൾ കാണാം. ഇത് പണ്ടുണ്ടായിരുന്ന ക്ഷേത്രത്തിന്റെ ബാക്കി ഭാഗങ്ങളാകാം. ക്ഷേത്രമതിലിനുപുറത്ത് നാഗദേവതകളുമുണ്ട്. വൈശാഖമാസത്തിലെ നരസിംഹജയന്തിയും, ചിങ്ങമാസത്തിലെ അഷ്ടമിയും, ചിങ്ങതിരുവോണവും, മണ്ഡലകാലവും ഇവിടെ പ്രധാനമാണ്. പെരുംതൃക്കോവിലപ്പൻ രാജത്വമുള്ള ദേവനായതിനാൽ ഭഗവാന്റെ ഉത്സവ എഴുന്നള്ളത്തിന് രാജചിഹ്നങ്ങളായ വാളും, പരിചയും പിടിക്കാറുണ്ട്. ക്ഷേത്രമതിലകത്ത് വടക്കുകിഴക്ക് മൂലയിലുള്ള കൊക്കരണി ഒരത്ഭുതമാണ്. അടിത്തട്ടുവരെ പടികളുള്ള ഇവിടെ പ്രത്യേക മാർഗ്ഗത്തിലൂടെ നടന്നിറങ്ങിച്ചെന്ന് വെള്ളം മുക്കിയെടുക്കാം. ഒരിക്കലും ഇവിടെ വെള്ളം വറ്റിയിട്ടുമില്ല.

കർണ്ണാടക സംഗീത ലോകത്തെ അത്ഭുത പുരുഷനായിരുന്ന ഷഡ്കാലഗോവിന്ദമാരാരുടെ ജന്മനാടാണ് രാമമംഗലം. രാമമംഗലത്ത് കരവട്ടേടത്ത് തറവാട്ടിൽ ജനിച്ച ഗോവിന്ദമാരാർ ഈ ക്ഷേത്രത്തിലെ അടിയന്തിരക്കാരനായിരുന്നു. അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനായി പെരുംതൃക്കോവിൽ ദേവസ്വത്തിന്റെ സഹകരണത്തോടെ ഇവിടെ ഒരു സംഗീതകലാസമതി പ്രവർത്തിക്കുന്നുണ്ട്. അന്യംനിന്ന് പൊയ്ക്കൊണ്ടിരിക്കുന്ന പല ക്ഷേത്രകലകളും ഇവിടെ പുനർജ്ജനിക്കുന്നു. സാംസ്കാരിക പാരമ്പര്യങ്ങളേയും, പൈതൃകങ്ങളേയും പരിരക്ഷിക്കേണ്ടവർ തന്നെ അവയെ ഇല്ലാതാക്കാൻ ശ്രമിക്കുന്ന ഈ കാലഘട്ടത്തിലും ഈ ക്ഷേത്രം പുരോഗതിയിലേക്കുയർന്നുകൊണ്ടിരിക്കുന്നതിൽ ക്ഷേത്രഭാരവാഹികളും, ദേശവാസികളും ഒരുപോലെ അഭിനന്ദനം അർഹിക്കുന്നു. പ്രസിദ്ധരും വൈയ്യാകരണന്മാരുമായിരുന്ന കാശിമന നമ്പൂതിരിമാരും, തർക്കശാസ്ത്ര നിപുണനായിരുന്ന കാക്കശ്ശേരി ഭട്ടതിരിയും, ജ്യോതിഷ പണ്ഡിതനായിരുന്ന തലക്കുളത്ത് ഭട്ടതിരിയും പെരുംതൃക്കോവിലപ്പന്റെ ഉപാസകരായിരുന്നു.

ഉണ്ണിഭൂതത്തിന്റെ ഉണ്മകളെയും പെരുംതൃക്കോവിലപ്പന്റെ പെരുമകളേയും ഭക്തജനങ്ങളിലേക്കെത്തിക്കുവാനുള്ള ഒരു എളിയശ്രമമാണ് ഈ ലേഖനം. ഉണ്ണികളുടെ തോഴനായ ഉണ്ണി ഭൂതത്തിന്റെയും ഭക്തരക്ഷകനായ ബാലനരസിംഹസ്വാമിയുടേയും അനുഗ്രഹാശിസ്സുകൾക്കായി ഭക്തിപൂർവ്വം നമിക്കുന്നു. ■

---

## എറണാകുളം കരയോഗം ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2025 നവംബർ മാസം സംഭാവന നൽകിയവർ

| | | |
|---|---|---|
| 1 | സുനിൽകുമാർ ബി മേനോൻ, ശിവഗംഗ, തെക്കുംഭാഗം, തൃപ്പൂണിത്തുറ | 10,001 |
| 2 | വാസുദേവൻ ആർ, 14/395, തേജസ്, പള്ളുരുത്തി, കൊച്ചി | 5,000 |
| 3 | കെ. വി പ്രകാശ്, മിഥില, ലിങ്ക് അവന്യൂ, കലൂർ | 5,000 |
| 4 | മഹേഷ് എം, 39/751, ഗോകുൽ, ചിറ്റൂർ റോഡ്, കൊച്ചി-682011 | 5,000 |

# അനഭിമതനായി ശകുനി

ഡോ. രാജേശ്വരി കുഞ്ഞമ്മ – 9388382009

(തുടർച്ച.....)

പിന്നിട് യുധിഷ്ഠരരുടെ സഭയിൽ എല്ലാവരും എത്തിച്ചേർന്നു കൂട്ടത്തിൽ ദുര്യോധനനും ശകുനിയും പിന്നെയും കുറേനാൾകൂടി അവിടെ താമസിച്ചുവെന്ന് പറയുന്നുണ്ട്. വ്യാസന്റെ വാക്കുകളും അനുഗ്രഹവും വാങ്ങിയ യുധിഷ്ഠിരൻ സഹോദരങ്ങളുമായി സഭയിൽ തിളങ്ങി. ഇതിനെക്കുറിച്ച് വൈശമ്പായനൻ പറയുന്നത് ദുര്യോധനൻ പാണ്ഡവരുടെ അസംബ്ലി ഹാളിൽ താമസിച്ചുവെന്നും ശകുനിയുമായി അവിടെയെല്ലാം നോക്കികണ്ടുവെന്നും അങ്ങനെ നടക്കുന്ന വഴിയിലാണ് വെള്ളമാണെന്ന് വിചാരിച്ചുനടന്നതും, വെള്ളമുള്ളിടത്ത് വീണതും അപഹാസ്യനാവുന്നതും ഇവിടെയെല്ലാം കുടിലതയുടെ ആൾരൂപമായ ശകുനിയും ഉണ്ടായിരുന്നുവെന്നും വിവരിക്കുന്നുണ്ട്. ഇവർ തിരികെ ഹസ്തിനപുരത്ത് വന്നിട്ടും പാണ്ഡവരുടെ അഭിവൃദ്ധിയിൽ വേദനിക്കുന്ന ദുര്യോധനൻ ശകുനിയോട് ഒന്നും സംസാരിച്ചില്ലായെന്നും പറയുന്നുണ്ട്. ശകുനി മൗനത്തിന്റെ കാരണമെന്താണെന്ന് ചോദിക്കുന്നുണ്ട്. മറുപടിയായി പാണ്ഡവരുടെ ഉയർച്ചയിൽ തനിക്കസൂയ ഉണ്ടെന്ന് പറയുന്നു. അപ്പോൾ ദുര്യോധനൻ, താൻ വെള്ളത്തിൽ ചാടുകയോ, അഗ്നിക്കിരയാവുകയോ ചെയ്യുമെന്ന് പറയുന്നു. അദ്ധ്യായം 48-ൽ ശകുനി പറയുന്നു 'ദുര്യോധനാ നീ അസൂയപ്പെടേണ്ട അവരുടെ നല്ലകാലം'. നമുക്കവരെ സാവധാനം നശിപ്പിക്കാം. അവർക്ക് ദ്രൗപതിയെ ഭാര്യയായും ആ സാമ്രാജ്യത്തിന്റെ ശക്തിയും ഉണ്ട് പോരാത്തതിന് കൃഷ്ണനേയും സഹായിയായി ലഭിച്ചു. നിന്നെ സഹായിക്കാനാരുമില്ലായെന്ന് കരുതേണ്ട, നിന്റെ സഹോദരങ്ങൾ, കർണ്ണൻ തുടങ്ങി ഞങ്ങളെല്ലാവരുമുണ്ട്. പാണ്ഡവർക്ക് സഹായിയായവരെല്ലാം ധീരയോദ്ധാക്കളാണ്. പക്ഷെ എനിക്കറിയാം എങ്ങനെ യുധിഷ്ഠിരനെ തോൽപ്പിക്കണ മെന്ന്. ദുര്യോധനന്റെ എങ്ങനെയെന്നുള്ള ചോദ്യത്തിന് മറുപടിയായിട്ടാണ് ശകുനി പറയുന്നത് 'കുന്തി പുത്രനായ യുധിഷ്ഠിരന് ചൂതുകളിയിൽ താല്പര്യം ഉണ്ട്. പക്ഷേ കളിക്കാനറിയില്ല അയാളെ ചൂതുകളിക്ക് വിളിച്ചാൽ പിന്മാറുകയില്ല. ഞാൻ കളിക്കാൻ മിടുക്കനുമാണ്. എന്നെ ആർക്കും തോൽപ്പിക്കാൻ കഴിയില്ല. അതുകൊണ്ട് പുത്രാ നീ ചൂതിന് വിളിക്കു!' ഈ വിവരം രാജാവിനോട് പറയണം. ഞാൻ ചൂതുകളിച്ച് യുധിഷ്ഠിരന്റെ എല്ലാ സ്വത്തുക്കളും നമുക്കനുകൂലമാക്കാം. അങ്ങനെ ശകുനി ദുര്യോധനനുമായി രാജാവിന്റെ അടുത്തെത്തി. ശകുനി പറഞ്ഞു 'അല്ലയോ രാജാവേ! അങ്ങയുടെ പുത്രൻ ക്ഷീണിതനായിരിക്കുന്നു. കാരണം അന്വേഷിക്കാത്തതെന്താണ്? രാജാവ് പറഞ്ഞു' എനിക്കതിന്റെ കാരണമറിയില്ല നീ നല്ല വേഷം ധരിക്കുന്നു, നല്ല കുതിരപ്പുറത്ത് സഞ്ചരിക്കുന്നു, നല്ല ആഹാരം കഴിക്കുന്നു, എല്ലാവരും നിന്റെ ആജ്ഞക്കായി കാത്തുനിൽക്കുന്നു. 'ദുര്യോധനൻ പറഞ്ഞു'. ഇതെല്ലാം ശരിയാണ് പക്ഷേ ഞാൻ കുറച്ച് അസൂയാലുവാണ്. യുധിഷ്ഠിരന്റെ അഭിവൃദ്ധിയാണിതിനു കാരണം. എനിക്കൊന്നും ആസ്വദിക്കുവാൻ കഴിയുന്നില്ല. കുന്തിയുടെ മക്കളുടെ ഐശ്വര്യം എന്നെ ക്ഷീണിപ്പിച്ചു. പിന്നീട് ഇന്ദ്രപ്രസ്ഥത്തിൽ കണ്ടതും നടന്നതുമെല്ലാം പറയുന്നു. ഇതെല്ലാം കേട്ടപ്പോൾ ശകുനി പറയുന്നു 'ശരിയാണ് ഞാൻ എന്റെ പകിടകൊണ്ട് എല്ലാം നേടാം. കുന്തീപുത്രനും പകിടകളി ഇഷ്ടമാണ് വിളിച്ചാൽ വരും. അല്ലയോ രാജാവേ അതാണ് വേണ്ടത്, അതുചെയ്യുക'. ഇന്ദ്രപ്രസ്ഥത്തിലെ അത്ഭുതകാഴ്ചകളും ദുര്യോധനന് പറ്റിയ അമളികളും പാണ്ഡവരുടെ ചിരിയുമൊക്കെ തന്നെ കുത്തിനോ

വിപ്പിക്കുന്നു. ദുര്യോധനന് ശകുനിയുടെ വാക്കുകൾ സന്തോഷമുളവാക്കി.

അവസാനം യുധിഷ്ഠിരനെ ചൂതുകളിക്കാൻ വിളിക്കാൻ ധൃതരാഷ്ട്രർ വിദുരരെ അയച്ചു. വിദുരർക്ക് ഇതെല്ലം ശകുനിയുടെ തന്ത്രമാണെന്നും സർവ്വനാശം സംഭവിക്കുമെന്നും അറിയാമായിരുന്നു. പക്ഷേ രാജകല്പന അനുസരിക്കണമല്ലോ. ചൂതുകളി ആരംഭിച്ചു. (ഈ പകിട ഗാന്ധാര രാജാവിന്റെ അസ്ഥികൊണ്ടുണ്ടാക്കിയതാണെന്നും ഇത് കയ്യിൽ കൊണ്ടുനടക്കുമ്പോഴെല്ലാം തന്നിൽ പ്രതികാരം പൂർവ്വാധികം വർദ്ധിക്കുമെന്നും ശകുനി പറയുമായിരുന്നു. പകിടയിൽ മറിമായം കാണിക്കുന്ന ശകുനി ജയിച്ചുകൊണ്ടേയിരുന്നു. ധർമ്മപുത്രർ സകലതും പണയം വെച്ചുവെന്നറിഞ്ഞപ്പോൾ കൗരവർ സന്തോഷിച്ചു. വിജയം അഹങ്കാരത്തിന്റെ, പ്രതികാരത്തിന്റെ കിരീടമായി കരുതിയ ശകുനി ഇനിയും നിനക്ക് പണയം വെയ്ക്കാൻ എന്ത് ഉണ്ട് എന്ന് വിളിച്ചു ചോദിച്ചു. അവസാനം പാഞ്ചാലി വരെ പണയപണ്ടമായി മാറി. ധർമ്മത്തിന്റെ മേൽ അധർമ്മത്തിന്റെ തേരോട്ടം. ഇങ്ങനെ അപമാനിതരായ പാണ്ഡവരെ അജ്ഞാതവാസക്കാലത്തേക്കയക്കാനുള്ള മോഹവുമായി വീണ്ടും യുധിഷ്ഠിരനെ ചൂതിന് വിളിച്ചു തോൽപ്പിച്ച് നാടുകടത്തി.

അജ്ഞാതവാസക്കാലത്ത് അക്ഷയപാത്രം ലഭിച്ച പാഞ്ചാലിക്ക് അന്നത്തിന് ബുദ്ധിമുട്ടില്ല. പക്ഷേ വേണ്ടവർ പാഞ്ചാലി ആഹാരം കഴിക്കുന്നതിന് മുൻപുവരണം. ഇത് മനസ്സിലാക്കിയതുപോലെയാണ് ദുർവ്വാസാവിന്റെ വരവും ഭഗവാൻ ഭക്തയെ വീണ്ടും രക്ഷിച്ചതും. ഇവിടെയും ആരുടേയോ കുടിലബുദ്ധി പ്രയോഗിച്ചിരുന്നിരിക്കാം. ഇതുപോലെ തന്നെ ദൂതിനു വന്ന ശ്രീകൃഷ്ണനെ ബന്ധിയാക്കാനുള്ള തീരുമാനത്തിന് പിന്നിലും ശകുനിയുടെ കരങ്ങൾ പ്രവർത്തിച്ചിട്ടുണ്ട്.

ശകുനി എന്ന ഗാന്ധാരകുമാരൻ ആദ്യം മടങ്ങി പോയെങ്കിലും ദുര്യോധനന്റെ രക്ഷകതൃസ്ഥാനം ഏറ്റെടുക്കാനും, സഹോദരി സ്നേഹമാണെന്നും മറ്റുള്ളവരുടെ മുൻപിൽ പ്രവർത്തിച്ച്, തന്റെ പ്രതികാരം മുഴുവൻ തീർക്കാൻ ശ്രമിച്ച ഒരു വ്യക്തിയായി മാറുകയാണ് ശകുനി പിന്നീട് ചെയ്തത്. രാജ്യഭരണത്തേക്കാൾ അയാൾക്കാവശ്യം ഹസ്തിനപുരത്തിന്റെ നാശമായിരുന്നു. ശക്തരായ പാണ്ഡവരെയും കൗരവരെയും തമ്മിലടിപ്പിക്കാനുതകുന്ന കുടില പ്രവർത്തികൾ ചെയ്തതും അതിനുവേണ്ടിയാണ് പക്ഷേ കാഴ്ചക്കാരുടെ മുൻപിൽ സഹോദരീസ്നേഹം ധാർമ്മികതയിലും, യുദ്ധവീര്യത്തിലും മറ്റാർക്കും തോൽപിക്കാൻ കഴിയാത്ത ഭീഷ്മർ, ബുദ്ധിയുടെ മൂർത്തിമത് ഭാവമായ വിദുരർ, ദ്രോണർ ഇവരുടെ മുൻപിൽ നയിക്കുവാൻ പ്രപഞ്ചം നിറഞ്ഞുനിൽക്കുന്ന കൃഷ്ണ ശക്തി. ധൃതരാഷ്ട്രർക്കാണെങ്കിൽ ഏതൊരച്ഛനേയും പോലെ അന്ധമായ പുത്രസ്നേഹം. ഇവിടെ കുടിലതയുടെ, വഞ്ചനയുടെ, പ്രതികാരത്തിന്റെ ശക്തമായ വാക്കുകളും ഭാവചലനങ്ങളുമായി മഹാഭാരതത്തിലുടനീളം നമുക്ക് ശകുനിയെ കാണാം.

പലപ്പോഴും പുത്രവത്സലനായ ധൃതരാഷ്ട്രർ പോലും ദുര്യോധനനെ ഉപദേശിച്ചുവെങ്കിലും മനഃശാസ്ത്രപഠനങ്ങളിൽ പറയുന്നതുപോലെ വളരെ ചെറിയ കുട്ടിയായിരിക്കുമ്പോൾ മുതൽ സ്വന്തം അമ്മാവനിൽ നിന്നും കേട്ടുപഠിച്ച പാഠങ്ങൾ ധർമ്മത്തിന്റെ പാതയിൽ നിന്നെല്ലാം പിന്തിരിയാനാണ് ദുര്യോധനനെ പഠിപ്പിച്ചത്. ഒരു സ്വല്പം സൗഹാർദ്ദപരമായ അന്തരീക്ഷം ഉണ്ടാക്കിയെടുക്കാൻ കൗരവർക്ക് സാധിച്ചിരുന്നുവെങ്കിൽ രണ്ടു കൂട്ടർക്കും സമാധാനമായിരുന്നേനെയെന്ന് വായനക്കാരെ മനസ്സിലാക്കിക്കാൻ വ്യാസൻ ഗാന്ധാരി ദുഃഖവും, യുധിഷ്ഠിരന്റെ സങ്കടവും വിശദമായി വിവരിക്കുന്നുണ്ട്. ആധുനിക മനഃശാസ്ത്രത്തിന്റെ അടിസ്ഥാനപരമായ തത്ത്വങ്ങളായ വളർച്ചയുടെ ഘട്ടങ്ങളിലെ സ്വാധീനശക്തിയെ വിശദമായി വ്യാസൻ ഇവിടെ വരച്ചുകാണിക്കുന്നു.

യുദ്ധാരംഭത്തിലൊക്കെ ശകുനി പുറകിൽ നിന്നും യുദ്ധം ചെയ്തു. സാമ്പകിയോട് എതിരിടാൻ 14-ാം ദിവസം ദുര്യോധനനോടൊപ്പം

ശകുനിയും എത്തി. ഇങ്ങനെ രണ്ടു പക്ഷത്തുമുള്ള പ്രായഭേദമന്യേയുള്ള വീരന്മാർ ഒന്നൊന്നായി സ്വർഗ്ഗം പൂകി. കൗരവപാണ്ഡവ യുദ്ധത്തിലല്ലാതെ തന്നെ വൈരികളായിരുന്ന പലരും അവരുടെ പ്രതികാരങ്ങളിവിടെ തീർത്തു. അർജ്ജുനന്റെ ബാണങ്ങൾക്ക് എതിരെ മായാപ്രയോഗം നടത്തിയെങ്കിലും ശകുനി പലപ്പോഴും പരാജയപ്പെട്ടു. 17 ദിവസത്തിനുള്ളിൽ കർണ്ണൻ മുതലുള്ള മഹാരഥന്മാരെല്ലാം മരണപ്പെട്ടു. 18 –ാം ദിവസം സഹദേവനും, ശകുനിയും തമ്മിലുള്ള യുദ്ധം. ശകുനിയുടെ ഭല്ലായുധം സഹദേവനെ ബോധരഹിതനാക്കി. ഈ സമയം ഭീമൻ ശകുനിയോട് യുദ്ധം ചെയ്തു. സഹദേവൻ ഉണർന്ന് ശകുനി പുത്രനായ ഉല്ലുകനുമായി യുദ്ധം ചെയ്ത് ഉല്ലുകനെ വധിച്ചു. കോപാകുലനായ ശകുനി സഹദേവന്റെ നേർക്ക് വാളെറിഞ്ഞു. വീണ്ടും ആയുധം ശേഖരിച്ചു വന്ന ശകുനിയുമായി സഹദേവൻ യുദ്ധം പുനരാരംഭിച്ചു. അവയെയെല്ലാം ഭീമൻ നശിപ്പിച്ചു. അവസാനം സഹദേവന്റെ കത്തി ശകുനിയുടെ കഴുത്തുമുറിച്ചു. ചൂതുകളി സമയത്ത് സഹദേവൻ പറഞ്ഞു 'അല്ലയോ സുബല പുത്രാ ഞാൻ നിങ്ങളെ തീർച്ചയായും വധിക്കും'. അത് സഹദേവൻ ചെയ്തു. ശകുനിയോട് സഹദേവൻ കള്ളചൂതിനേക്കുറിച്ച് ഓർമ്മിച്ചുകൊണ്ട് പറഞ്ഞു 'ഇന്ന് നിന്റെ തല ഞാൻ വീഴ്ത്തും വടി വീശിയെറിഞ്ഞു മരത്തിന്റെ കായ് വീഴുന്നതു പോലെ ഞാൻ നിന്റെ തല വീഴ്ത്തും' ഇവിടെ ശകുനിയുടെ ജീവിതമവസാനിച്ചു.

ശകുനി എന്ന പദത്തിന്റെ അർത്ഥം വലിയ പക്ഷി. അതായത് കഴുകൻ ജീവചരിത്രമായി രേഖപ്പെടുത്തിയിരിക്കുന്നത് ദ്വാപരയുഗത്തിൽ ഗാന്ധാരത്തിലെ കുമാരന് ഗാന്ധാരി എന്ന സഹോദരിക്കും 99 സഹോദരന്മാരുണ്ടായിരുന്നു. ഉല്ലുകൻ, വൃകാസുരൻ, വൃപ്രചിത്ത് എന്നീ മക്കളും ഭാര്യ ആർഷി മഹാഭാരതം ആദിപർവ്വത്തിൽ ദ്രോണർ, ദൃഷ്ടദ്യുമ്നൻ മുതലായവരുടെ ജനനം പറഞ്ഞുവരുമ്പോൾ സുബലയുടെ പുത്രൻ ശകുനിയേക്കുറിച്ച് പറയുന്നത് ധർമ്മത്തിന്റെ ശത്രു, അതേപോലെ വംശനാശം വരുത്തുന്നവൻ എന്നാണ്.എന്തായാലും സഹോദരിയോടുള്ള സ്നേഹം കൊണ്ടായാലും പ്രതികാരബുദ്ധി ചെറുപ്പത്തിലേ ഉണ്ടായിരുന്നതുകൊണ്ടും അത് വ്യക്തിത്ത്വത്തോടോപ്പം വളർന്നതായാലും ശാപം കിട്ടിയതിന്റെ ഫലമായാലും കൗരവപാണ്ഡവ യുദ്ധത്തിന്റെ കാരണക്കാർ ശകുനിയും, ശകുനിയുടെ പകിടകളിയിലുള്ള കുടിലതയുമാണോ എന്ന് തോന്നും. ഇവിടെ വ്യാസൻ ധർമ്മവും, അധർമ്മവും തമ്മിലുള്ള യുദ്ധമാണ് വരും തലമുറക്ക് ചിന്തിക്കാനുള്ള വഴിയായി കാണിച്ചുതരുന്നത്. പരസ്പര മത്സരവും, ചതിയും, അവിശ്വാസവും, സ്വാർത്ഥതയും കൊണ്ടൊന്നും നേടാൻ സാധിക്കില്ലായെന്നും പല സ്ഥലത്തും പറയേണ്ട കാര്യങ്ങൾ ആരുമറിയാതെ പറഞ്ഞ് അപകടത്തിൽ ചാടിക്കുന്നതും എത്ര ജ്ഞാനിയായാലും പറയേണ്ട സമയത്ത് പറയേണ്ടതത്യാവശ്യമാണെന്നും വ്യാസൻ പഠിപ്പിക്കുന്നു. വ്യാസന്റെ മഹാഭാരതകഥയിൽ കൗരവരുടെയും പാണ്ഡവരുടെയും കഥയാണെങ്കിലും അതിനോടനുബന്ധിച്ച് തികച്ചും കാരണഭൂതനാകേണ്ടിവന്ന ഒരു പാത്ര സൃഷ്ടിയാണ് ശകുനി. ഈ ശകുനിക്കും കേരളത്തിൽ കൊട്ടാരക്കരക്കടുത്ത് പവിത്രേശ്വരത്ത് ഒരു ക്ഷേത്രമുണ്ട്. അവരുടെ വിശ്വാസം ശകുനി ദുഷ്ട കഥാപാത്രമല്ല സാഹചര്യങ്ങളാണ് ദുഷ്ടനാക്കിയതെന്നാണ്. ആളിക്കത്തുന്ന തീ വിറകുകൊള്ളികളെ ചാമ്പലാക്കുന്നതുപോലെ ജ്ഞാനാഗ്നി സർവ്വകർമ്മങ്ങളെയും ഭസ്മീകരിക്കുന്നു. അതുകൊണ്ട് യോഗംകൊണ്ട് കർമ്മത്തെസംബന്ധിച്ചും ജ്ഞാനകൊണ്ട് സംശയത്തെ ഛേദിച്ചും ആത്മാവിനെ പരിശുദ്ധമാക്കട്ടെ, ഇങ്ങനെ മഹാഭാരതത്തിൽ ശകുനിമൂലമാണ് അധർമ്മത്തെ തോൽപ്പിച്ച് ധർമ്മത്തെ ജയിക്കാൻ സാധിക്കുമെന്ന് വ്യാസന് കാണിച്ചു കൊടുക്കാൻ കഴിഞ്ഞത്. ഈ അർത്ഥത്തിൽ ശകുനി ഒരു അവിഭാജ്യഘടകമായിരുന്നുവെന്ന് ആനുകാലികസംഭവങ്ങളിൽ ഇത്തരം കഥാപാത്രങ്ങൾ ജീവനുള്ള മനുഷ്യനിലൂടെ ഇന്ന് സഞ്ചരിക്കുന്നതായും കാണുവാൻ കഴിയുന്നത്. ■

# സർപ്പാരാധന കേരളത്തിൽ

എം. ആർ. എസ്. മേനോൻ – 9037126220

കേരളത്തിൽ ഏറ്റവും പ്രാചീനമായ ആരാധനാമൂർത്തികൾ സർപ്പങ്ങളും, ഭദ്രകാളിയും, ശാസ്താവുമാണ്. ഈ ദേവതകളെ ആരാധിച്ചു വന്നത് കാവുകളിലാണ്. കേരളത്തിൽ ക്ഷേത്രങ്ങൾ രൂപം കൊള്ളുന്നതിന് ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് കാവുകളായിരുന്നു ആരാധനാകേന്ദ്രങ്ങൾ. കാവുകളിലെ മരങ്ങളിലോ അല്ലെങ്കിൽ ശിലാരൂപങ്ങളിലോ ആയിരുന്നു ദേവതാസങ്കൽപ്പം. ക്ഷേത്രങ്ങളിൽ വിഗ്രഹങ്ങളുടെ രൂപത്തിൽ ആരാധന തുടങ്ങുന്നതിന് മുമ്പ് തറയിൽ ദേവതകളുടെ ചിത്രം പഞ്ചവർണ്ണപ്പൊടികൾ കൊണ്ട് വരച്ചാണ് ആരാധനയുടെ തുടക്കം. പിന്നീടാണ് കാവുകൾ ക്ഷേത്രങ്ങളായി മാറിയത്. വീടുകളോടും, ക്ഷേത്രങ്ങളോടും അനുബന്ധിച്ച് കേരളത്തിൽ സാർവ്വത്രികമായി നിലനിന്ന ഒന്നായിരുന്നു സർപ്പാരാധന.

**നാഗങ്ങളുടെ ഉത്പത്തി**

മഹാഭാരതത്തിൽ ആദിപർവത്തിലാണ് നാഗങ്ങളുടെ കഥ വിവരിക്കുന്നത്. ബ്രഹ്മാവിന്റെ മാനസപുത്രനായ മരീചിയുടെ പുത്രനായ കശ്യപന്റെ പത്നിമാരായിരുന്നു ദക്ഷപുത്രിമാരായ കദ്രുവും, വിനതയും. കശ്യപൻ അവരോട് ഇഷ്ടമുള്ള വരങ്ങൾ ചോദിക്കാൻ ആവശ്യപ്പെട്ടപ്പോ ൾ കദ്രു പ്രതാപികളായ ആയിരം നാഗങ്ങൾ പുത്രന്മാരായി വേണമെന്ന് ആവശ്യപ്പെട്ടു. വിനതയാവട്ടെ ശക്തരായ രണ്ടു മക്കളെയാണ് ആവശ്യപ്പെട്ടത്. കശ്യപൻ രണ്ട് പേരെയും വരങ്ങൾ നൽകി അനുഗ്രഹിച്ചു. രണ്ട് പേരും രണ്ട് മാംസപിണ്ഡങ്ങളെയാണ് പ്രസവിച്ചത്, കദ്രു പ്രസവിച്ച ആയിരം മുട്ടകൾ അടങ്ങിയ മാംസപിണ്ഡം ഒരു കുടത്തിലും വിനതയുടെ രണ്ട് മുട്ടകൾ അടങ്ങിയ മാംസപിണ്ഡം മറ്റൊരു കുടത്തിലും സൂക്ഷിച്ചു. അഞ്ഞൂറ് വർഷം കഴിഞ്ഞപ്പോൾ കദ്രുവിന്റെ മുട്ട പൊട്ടി ആയിരം നാഗശിശുക്കൾ പുറത്ത് വന്നു. വിനിത തന്റെ മുട്ടകൾ വിരിയാത്തതിൽ അക്ഷമയോടെ ഒരു മുട്ട പൊട്ടിച്ചു. അതിൽ നിന്നും പൂർണ്ണവളർച്ചയെത്താത്ത അരുണൻ പുറത്ത് വന്നു. തന്നെ കാത്തിരിക്കാൻ ക്ഷമയില്ലാത്ത വിനത കദ്രുവിന്റെ ദാസിയായിത്തിരട്ടെ എന്ന് അരുണൻ ശപിച്ചു. അഞ്ഞൂറ് വർഷം കൂടി കഴിഞ്ഞ് പുറത്ത് വരുന്ന രണ്ടാമത്തേ പുത്രൻ ദാസ്യത്തിൽ നിന്ന് മോചിപ്പിക്കുമെന്ന് ശാപമോക്ഷവും കൊടുത്തു. പാലാഴി മഥനത്തിൽ ലഭിച്ച ഉച്ചൈശ്രവസ് എന്ന കുതിരയുടെ വാലിൽ ഒരു കറുത്ത രോമമുണ്ടന്ന് കദ്രുവും ഇല്ലെന്ന് വിനതയും തർക്കമുണ്ടായി. തോൽക്കുന്നയാൾ ജയിക്കുന്നയാളിന്റെ ദാസിയാകണമെന്നായിരുന്നു വ്യവസ്ഥ. സത്യത്തിൽ വാലിൽ കറുത്ത രോമം ഇല്ലാത്തതിനാൽ കദ്രു തന്റെ മക്കളോട് ഒരാൾ കുതിരയുടെ വാലിൽ കറുപ്പ് നിറം ഉണ്ടന്ന് തോന്നിക്കാനായി തൂങ്ങിക്കിടക്കണമെന്ന് അഭിപ്രായപ്പെട്ടു. ചില നാഗങ്ങൾ അതിനെ എതിർത്തപ്പോൾ അവർ അഗ്നിയിൽ വീണ് ചാകട്ടെയെന്ന് ശപിച്ചു. ഒരു നാഗം ഉച്ചൈശ്രവസിന്റെ വാലിൽ രോമം പോലെ കിടക്കുകയും പന്തയത്തിൽ തോറ്റ വിനത കദ്രുവിന്റെ ദാസിയാകുകയും ചെയ്തു. ദാസ്യം ഒഴിവാക്കണമെങ്കിൽ ദേവലോകത്ത് നിന്ന് അമൃത് കൊണ്ട് വന്ന് കദ്രുവിനും പുത്രന്മാർക്കും കൊടുക്കണമെന്നായിരുന്നു വ്യവസ്ഥ. വിനതയുടെ രണ്ടാമത്തെ മുട്ട വിരിഞ്ഞ് ജനിച്ച ഗരുഡൻ ദേവലോകത്ത് നിന്ന് അമൃത് കൊണ്ട് വന്ന്

➞

കൊടുത്ത് അമ്മയുടെ ദാസ്യം അകറ്റി. മഹാവിഷ്ണുവിന്റെ വാഹനമായിത്തീർന്ന ഗരുഡൻ നാഗങ്ങളുടെ ശത്രുവായിത്തീർന്നു. പിന്നീട് ഗരുഡൻ തരം കിട്ടുമ്പോഴൊക്കെ നാഗങ്ങളെ ഉപദ്രവിക്കാൻ തുടങ്ങി. പരീക്ഷിത്ത് രാജാവിന്റെ മകൻ ജനമേജയൻ തന്റെ പിതാവിന്റെ മരണത്തിന് കാരണമായ നാഗങ്ങളെ നശിപ്പിക്കാൻ സർപ്പസത്രം നടത്തിയപ്പോൾ സർപ്പങ്ങൾ ഓരോന്നായി അഗ്നിയിൽ വീണു ദഹിക്കാൻ തുടങ്ങി, ദുഖിതയായ അമ്മ തന്റെ ശാപം ഫലിക്കാറായി എന്ന് കണ്ട് ദുഃഖിതയായി കശ്യപ മഹർഷിയോട് തന്റെ കുട്ടികളെ രക്ഷിക്കാൻ അഭ്യർത്ഥിച്ചു. പാപികളായ നാഗങ്ങൾ മാത്രമേ നശിക്കുകയുള്ളുവെന്നും ജഗത്തിന്റെ നിലനിൽപ്പിന് നാഗങ്ങൾ ആവശ്യമാണ് എന്നും മഹർഷി പറഞ്ഞു. ജരൽക്കാരു മഹർഷിക്ക് അതേ പേരുള്ള ഒരു സ്ത്രീയിൽ ജനിക്കുന്ന പുത്രന് മാത്രമേ ഈ യാഗം മുടക്കാൻ കഴിയൂ എന്ന് പറഞ്ഞു. വാസുകി തന്റെ സഹോദരി ജരൽക്കാരു എന്ന പേരുള്ള നാഗകന്യകയെ ജരൽക്കാരു മഹർഷിക്ക് വിവാഹം കഴിച്ച് കൊടുക്കുകയും അവരുടെ പുത്രൻ ആസ്തികൻ ജനമേജയനെ സ്തുതിച്ചു സർപ്പസത്രം നിർത്തിച്ചു. തക്ഷകനും ബാക്കി സർപ്പങ്ങളും രക്ഷപ്പെട്ടു. സന്തോഷപൂർവ്വം നാഗങ്ങൾ വരം ആവശ്യപ്പെട്ടപ്പോൾ ആസ്തികൻ ഈ കഥ പറയുന്നവർക്കും കേൾക്കുന്നവർക്കും താൻ നൽകുന്ന മന്ത്രങ്ങളിൽ ഒന്ന് ജപിക്കുന്നവർക്കും നാഗങ്ങളുടെ അനുഗ്രഹം ഉണ്ടാവണമെന്നാണ് വരം ആവശ്യപ്പെട്ടത്.  ഇന്നും നാഗാരാധനക്ക് പുള്ളോൻ പാട്ടിന് ഈ കഥയാണ് പാടുന്നത്.

**സർപ്പങ്ങളും നാഗങ്ങളും**

സാധാരണയായി സർപ്പം, നാഗം ഇത് രണ്ടും ഒന്നായിട്ടാണ് പൊതുവേ കണക്കാക്കപ്പെടുന്നത്. എന്നാൽ സർപ്പത്തിന് നാഗത്തെ അപേക്ഷിച്ച് ദൈവികത കുറവാണ് എന്ന് കരുതുന്നത്. നാഗത്തിന് വിഷം ഉണ്ടെങ്കിലും അത് ആരെയും ഉപദ്രവിക്കില്ല. നാഗത്തിന് സർപ്പത്തിനെ പോലെ ഭയപ്പെടുത്തുന്ന രൂപം ഇല്ല, നാഗത്തെ വിഗ്രഹത്തിൽ ആവാഹിച്ച് പൂജിക്കാറുണ്ട്. സർപ്പം പൊതുവേ ശാന്തരല്ല, അവ ശക്തരും നീണ്ട് ചുരുണ്ട രൂപമുള്ളതും സകലതിനെയും വിഷത്താൽ നശിപ്പിക്കാൻ കഴിവുള്ളവരുമാണ്. പൊതുവേ നാഗങ്ങൾ വൈഷ്ണവവും, സർപ്പം ശൈവവും ആണ് എന്നാണ് കരുതുന്നത്. നാഗങ്ങളുടെ തലവനായ അനന്തന്റെ മുകളിലാണ് വിഷ്ണുവിന്റെ കിടപ്പ്. സർപ്പരാജാവായ വാസുകിയാണ് ശിവന്റെ ആഭരണം. സർപ്പശ്രേഷ്ഠനായ വാസുകിയും നാഗശ്രേഷ്ഠനായ അനന്തനും താൻ തന്നെയാണെന്ന് ഗീതയിൽ പറയുന്നു (ഗീത 10 .28.29)ഏതായാലും ചില വ്യത്യാസങ്ങൾ ചില ഗ്രന്ഥങ്ങളിൽ കാണാമെങ്കിലും പൊതുവേ ഒന്നായിത്തന്നെ പരിഗണിക്കാം. കദ്രുവിന്റെ ആയിരം മക്കളിൽ പ്രധാനപ്പെട്ട  അനന്തൻ, വാസുകി, തക്ഷകൻ, കോർക്കോടകൻ, ശംഖൻ, പത്മൻ, മഹാപത്മൻ, ഗുളികൻ എന്നിവയാണ് അഷ്ടനാഗങ്ങൾ. ഇവയിൽ പ്രധാനം ആയിരം തലകളുള്ള അനന്തൻ ആദിശേഷനായി മഹാവിഷ്ണുവിന്റെ ശയ്യയായി. കദ്രുവും വിനതയും തമ്മിലുള്ള വഴക്ക് കണ്ട് മടുത്ത അനന്തൻ തപസ്സ് ചെയ്ത് ബ്രഹ്മാവിനെ പ്രത്യക്ഷപ്പെടുത്തി. ബ്രഹ്മാണ്ഡം മുഴുവൻ നശിച്ചാലും അനന്തന് നാശമില്ല എന്നാണ് ബ്രഹ്മാവ് വരം കൊടുത്തത്. ലക്ഷ്മണനും, ബലരാമനും അനന്തന്റെ അവതാരം എന്താണ് വിശ്വാസം. അനന്തന്റെ സഹോദരനായ വാസുകി ശിവന്റെ വിരലിലെ മോതിരമാണ്. തക്ഷകൻ അമ്മയുടെ കോപത്തിനും ശാപത്തിനും കാരണമായ ധർമ്മിഷ്ഠരായ നാഗങ്ങളുടെ നേതാവായിരുന്നു. മഹാഭാരതത്തിൽ നിരവധി സന്ദർഭങ്ങളിൽ തക്ഷകൻ പ്രത്യക്ഷപ്പെടുന്നുണ്ട് നളന്റെ കഥയിൽ കാർക്കോടകനെ കാണാം. ഉഗ്രസർപ്പമാണെങ്കിലും ഉപദ്രവകാരിയല്ല ശംഖൻ.

➙

ഒരു തല മാത്രമുള്ള ഉഗ്രരൂപമാണ് പത്മൻ. പത്തിയിൽ തൃശൂലവും വെളുത്ത നിറവുമാണ് മഹാപത്മൻ. ഭയമുളവാക്കുന്ന ഉഗ്രരൂപം ഉള്ള താണ് ഗുളികൻ.

**സർപ്പാരാധന ഐതിഹ്യം**

പരശുരാമനുമായി ബന്ധപ്പെട്ടാണ് കേരള ത്തിലെ നാഗാരാധനയുടെ ചരിത്രം., കേരളം പരശുരാമൻ കടലിൽ നിന്ന് സൃഷ്ടിച്ചുവെന്നാ ണല്ലോ ഐതിഹ്യം. പരശുരാമൻ ഈ ഭൂമി ബ്രാഹ്മണർക്ക് ദാനം ചെയ്തു. ജലത്തിലെ ലവണാംശവും പാമ്പുകളുടെ ആധിക്യവും കാരണം ഭൂമി വാസയോഗ്യമല്ലാത്തതിനാൽ അവർ ഇവിടം വിട്ട് പോയി. പരശുരാമൻ ശിവ ന്റെ ഉപദേശ പ്രകാരം നാഗരാജാവായ അന ന്തനേയും സർപ്പശ്രേഷ്ഠനായ വാസുകിയേയും തപസ് ചെയ്തു. സർപ്പങ്ങളെ പൂജിക്കുകയും അവർക്ക് പ്രത്യേക വാസസ്ഥാനം നൽകുകയും ചെയ്താൽ അവരുടെ ശല്യം ഉണ്ടാകുകയില്ല എന്ന് അറിയിച്ചു. ഇതനുസരിച്ചതിനാൽ ആണ് പരശുരാമഭൂമിയിൽ ബ്രാഹ്മണർക്ക് താമസി ക്കാൻ സാധിച്ചതെന്നാണ് വിശ്വാസം. പക്ഷേ ഇതിന് ചരിത്രപരമായ യാതൊരു അടിത്തറ യുമില്ല. കടലിൽ നിന്ന് രൂപം കൊണ്ടതാണ് കേരളം എന്ന ചരിത്രാംശത്തെ ഐതിഹ്യവു മായി ബന്ധിച്ചതാവാം പരശുരാമകഥ. അഹോ ബിലം എന്ന സ്ഥലത്ത് നിന്ന് പരശുരാമൻ ബ്രാഹ്മണരെ കൊണ്ടുവന്ന് 64 ബാഹ്മണഗ്രാമ ങ്ങൾ സ്ഥാപിച്ചതിൽ 32 എണ്ണം കേരളത്തി ലും 32 എണ്ണം തുളുനാട്ടിലും ആണ് എന്നാണ് വിശ്വാസം. ഇത് രാമാവതാര കാലത്തെ പരശു രാമൻ ആകാനിടയില്ല. കേരളത്തിൽ പരശുരാമ ൻ ബ്രാഹ്മണരെ കൊണ്ടുവന്നപ്പോൾ കേരള ത്തിലെ നിവാസികൾ നാഗന്മാർ ആയിരുന്നു വെന്ന് കരുതുന്നു. ഏറ്റവും അധികം നാഗാരാധ ന നിലനിന്നത് കേരളത്തിലായിരുന്നു. പരശുരാ മൻ കേരളത്തെ കീഴടക്കി ബ്രാഹ്മണർക്ക് ദാ നം ചെയ്തപ്പോൾ നാഗാരാധകരായ നാഗന്മാർ അവരെ ഇവിടെ നിന്ന് ഓടിക്കുകയുണ്ടായി. നാഗന്മാരാണ് നായർ ആയി മാറിയതെന്നാണ് ചട്ടമ്പിസ്വാമികൾ അഭിപ്രായപ്പെട്ടിരിക്കുന്നത്. ഏറ്റവും കൂടുതൽ നാഗാരാധന പാരമ്പര്യം ഉള്ളത് നായർ സമുദായത്തിനാണല്ലോ? കേര ളത്തിൽ നിന്ന് പോയ ബ്രാഹ്മണരെ തിരിച്ച് കൊണ്ടു വന്ന് നാഗാരാധനയേയും നാഗന്മാരെ യും അംഗീകരിച്ചതിന് ശേഷം സർപ്പങ്ങൾക്ക് പൂജയും ബലിയും നൽകി അംഗീകരിച്ച് നാഗ ന്മാരുടെ ആചാരങ്ങളും അംഗീകരിച്ചശേഷമാ ണ് അവർക്ക് കേരളത്തിൽ താമസിക്കാൻ സാ ധിച്ചത്. ഇതിന്റെ പ്രതീകാത്മകമായ കഥയാണ് പരശുരാമനെ നാഗങ്ങളെ അംഗീകരിച്ച കഥാ രൂപത്തിൽ ഐതിഹ്യമായി മാറിയത് എന്നാ ണ് ചില ചരിത്രകാരന്മാരുടെ അഭിപ്രായം. നാഗങ്ങളും സർപ്പങ്ങളും നാം ഒന്നായിട്ടാണ് കരുതുന്നതെങ്കിലും ഇവ രണ്ട് കൂട്ടരായിട്ടാണ് കാണുന്നത്. മഹാതലം സർപ്പങ്ങളുടെ ലോക മാണ്. വാസുകിയാണ് സർപ്പങ്ങളുടെ തലവൻ, തക്ഷകൻ, കാളിയൻ, കാർക്കോടകൻ തുട ങ്ങിയവർ സർപ്പങ്ങളിൽ പ്രമുഖരാണ്. ഓരോ വൃക്ഷവുമായി ബന്ധപ്പെട്ടാണ് സർപ്പങ്ങളെ സങ്കൽപ്പിച്ചിരുന്നത്. ചില സ്ഥലങ്ങളിൽ കരിങ്ക ല്ല് കൊണ്ടുള്ള സർപ്പ വിഗ്രഹങ്ങൾ ഉണ്ടായിരി ക്കും സാധാരണയായി ഇത്തരം കാവുകളിൽ യാതൊരു വിധത്തിലുള്ള മാനുഷിക ഇടപെ ടലുകളും അനുവദിച്ചിരുന്നില്ല. അവിടന്ന് ഇല കളും കമ്പുകളും പോലും എടുത്തിരുന്നില്ല. വർഷത്തിൽ ഒരിക്കലോ അല്ലെങ്കിൽ നിശ്ചയി ക്കപ്പെട്ട ദിനങ്ങളിലോ പൂജക്ക് വേണ്ടി മാത്രമാ ണ് പൂജാരിയും അത്യാവശ്യം കുടുംബാംഗങ്ങളും കാവിൽ കുളിച്ച് ശുദ്ധമായി പ്രവേശിച്ചിരുന്നത്. ഗ്രാമത്തിലെ കാവുകളിൽ കുറെക്കൂടി വലിയ സംവിധാനമായിരിക്കും എന്നു മാത്രം പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ ഇത്തരം കാവു കൾ പലതും ഇന്ന് അപ്രത്യക്ഷമായി. സർപ്പ ങ്ങളെ ചിത്രകൂടം എന്ന ചെറിയ കോൺക്രീറ്റ് കൂടുകളിലേക്ക് മാറ്റിയ അവസ്ഥയാണ് ഇന്ന്.

(തുടരും.....)

### ന വൈദ്യ പ്രഭുരായുഷഃ-

# വൈദ്യൻ ആയുസ്സിന്റെ നാഥനല്ല

ഡോ. ദേവീദാസ് വെള്ളോടി - 9747480903

ആയുർവേദ ഗ്രന്ഥങ്ങളിൽ കാണുന്ന ഒരു സത്യവാക്യം-

"ന വൈദ്യ പ്രഭുരായുഷഃ",

അഥവാ "വൈദ്യൻ ആയുസ്സിന്റെ നാഥനല്ല",

വൈദ്യൻ രോഗങ്ങളെ മാറ്റാൻ കഴിവുള്ളവനാണ്, എന്നാൽ ജീവിതത്തിനും മരണത്തിനും മേൽ അവന് അധികാരം ഇല്ല. അവൻ ചികിത്സകനെപ്പോലെ പ്രകൃതിയുടെയും ദൈവത്തിന്റെയും ദാസനാണ്. ജീവിതം ദൈവദത്തമായതും, ആയുസ്സിന്റെ അളവ് വിധിയാൽ നിശ്ചയിക്കപ്പെട്ടതുമാണ്. പക്ഷേ ഈ വാചകത്തിന് അർത്ഥം വൈദ്യനെ നിസ്സാരനാക്കുകയല്ല, മറിച്ച് അവന്റെ സ്ഥാനത്തെ യഥാർത്ഥ വെളിച്ചത്തിൽ കാണിക്കുകയാണ്.

### ആയുർവേദത്തിന്റെ ദാർശനികത

ആയുർവേദം പറയുന്നത് മനുഷ്യജീവിതം ശരീരം, മനസ്, ആത്മാവ് എന്നിവയുടെ സംയോ ജനമാണെന്ന്. അതിനാൽ രോഗം വന്നാൽ അത് ശരീരത്തിലെ മാത്രമല്ല, മനസ്സിന്റെയും ആത്മാവിന്റെയും അസന്തുലിതാവസ്ഥയാണ്. ആയുർവേദം പറയുന്ന പോലെ "ശരീരമാദ്യം ധർമ്മസാധനത്തിന്" ശരീരം നല്ല നിലയിൽ നിൽക്കുമ്പോഴേ ജീവിതത്തിലെ ലക്ഷ്യങ്ങൾ നേടാൻ കഴിയൂ. ഇവിടെയാണ് വൈദ്യന്റെ പങ്ക് പ്രാധാന്യമാക്കുന്നത്. എങ്കിലും, ആയുർവേദം തന്നെ പറയുന്നത്

"വൈദ്യൻ രോഗം മാറ്റാൻ ശ്രമിക്കുന്നവനാണ്, പക്ഷേ രോഗമുക്തിയുണ്ടാകണമെന്നത് രോഗിയുടെ പ്രവൃത്തികളിലും വിധിയിലും ആശ്രയിച്ചിരിക്കുന്നു." അതായത്, ഡോക്ടർ ശ്രമം നടത്തും, പക്ഷേ ഫലം നിയന്ത്രിക്കുന്നത് ദൈവികന്യായമാണ്.

### വൈദ്യന്റെ പരിമിതികൾ

പ്രൊ. ഇവാൻ ഇല്ലിച്ചിന്റെ ഒരു പുസ്തകമുണ്ട്. 'വൈദ്യശാസ്ത്രത്തിന്റെ അതിർവരമ്പുകൾ', വായിക്കേണ്ട പുസ്തകമാണ്. വൈദ്യന്റെ അറിവ് വലുതാണ്, പക്ഷേ അതിന് പരിധിയുണ്ട്. ഒരു രോഗത്തിന്റെ ശരിയായ കാരണങ്ങൾ കണ്ടെത്താൻ ആധുനിക വൈദ്യശാസ്ത്രം മികവുറ്റ സംവിധാനങ്ങൾ ഒരുക്കിയിരിക്കുന്നു. സ്കാനുകൾ, ലാബ് പരിശോധനകൾ, ജനറ്റിക് പഠനങ്ങൾ മുതലായവ. എങ്കിലും ഇന്നും ചില രോഗങ്ങൾ മനുഷ്യശാസ്ത്രത്തിന്റെ പിടിക്കപ്പുറത്താണ്. കാൻസറിന്റെ ചിലതരം, മാനസിക രോഗങ്ങൾ, നാഡീ സംബന്ധമായ ചില രോഗങ്ങൾ എന്നിവയെ പൂർണ്ണമായി നിയന്ത്രിക്കാൻ ഇന്നും മനുഷ്യൻ പ്രാപ്തനായിട്ടില്ല. ഇത് മനുഷ്യശക്തിയുടെ പരിമിതിയെ ഓർമ്മപ്പെടുത്തുന്നു. വൈദ്യൻ ജീവിതത്തിന് ഗുണമേന്മ നൽകുന്നു, പക്ഷേ ജീവൻ നല്കാനോ മാറ്റിയെടുക്കാനോ അവനാവില്ല.

### വൈദ്യന്റെ സ്ഥാനം - ദൈവസമമായൊരു സേവകൻ

പഴയകാലങ്ങളിൽ വൈദ്യനെ "ഭിഷക", "വൈദ്യൻ", "ആരോഗ്യദാതാവ്" എന്നിങ്ങനെ വിളിച്ചിരുന്നു. മനുഷ്യശരീരത്തിന്റെ രഹസ്യങ്ങളെ മനസ്സിലാക്കി രോഗങ്ങളെ മാറ്റാനുള്ള കരുണയും ബുദ്ധിയും ചേർന്ന ഒരു സേവന മേഖലയാണ് വൈദ്യശാസ്ത്രം. വൈദ്യൻ രോഗിയെ രക്ഷിക്കുമ്പോൾ, അവൻ ദൈവത്തിന്റെ കരങ്ങൾക്കിടയിൽ പ്രവർത്തിക്കുന്നവനാണ്. വൈദ്യന് മനുഷ്യജീവിതം നീട്ടാൻ ശ്രമിക്കാം, എന്നാൽ അതിന്റെ അവസാന സമയം മാറ്റാനാവില്ല. ഇതുകൊണ്ട് തന്നെ പുരാതന വൈദ്യ

ശാസ്ത്രഗ്രന്ഥങ്ങൾ ഡോക്ടറുടെ മനോഭാവത്തെ കുറിച്ച് പറയുമ്പോൾ പറയുന്നത്: "വൈദ്യൻ കഠിന മനസ്സനാകരുത്. രോഗിയുടെ വേദനയെ തന്റേതെന്ന പോലെ കാണണം." വൈദ്യശാസ്ത്രം ശാസ്ത്രം മാത്രമല്ല, ഒരു കരുണാധിഷ്ഠിതമായ ധർമ്മമാണ്.

**മുൻകരുതലിന്റെ പ്രാധാന്യം**

രോഗം വന്നശേഷം ചികിത്സിക്കുക എന്നതിലുപരി, രോഗം വരാതിരിക്കാൻ ശ്രദ്ധിക്കുക എന്നതാണ് കൂടുതൽ ബുദ്ധിപരമായ ജീവിത പാഠം. ആയുർവേദം പറയുന്ന ദിനചര്യ (Daily Routine), ഋതുചര്യ (Seasonal discipline), ആഹാര നിയമങ്ങൾ, മനസ്സിന്റെ ശാന്തത എന്നിവ ആരോഗ്യ സംരക്ഷണത്തിന് അടിസ്ഥാനമാണ്.

മാനസികസമാധാനവും ശരീരസുഖവും തമ്മിലുള്ള ബന്ധം ഇന്നത്തെ ശാസ്ത്രവും അംഗീകരിക്കുന്നു. സമ്മർദ്ദം, ദേഷ്യം, വിഷാദം എന്നിവ ശരീരത്തെ വിഷമരോഗങ്ങളിലേക്ക് നയിക്കുന്നു. അതുകൊണ്ട് തന്നെ വൈദ്യൻ രോഗത്തെ മാത്രം നോക്കാതെ, രോഗിയെയും നോക്കണം.

**ആധുനിക വൈദ്യശാസ്ത്രത്തിന്റെ അത്ഭുതങ്ങൾ**

ആധുനിക ശാസ്ത്രം വൈദ്യശാസ്ത്രത്തെ അത്ഭുതനിലയിലേക്കാണ് ഉയർത്തിയിരിക്കുന്നത്. ഒരു നൂറ്റാണ്ട് മുൻപ് മഹാമാരികളായിരുന്ന രോഗങ്ങൾ ഇന്ന് മരുന്നുകളാൽ നിയന്ത്രിക്കപ്പെടുന്നു. ഹൃദയ ശസ്ത്രക്രിയകൾ, അവയവമാറ്റങ്ങൾ, ജനിതക ചികിത്സ, കൃത്രിമ അവയവങ്ങൾ – ഇവയെല്ലാം മനുഷ്യന്റെ ആയുസ്സ് നീട്ടിയിരിക്കുന്നു. എന്നാൽ ശാസ്ത്രത്തിന്റെ പുരോഗതി ഉണ്ടായാലും, മരണത്തെ മറികടക്കാനായിട്ടില്ല. ശാസ്ത്രം രോഗമുക്തിയുടെ വഴി കാണിച്ചാലും, ജീവിതത്തിന്റെ അവസാന വാക്ക് പ്രകൃതിയുടേതാണ്.

**രോഗിയും സമൂഹവും – വൈദ്യനൊപ്പം മുന്നോട്ട്**

വൈദ്യൻ മാത്രം രോഗശാന്തിക്ക് മതിയാകില്ല. രോഗിയും, സമൂഹവും കൂടി ചേർന്നേ സമഗ്ര ആരോഗ്യസംരക്ഷണം സാധ്യമാകൂ. സാമൂഹ്യാരോഗ്യബോധം, ശുചിത്വം, ശുദ്ധജലം, പോഷകാഹാരം, വാക്സിനേഷൻ എന്നിവയൊക്കെ രോഗങ്ങളെ പ്രതിരോധിക്കുന്ന പ്രധാന ഘടകങ്ങളാണ്. വൈദ്യൻ രോഗികളെ രക്ഷിക്കാൻ പരിശ്രമിക്കുമ്പോൾ, സമൂഹം രോഗങ്ങൾ പടരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്. അതുകൊണ്ട് വൈദ്യശാസ്ത്രം വ്യക്തിപരമല്ല, സമൂഹപരവുമായ ദൗത്യമാണിത്.

**മനുഷ്യജീവിതത്തിന്റെ മൂല്യം**

ആയുസ്സിന്റെ അളവ് വർഷങ്ങളിലല്ല, അത് എങ്ങനെ നയിച്ചുവെന്നതിലാണ് മൂല്യം. ദീർഘായുസ്സുണ്ടെങ്കിലും രോഗബാധിതനായി കഷ്ടപ്പെടുന്നവനെക്കാൾ, കുറച്ച് വർഷം ആരോഗ്യമുള്ള ജീവിതം നയിക്കുന്നവനാണ് ഭാഗ്യവാൻ. വൈദ്യന് രോഗത്തെ മാറ്റാൻ കഴിയും, പക്ഷേ ജീവിതം സന്തോഷകരമാക്കാൻ മനുഷ്യൻ തന്നെ ശ്രമിക്കണം. മനസ്സിൽ സന്തോഷവും ശരീരത്തിൽ സമതുലിതാവസ്ഥയും ഉണ്ടെങ്കിൽ, രോഗങ്ങൾക്കും മരണത്തിനും ഭയം കുറവായിരിക്കും.

**വൈദ്യനും ആത്മീയതയും**

ഒരു നല്ല വൈദ്യൻ ശാസ്ത്രജ്ഞനാകുന്നതുപോലെ ആത്മീയനുമാകണം. ജീവിതത്തിന്റെ അതിരുകൾ ദൈവികമാണെന്ന് മനസ്സിലാക്കിയാൽ, അവന് തന്റെ തൊഴിൽ കൂടുതൽ വിനയത്തോടെ ചെയ്യാൻ കഴിയും. രോഗിയെ രോഗമുക്തനാക്കാൻ ശ്രമിക്കുമ്പോൾ, അവന് ആത്മീയ ആശ്വാസവും നൽകണം. പലപ്പോഴും രോഗം പൂർണ്ണമായി മാറാനാകാത്ത അവസ്ഥകളിൽ, വൈദ്യന്റെ മനുഷ്യാനുരാഗം, വാക്കുകൾ, ആത്മവിശ്വാസം രോഗിക്ക് ജീവൻ പകരും.


(ശേഷം 47–ാം പേജിൽ)

## എറണാകുളം കരയോഗം
## ടി. ഡി. എം ഹാളിൽ നടത്തുന്ന പ്രതിമാസ
## കലാ-സാഹിത്യ-സാംസ്കാരിക പരിപാടികൾ




**2025 ഡിസംബർ 10 മുതൽ ജനുവരി 10 വരെ**

| | | | | |
|---|---|---|---|---|
| 1. | 17-12-2025<br>31-12-2025<br>07-01-2026 | ബുധൻ | ദേവിഭാഗവത ക്ലാസ്സ് - വത്സല. പി. പി | 3.00 pm - 4.30 pm |
| 2. | 18-12-2025<br>01-01-2026<br>08-01-2026 | വ്യാഴം | എറണാകുളം കരയോഗം<br>എൽഡർ സിറ്റിസൺസ് ഫോറം | 4.00 pm - 6.00 pm |
| 3. | 13-12 -2025<br>27-12-2025<br>03-01-2026<br>10 -01-2026 | ശനി | വേദാന്ത പഠന ക്ലാസ്സ്<br>ആചാര്യൻ കെ. ആർ . നമ്പ്യാർ | 10.00 am - 12.00 pm |
| 4. | 04-01-2026 | ഞായർ | വേദപഠന കളരി | 10.30 am |
| 5. | 01-01-2026 | വ്യാഴം | **ബീം - ശ്യാമമേഘമേ......**<br>മൺമറഞ്ഞ മഹാസംഗീതജ്ഞൻ സലിൽ ചൗധരി<br>ഈണം പകർന്ന അനശ്വരഗാനങ്ങൾ ആലാപനം<br>നവനീത് ഉണ്ണികൃഷ്ണൻ & ചിത്ര അരുൺ | 6.00 pm |
| 6. | 28-12-2025 | ഞായർ | എറണാകുളം കരയോഗം സാഹിതീയോഗത്തിൽ<br>എൻ. മോഹനന്റെ ''ഒരിക്കൽ'' എന്ന നോവൽ<br>അവതരണം: പത്മജ മേനോൻ | 11.00 am |
| 7. | 12-01-2026 | തിങ്കൾ | വിമൻസ് ഫോറം | 3.00 pm - 5.00 pm |




(46-ാം പേജിന്റെ തുടർച്ച...)

### ഉപസംഹാരം

"ന വൈദ്യ പ്രഭുരായുഷഃ" എന്നത് ഒരു വാചകം മാത്രമല്ല, ജീവിതസത്യമാണ്. വൈദ്യൻ ദൈവമല്ല, പക്ഷേ ദൈവത്തിന്റെ കരംപിടിച്ച് പ്രവർത്തിക്കുന്ന സേവകനാണ്. അവന്റെ ചികിത്സ മനുഷ്യനെ രക്ഷിക്കാൻ ശ്രമിക്കുന്നു, പക്ഷേ ഫലം തീരുമാനിക്കുന്നത് ദൈവിക ന്യായമാണ്. ജീവിതം പ്രകൃതിയുടെ അനുഗ്രഹവും മനുഷ്യന്റെ ഉത്തരവാദിത്തവുമാണ്.

വൈദ്യൻ രോഗം മാറ്റുമ്പോഴും, മനുഷ്യൻ തന്റെ ജീവിതശൈലിയും ചിന്തകളും ശുദ്ധമാക്കുമ്പോഴുമാണ് യഥാർത്ഥ ആരോഗ്യം നിലനിൽക്കുന്നത്. അതുകൊണ്ട് തന്നെ പറയാം- വൈദ്യൻ ആയുസ്സിന്റെ നാഥനല്ല, പക്ഷേ ആയുസ്സിനെ പ്രകാശിതമാക്കുന്ന ദീപസ്തംഭമാണ്. ■

# എറണാകുളം കരയോഗം

ആർ. രാജൻ–9995906054

ദീർഘവീക്ഷണമോടന്നാ
പൂർവ്വികർ നട്ടൊരാശയം
വളർന്നുവന്നതാണിന്നീ
കരയോഗമഹാദ്രുമം.

'സേവനം ജീവിതത്തിന്റെ
സാഫല്യം' എന്ന മന്ത്രമായ്
അന്നുദിച്ചൊരു പ്രസ്ഥാനം
ഇന്നും സേവനസജ്ജമാം.

നൂറ്റാണ്ടൊന്നു കഴിഞ്ഞിട്ടും
മർത്ത്യന്നു തണലേകുവാൻ
പന്തലിച്ചിന്നു നിൽക്കുന്നു
ഈ മഹീരുഹമൂഴിയിൽ.

ജീവകാരുണ്യ കർമ്മത്താൽ
ഭാരതഭൂവിലാകവേ
പ്രശസ്തി പൂണ്ടുനിൽപ്പാണീ-
ശ്രേഷ്ഠം സേവനസംഗമം.

ആതപത്തിലമർന്നുള്ളോ-
രഗതിക്കാത്മമിത്രമായ്
ദിശയറ്റുഴലുന്നോർക്കു
സന്തതം മാർഗ്ഗദർശിയായ്.

വിദ്യാഹീനർക്കു വിജ്ഞാനം
പകരും പാഠശാലയായ്
ദരിദ്രർക്കെന്നുമൈശ്വര്യം
ചൊരിയും പൂർണ്ണകുംഭമായ്.

വയോധികർക്കു കാരുണ്യം
കനിയും ആലയങ്ങളായ്
ദുരിതം പേറിടും രോഗി-
ക്കെന്നും സാന്ത്വനസ്പർശമായ്.

സഹായഹസ്തവും നീട്ടി
സുസ്മേരവക്ത്രമോടിതാ
കരയോഗമൊരുക്കുന്നു
കനിവിൻ കതിർമണ്ഡപം.




കരയോഗം കലാകേന്ദ്രം
നവരാത്രി പ്രശോഭയിൽ
നൃത്തസംഗീതസമ്പന്നം
കലാമത്സരവേദികൾ.

വിദ്യാരംഭം കുറിക്കുന്നു
ബാലജിഹ്വാങ്കുരങ്ങളിൽ
വിജയദശമിനാളിൻ
പുണ്യമാം പുലർവേളയിൽ.

കഥകളിക്കൊരുക്കുന്നു
അരങ്ങുകൾ നിരന്തരം
പോഷിപ്പിക്കുന്നു ക്ഷേത്രത്തിൻ
കലകൾ, പൈതൃകങ്ങളും.

ആഘോഷനിറവിൽ നിൽപ്പൂ
വിഷുവും തിരുവോണവും
ജന്മാഷ്ടമി; മഹാദേവ-
സമൃതിയിൽ ശിവരാത്രിയും.

നാടകങ്ങൾ, കലാമേള
നാമസങ്കീർത്തനങ്ങളും
മുടങ്ങാറില്ലയാത്മീയ
പ്രഭാഷണ പരമ്പര.

പ്രതിമാസം വിടർത്തുന്നു
കാവ്യപൂരിതതാരുകൾ
*കരയോഗസൗഹൃദ'ത്തിൻ
വിജ്ഞാനത്തിന്റെ താളുകൾ.

നാരിമാരലങ്കരിപ്പൂ
സ്ഥാനമാനങ്ങളുന്നതം
നാരീസൗഹൃദമാണെന്നും
കരയോഗഗൃഹാങ്കണം.

നാനാജാതി മതസ്ഥർക്കും
സേവനം പങ്കുവയ്ക്കുവാൻ
മടിക്കാതെ തുറക്കുന്നു
ഈ മഹാക്ഷേത്രഗോപുരം.

സുഖദുഃഖങ്ങൾ സമ്മേളി-
ച്ചീടും ജീവിതയാത്രയിൽ
താങ്ങും തണലുമായെത്തും
കൃത്യമായ് കരയോഗവും.

നമിക്കാം തൊഴുകൈയ്യോടെ
നിത്യം നമ്രശിരസ്ക്കരായ്
പവിത്രമിപ്രസ്ഥാനത്തെ
സൃഷ്ടിച്ച ഋഷി തുല്യരെ!.

വണങ്ങാം, ആദരിച്ചീടാം
നന്ദിപൂരിതഹൃത്തുമായ്
ബ്രഹൃത്താമീ സംരംഭത്തെ
നയിക്കും കർമ്മധീരരെ!.

ആർഷഭാരതസംസ്കാരം
ഭദ്രമായ് നിലനിർത്തുവാൻ
പ്രതിജ്ഞാബദ്ധമാണെന്നും
കരയോഗസമുച്ചയം.

സത്യത്തിൻ ദീപ്തി ചിന്തിയും
ധർമ്മത്തിൻ പാതപറ്റിയും
കരയോഗം തുടർന്നീടും
കരയറ്റുള്ള സേവനം.

മുന്നോട്ടിനിയുമുള്ളൊരു
ദീർഘയാത്രയിലെന്നുമേ
കാക്കട്ടെ കരയോഗത്തെ
കരുണാമയനീശ്വരൻ.

*എറണാകുളം കരയോഗം
പ്രസിദ്ധീകരിച്ചുവരുന്ന മാസിക.

## നാരായണീയ ദിനാഘോഷം


2025 ഡിസംബർ 14-ാം തീയതി (വൃശ്ചികം-28) നാരായണീയദിനത്തിൽ എറണാകുളം ടി.ഡി. എം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ നാരായണീയ പാരായണം നടത്തുന്നു.

**എല്ലാ ഭക്തജനങ്ങളേയും സാദരം സ്വാഗതം ചെയ്യുന്നു.**

**ജനറൽ സെക്രട്ടറി**

## 13-ാം ചരമവാർഷികം

**07.12.2025**



**എം. കെ. പണിക്കർ**

കല്യാൺ, പ്ലോട്ട് നമ്പർ 44, കൃഷ്ണവിഹാർ കോളനി,
പനമ്പിള്ളി നഗർ, കൊച്ചി - 682036

**സന്തപ്ത കുടുംബാംഗങ്ങൾ**

**മിനിക്കഥ**

**ഉണ്ണി വാരിയത്ത് - 9867179480**

## പാവം മുത്തശ്ശി!

മുത്തശ്ശിയെക്കുറിച്ച് ഓർക്കുമ്പോൾ അവൾക്ക് സങ്കടം സഹിക്കാൻ കഴിയുന്നില്ല.....

കുട്ടിക്കാലത്ത് തനിക്ക് ഉറങ്ങാൻ എത്രയെത്ര കഥകളാണ് മുത്തശ്ശി പറഞ്ഞുതന്നിട്ടുള്ളത്! അവൾ ഓർത്തു.

ഇപ്പോൾ, മുത്തശ്ശി കഥ പറയാറില്ല. മുത്തശ്ശിക്ക് കഥകളൊന്നും ഓർമ്മയില്ല. എന്തിന്, മുത്തശ്ശിക്ക് ആരുടെയും എന്നല്ല സ്വന്തം പേര് പോലും ഓർമ്മയില്ല.

പാവം മുത്തശ്ശി!

## തിരുവാതിര ആഘോഷം

എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ, തിരുവാതിര ആഘോഷത്തോടനുബന്ധിച്ച് മകയിരം നോയമ്പ്, 2026 ജനുവരി മാസം 02-ാം തീയതി വെള്ളിയാഴ്ച (ധനു-18) മകയിരം നാളിൽ മുൻവർഷത്തെപ്പോലെ വിപുലമായ രീതിയിൽ ടി.ഡി.എം. ഹാളിൽ വൈകുന്നേരം 7.00 മണി മുതൽ ആചരിക്കുന്നു. ഏവർക്കും സ്വാഗതം

**ജനറൽ സെക്രട്ടറി**

യാത്രാ വിവരണം

# അസർബൈജാൻ യാത്ര...

ആരതി - 9388602778

(തുടർച്ച.....)

***അഞ്ചാം ദിവസം***

ഞങ്ങളുടെ 5-ാം ദിവസം ആരംഭിച്ചത് നോഹൂർ തടാകം കാണുവാനായിട്ടായിരുന്നു. ഈ യാത്ര ഇന്നലത്തെ യാത്രയിൽ ഉൾപ്പെടുത്തിയതായിരുന്നു. പക്ഷേ ഗബാലയിൽ ഇന്നലെ കാലാവസ്ഥ പെട്ടെന്ന് മാറി ഭയങ്കര തണുപ്പായതുകൊണ്ട് ഞങ്ങൾ റിസോർട്ടിൽ നിന്നും നേരെ ഹോട്ടലിലേയ്ക്കായിരുന്നു പോയത്. അതുകൊണ്ട് തന്നെ ഇന്നത്തെ യാത്രയിൽ ആദ്യം നോഹൂർ തടാകം കാണുവാനായി പ്ലാൻ ചെയ്തു.

നേരത്തെ പറഞ്ഞ പോലെ ഗബാല ഏഷ്യൻ സിറ്റി ഓഫ് അൽബേനിയയുടെ തലസ്ഥാനമായിരുന്നു. അസർബൈജാനിലെ വളരെ മനോഹരമായ ഒരു പ്രദേശമാണ് ഗബാല. ഈ ഗബാലയുടെ കിഴക്ക് ഭാഗത്തായാണ് മനുഷ്യനിർമ്മിതമായ നോഹൂർ തടാകം സ്ഥിതി ചെയ്യുന്നത്. ഇതൊരു മനുഷ്യ നിർമ്മിത തടാകമാണ് ജലം ശേഖരിക്കുന്നതിന് വേണ്ടി നിർമ്മിച്ചതാണെങ്കിലും ഇതിലേക്ക് വെള്ളം വരുന്നത് നദികളിൽ നിന്നുതന്നെയാണ്. അതുകൊണ്ടു തന്നെ കൃത്യമത്വം തോന്നുകയേയില്ല.

സസ്യസമൃദ്ധ വനങ്ങൾക്കും ഉയർന്ന കോക്കസസ് മലകളാൽ ചുറ്റപ്പെട്ട ഈ തടാകം നഗര ജീവിതത്തിന്റെ തിരക്കിൽ നിന്നും ശാന്തമായൊരു ഒഴുക്കുപോലെ മോചനവും നൽകുന്നു. നമുക്ക് വേണമെങ്കിൽ ഇവിടെ ബോട്ടിംഗ് ഒക്കെ നടത്താം. പക്ഷേ കൊച്ചിയിൽ നിന്നും പോയവരായതുകൊണ്ട് ബോട്ടിംഗിന് താല്പര്യം ഇല്ലാത്തതിനാൽ അതൊന്നും നടത്തിയില്ല. കുറച്ചു നേരം തടാകത്തിന് ചുറ്റുമിരുന്ന് ഫോട്ടോസൊക്കെ എടുക്കുകയും, കുറച്ചുപേർ അവിടെ ഷോപ്പിംഗ് ഒക്കെ നടത്തുകയും ചെയ്തു. അതിനുശേഷം അന്നത്തെ യാത്രയുടെ തുടർച്ചയായി ബസ്സിൽ കയറി ഷേക്കിഖാൻ (Shaki Khan's) പാലസിലേക്ക് തിരിച്ചു.

ഷേക്കിഖാന്റെ കൊട്ടാരം actually private residance for the Shaiki ആണ്. ഷേക്കിഖാനുകളുടെ വേനൽകാല വസതി എന്ന രീതിയിൽ 1797-ൽ മുഹമ്മദ് ഹുസൈൻ ഖാൻ മുസ്താക്കിന്റെ ഭരണകാലത്ത് നിർമ്മിച്ചതാണ് ഈ കൊട്ടാരം. നമ്മുടെ പാലസുകളിൽ കാണുന്നതിൽ നിന്നും ഒരുപാട് വ്യത്യസ്തമായ പെയിന്റിംഗ് (wall paintings) ആണ് ഇവിടെ കാണാൻ സാധിക്കുന്നത്. കൊത്തുപണികളും, ചുമർ ചിത്രങ്ങളും മാത്രമല്ല ഇവരുടെ തനതായ ഗ്ലാസ്സ് വർക്കുകളും ഉണ്ട്. അതും ഇവിടെ കാണാൻ സാധിക്കും. വേനൽകാല വസതിയായതുകൊണ്ട് ഒരു ചെറിയ lay out ആണ് പാലസിന് ഉള്ളത്. കൊട്ടാരത്തിൽ രണ്ടു നിലകളിലായി ആറ് മുറികൾ, നാല് കോറിഡോറുകൾ, രണ്ട് മിറർ ബാൽക്കണികൾ എന്നിവ അടങ്ങിയിരിക്കുന്നു. കൊട്ടാരത്തിലെ ജനാലകൾ കളർഡ് വെനീഷിയൻ ഗ്ലാസ് കഷണങ്ങളിൽ നിന്നാണ് നിർമ്മിച്ചിരിക്കുന്നത്, ഷബാകി (സ്റ്റെയിൻഡ് ഗ്ലാസ് ജനൽ) സാങ്കേതിക വിദ്യ ഉപയോഗിച്ചാണ്, ഇവ ചെയ്തിരിക്കുന്നത്. കൊട്ടാരത്തിന്റെ ഭിത്തിയെ സൗന്ദര്യവും ആകർഷകവുമാക്കുന്ന വലിയ സ്റ്റെയിൻഡ് ഗ്ലാസ് ജനാലകൾ മൂലം, അലങ്കരിച്ചിരിക്കുന്നതുകൊണ്ട് കൊട്ടാരത്തിന്റെ അകത്ത് പ്രവേശിക്കുന്ന പ്രകാശം വമ്പൻ വർണ്ണങ്ങൾ സൃഷ്ടിക്കുന്നു. ഗ്ലാസ്സ് അവർ ബൽജിയം പോലുള്ള സ്ഥലത്ത് നിന്നാണ് കൊണ്ടുവരുന്നത്. ഇത്തരം വർക്ക് നമുക്ക് പാലസിലുടനീളം കാണാം. പിന്നെ അതിനു

ള്ളിൽ വെൻറിലേഷനു വേണ്ടി ഒരു ചിമ്മിനി പോലെ എല്ലാ മുറികളിലും കൊടുത്തിട്ടുണ്ട്.

അവർ പറയുന്നതുപോലെ അസർബൈജാന്റെ പൂർവ്വികർ വളരെയധികം പൊക്കവും വണ്ണവും ഉള്ളവരാണെന്നാണ് അവർ അവകാശപ്പെടുന്നത്. അതുകൊണ്ട് അവിടെയുള്ള ഗോവണിപടികൾക്ക് നല്ല ഉയരമാണ്, ഓരോ പടിയിലും കയറി നിന്നിട്ടു വേണം അടുത്ത പടിയിലേക്ക് കയറുവാൻ. ഏകദേശം 2 മീറ്റർ ഉയരമുള്ള ആളുകളായിരുന്നു അവരൊക്കെ, അതുകൊണ്ടാണ് ഗോവണിപ്പടികൾക്ക് ഇത്ര ഉയരം എന്നാണവർ പറയുന്നത്.

ഇവിടെ കൊത്തുപണികളല്ല കൂടുതലും ആർട്ടിസ്റ്റിക്ക് വർക്കാണ്. ഒരു ആർട്ടിസ്റ്റ് തന്നെയാണ് മുഴുവനും പെയ്ന്റ് ചെയ്തിരിക്കുന്നത്, ഫിഗേർസ് ഒന്നും ഉണ്ടാവില്ല ഇവർക്ക് ഇവരുടെ ഫിഗേർസ് അല്ലാതെ മയിലും ഫ്ളവേർസും ഫ്ലോറൽസ് വർക്കുമാണ് കൂടുതൽ കണ്ടിരിക്കുന്നത്. പിന്നെ ഈ പാലസിൽ തന്നെ റാണിമാർക്കുള്ള മുറി, സുൽത്താനുള്ള മുറി, കൺസൾട്ടന്റ് മുറി അങ്ങിനെ കുറെ പ്രത്യേകതകളുള്ള ഒരു പാലസാണ് ഷേക്കിഖാൻ പാലസ്. ഇതിന്റെ മുന്നിൽ തന്നെ 500 വർഷം പഴക്കമുള്ള രണ്ടു മരങ്ങളുണ്ട്, അന്ന് ഇവിടുത്തെ ആളുകൾ നട്ട മരങ്ങളാണെന്നാണ് പറയുന്നത്, അത്ര വലിയ മരങ്ങളാണ്. ഈ മരങ്ങളുടെ നടുവിലായിട്ടാണ് ഷേക്കിഖാൻ പാലസ് നിൽക്കുന്നത്. ഇതും പാലസിന്റെ ഒരു ലാന്റ് മാർക്കാണ്. 2019-ൽ ഷേക്കി എന്ന സിറ്റി തന്നെ 'ഹിസ്റ്റോറിക് സെൻറർ ഓഫ് ഷേക്കി' യുനസ്കോ വേർൾഡ് ഹെറിറ്റേജ് സൈറ്റ് ആയി ഡിക്ലെയർ ചെയ്തിട്ടുണ്ടായിരുന്നു. ഷേക്കിഖാൻ പാലസാണ് സെന്റർ പീസായിട്ട് പറഞ്ഞു കൊണ്ടിരിക്കുന്നത്. ഇവിടെ വേറെ കുറച്ച് കാര്യങ്ങൾ നമുക്ക് കാണാൻ സാധിക്കുന്നത് ഇഷ്ടം പോലെ കാരവാൻ സാറായിസ് കാണാവുന്നതാണ്. പല കാരവൻ സാറായീന്നും ഹോട്ടൽ ആയി മാറിയിട്ടുമുണ്ട്. ഇത് സിൽക്ക് റൂട്ടിൽ തന്നെ സ്ഥിതി ചെയ്യുന്ന ഒരു സിറ്റി ആയതുകൊണ്ട് തന്നെ ഇതിന് അതിന്റേതായ പ്രാധാന്യവുമുണ്ട്. അതു കൊണ്ട് തന്നെ ഓരോ വ്യത്യസ്ത ഭരണാധികാരികളുടെ ആർക്കിടെക്ചറുകൾ ഈ സിറ്റിയിൽ റിഫ്ളക്റ്റ് ചെയ്യുന്നുണ്ട് ഇതുകൊണ്ട് തന്നെയാണ് ഇത് യുനസ്കോ വേൾഡ് ഹെറിറ്റേജ് സൈറ്റ് ആയിട്ട് ക്ലസ്സിഫൈ ചെയ്തിരിക്കുന്നത്. ഷേക്കിഖാൻ പാലസ് കണ്ട ശേഷം പുറത്തേക്ക് ഇറങ്ങുമ്പോൾ ചെറിയ ഒരു ആക്സിഡന്റും ഉണ്ടായി. പ്രസാദിന്റെ കാലിന് ചെറിയൊരു മുറിവുണ്ടായിരുന്നതുകൊണ്ട് ആമ്പുലൻസ് വന്ന് ആയാളുടെ കാലിലെ മുറിവ് സ്റ്റിച്ച് ചെയ്യാനായി പോയപ്പോൾ ഞങ്ങൾ ഹോട്ടലിലേക്ക് തിരിച്ചു വരികയാണ് ചെയ്തത്. ഹോട്ടലിൽ നേരത്തെ Check -in ചെയ്തതു കൊണ്ട് ബാക്കി കുറച്ചു സമയം ഉണ്ടായിരുന്നു. അതുകൊണ്ട് എല്ലാവരും ഷേക്കിഖാൻ സിറ്റി കാണാൻ ഇറങ്ങി. സിറ്റി എന്നുപറയുമ്പോൾ നമ്മുടെ ഇടുക്കി പോലേയൊക്കെയുള്ളൂ. ചെറിയ കുത്തനെയുള്ള കയറ്റങ്ങളായതിനാൽ ടെമ്പോ ട്രാവലർ പോലെയുള്ള ബസ്സുകളാണ് ഓടികൊണ്ടിരിക്കുന്നത്. എല്ലാ ബസ്സിലും ഏതൊക്കെ സ്ഥലത്തേക്കാണെന്ന ബോർഡും വച്ചിട്ടുണ്ട്, ആളുകൾ അതിൽ കയറി. നമ്മുടെ ഇവിടുത്തെ ജീപ്പ് പോലെയൊക്കെത്തന്നെയാണ്. ഈ വണ്ടികളാണ് റൂട്ടിൽ കൂടുതൽ കാണുന്നത്. നമ്മൾ താമസിച്ചിരുന്നത് ഷേക്കിഖാൻ പാലസ് ഹോട്ടലിലാണ്. ഈ ഹോട്ടലിന് എതിർ വശത്തായി ഒരു കാരവൻ സാറായി ഹോട്ടൽ ഉണ്ട്, കാരവൻ സാറായി ഹോട്ടലായിട്ട് മാറിയതാണ്. പണ്ടത്തേപ്പോലെയുള്ള സിസ്റ്റം മെയിന്റയിൻ ചെയ്യാനായിട്ട് അവിടുള്ളവർ ശ്രമിച്ചിട്ടുണ്ട്. താഴത്തെ മുറികളെല്ലാം ഷോപ്പുകളാണ് , ഒട്ടുമിക്ക ഷോപ്പുകളും ഓപ്പൺ ആയിരുന്നു. രാത്രി 11 മണി വരെയൊക്കെ തുറന്നിരിക്കും. പുറത്തെ കടകളിൽ പോയി പലരും സോവനീർ ഒക്കെ വാങ്ങി. വൈകുന്നേരം ഞങ്ങൾ എല്ലാവരും കൂടി കാരവൻ സാറായി ഹോട്ടലിൽ കയറി,

കയറുമ്പോൾ തന്നെ കോർട്ടിയാഡ് പോലെ ഒരു സ്ഥലമാണ് fountain ഒക്കെ വച്ച്. അതിലെ ഒരു മുറി ഹോട്ടലിലെ റിസപ്ഷൻ ആണ്. അതിനുള്ളിലൊക്കെ വേറേയും ഷോപ്പുകൾ ഉണ്ടെന്നാണ് പറഞ്ഞറിഞ്ഞത്. പക്ഷേ ഞങ്ങൾ കയറിയപ്പോഴേക്കും അതൊക്കെ അടച്ചി രുന്നു. 2nd floor-ൽ സന്ദർശകർക്ക് പ്രവേശനമില്ല, അതായത് ആ നില ഹോട്ടലിനായി മാറ്റി വെച്ചിരിക്കുകയാണ് ചെയ്തിട്ടുള്ളത്. അതിലെ ഓരോ മുറികളും പണ്ടത്തെ രീതിയിൽ തന്നെ വ്യാപാരികൾക്ക് കിടക്കാനും മറ്റുമാണ്. താഴെയുള്ള മുറികൾ നമുക്ക് കാണാം, അവിടെ ഒരു വെന്റിലേറ്റർ പോലെയുണ്ട് അത് തുറന്നാൽ ഒരു ഗോ ഡൗൺ പോലെയുള്ള സ്ഥലമുണ്ട്. അവിടെയാണ് വ്യാപാരികളുടെ കച്ചവടസാധനങ്ങൾ വെച്ചിരിക്കുന്നത്. പിന്നെ കുതിരകളേയും ഒട്ടകത്തേയും ഒക്കെ കെട്ടുവാനുള്ള സ്ഥലവുമുണ്ട്. അങ്ങിനെ ധാരാളം മുറികളുള്ള കാരവാനിൽ വന്നു താമസിക്കുവാനും അവരുടെ കച്ചവടം നടത്താനു മുള്ള ഇടങ്ങൾ ഉണ്ട്. ഇതിനെയാണ് കാരവൻ സാറായി എന്നു പറയുന്നത്. ഞങ്ങളങ്ങനെ പലതും കണ്ട് അന്നത്തെ ദിവസത്തെ യാത്ര അവസാനിപ്പിക്കുകയാണ് ചെയ്തത്. പിറ്റേ ദിവസം ജോർജിയൻ ബോർഡർ ക്രോസ്സ് ചെയ്യേണ്ടതുകൊണ്ട് എല്ലാവരും നേരത്തെ കിടക്കുകയും ചെയ്തു.

(തുടരും.....)

## 2025 നവംബർ മാസം അന്തരിച്ച കരയോഗാംഗങ്ങൾക്ക് ആദരാഞ്ജലികൾ



**നന്ദൻ. പി (L/4228),**
ഭാരതീയം, 1st Floor, KSN Road,
രവിപുരം, കൊച്ചി-682016



**ലീല. എം (L/1587),**
മുല്ലോത്ത് പത്മാലയം
രവിപുരം, കൊച്ചി-682013



**സരള. എം. മേനോൻ (L/1545),**
XXVIII/1074, ശോഭനം,
കടവന്ത്ര, കൊച്ചി-682020



**കെ. ടി. രാജേന്ദ്രൻ (L/2400),**
കൃഷ്ണ വിഹാർ, ഇളംകുളം,
കടവന്ത്ര, കൊച്ചി-682020




**എറണാകുളം കരയോഗത്തിന്റെ 2026-ലെ കലണ്ടർ ഡിസംബർ 19 മുതൽ കരയോഗം ഓഫിസിൽ നിന്നും അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.**



ഓം

**ജ്യോതിഷാചാര്യൻ: ജി. കെ. മേനോൻ**

**(2025 – ഡിസംബർ 16 മുതൽ ജനുവരി 14 വരെ)**

**1201 – ധനുമാസഫലം**

ഹരി ശ്രീ ഗണപതയെ നമഃ അവിഘ്നമസ്തു

**Ernakulam Karayogam : ☎ 0484 - 2361160 📱 8848036518, 9645683491**



(**മേടക്കൂർ:** അശ്വതി, ഭരണി, കാർത്തിക ആദ്യ പാദം) സാമ്പത്തികപരമായി മെച്ചപ്പെടും പ്രതീക്ഷിക്കാത്ത സ്ഥലങ്ങളിൽ നിന്നും സഹായങ്ങൾ ലഭിക്കും. സഹോരർക്ക് അഭിവൃദ്ധി ഉണ്ടാകും. ഭാഗ്യത്തിന്റെ ആനുകൂലത ലഭിക്കും. കലാപരമായ തൊഴിലിൽ പ്രവർത്തിക്കുന്നവർക്ക് ഗുണപരമായ പുരോഗതി ഉണ്ടാവും. ഡിസംബർ 18, 19 തീയതികൾ അഷ്ടമരാശി നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ദേവീ പ്രീതികരമങ്ങളായ വഴിപാടുകൾ നടത്തുന്നതും മന്ത്രജപം നടത്തുന്നതും നല്ലതാണ്



(**ഇടവക്കൂർ:** കാർത്തിക അവസാന മൂന്ന് പാദം, രോഹിണി, മകയിരം ആദ്യപകുതി) മംഗള കാര്യങ്ങൾക്കായി ധനം ചിലവഴിക്കും. ധനപരമായ അഭിവൃദ്ധി ഉണ്ടാകും. പുറത്ത് പോയി പഠിക്കാനും വിദേശ ജോലിക്ക് ശ്രമിക്കുന്നവർക്കും കാലം അനുകൂലമാണ്. ഡിസംബർ 20, 21 തീയതികൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളാകയാൽ ഈ ദിവസങ്ങളിൽ ശൈവ വൈഷ്ണവ ക്ഷേത്രദർശ്ശനവും ദേവതാ പ്രീതികരമായ വഴിപാടുകൾ നടത്തുകയും ചെയ്യുന്നത് നല്ലതാണ്..



(**മിഥുനക്കൂർ:** മകയിരം അവസാന പകുതി, തിരുവാതിര, പുണർതം ആദ്യ മൂന്ന്പാദം) ഭൂമിപരമായ ഇടപാടുകളിലൂടെ ധനലാഭം ഉണ്ടാകും. വിവാഹത്തിന് ശ്രമിക്കുന്നവർക്ക് അനുകൂലമായ ഫലങ്ങൾ പ്രതീക്ഷിക്കാം. ജനുവരി 22, 23 ദിവസങ്ങൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ഗണപതി ക്ഷേത്രം, സർപ്പക്ഷേത്രം എന്നിവിടങ്ങളിൽ ദർശ്ശനവും മന്ത്രജപവും നടത്തുന്നത് നല്ലതാണ്.



(**കർക്കിടക്കൂർ:** പുണർതം അവസാന പാദം, പൂയം, ആയില്യം) ധനവ്യയം കൂടും ധനപരമായും വാക്ക് സംബന്ധമായും പ്രയാസങ്ങൾ ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ എല്ലാ കാര്യങ്ങളിലും കൂടുതൽ ശ്രദ്ധപുലർത്തണം. തൊഴിൽ മേഖലയിൽ ശോഭിക്കാൻ ബുദ്ധിമുട്ടും ആത്മവിശ്വാസം നിലനിർത്താൻ ശ്രമിക്കണം. ഡിസംബർ 25, 26 ദിവസങ്ങൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങൾ ആയതിനാൽ ഗണപതി, സർപ്പപ്രീതികരങ്ങളായ മന്ത്രജപങ്ങൾ നടത്തുകയും ക്ഷേത്ര ദർശ്ശനം നടത്തി പ്രാർത്ഥിക്കുകയും ചെയ്യുന്നത് ഗുണകരമാകും.



(**ചിങ്ങക്കൂർ:** മകം, പൂരം, ഉത്രം ആദ്യ കാൽഭാഗം) സാമ്പത്തിക ലാഭം പ്രതീക്ഷിക്കാം. തൊഴിലാളികൾക്ക് കർമ്മരംഗത്ത് ശത്രുക്കൾ ഉണ്ടാകാം. അലർജി സംബന്ധമായ രോഗങ്ങൾക്കും അപഖ്യാതികൾ കേൾക്കുന്നതിനും സാധ്യതയുണ്ട്. ഡിസംബർ 27, 28 തീയതികൾ അഷ്ടമരാശിക്കൂറിലെ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ദേവീക്ഷേത്രദർശ്ശനവും സർപ്പത്തിന് വിളക്ക് വെക്കുകയും പ്രാർത്ഥിക്കുന്നതും നല്ലതാണ്.



(**കന്നിക്കൂർ:** ഉത്രം അവസാന മൂന്ന് പാദം, അത്തം, ചിത്തിര ആദ്യപകുതി) പുതിയ തൊഴിൽ തേടുന്നവർക്കും തൊ ഴിലിൽ മാറ്റം ആഗ്രഹിക്കുന്നവർകും അനുകൂലഫലങ്ങൾ ഉണ്ടാകും. ഈശ്വരാനുകുലതയുള്ള സമയമാണ്. പുതിയ വാഹനം വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കാര്യസാദ്ധ്യം ഉണ്ടാകാം. ഡിസംബർ 29, 30 ദിവസങ്ങൾ അഷ്ടമരാശി നക്ഷത്രങ്ങൾ ആയതിനാൽ ഈ ദിവസങ്ങളിൽ ശ്രീകൃഷ്ണ ക്ഷേത്രദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും മന്ത്രജപവും നടത്തുകയും ചെയ്യുക.



**തുലാക്കൂർ:** ചിത്തിര അവസാന പകുതി, ചോതി, വിശാഖം ആദ്യ മൂന്ന്പാദം) പുതിയ വീട് വാങ്ങുന്നതിനും, വാഹനം വാങ്ങുന്നതിനും ശ്രമിക്കുന്നവർക്ക് ആഗ്രഹ സഫലീകരണമുണ്ടാകും. വിദ്യാർത്ഥികൾക്ക് വിദ്യാവിജയം ലഭിക്കും. ഭക്ഷണം മൂലം അലർജിക്ക് സാധ്യതയുണ്ട്. ഡിസംബർ 31. ജനുവരി 1 ദിവസങ്ങൾ അഷ്ടമരാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ഭദ്രകാളി ക്ഷേത്ര ദർശ്ശനവും മന്ത്രജപവും നടത്തുന്നതും യഥാശക്തി വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(**വൃശ്ചികക്കൂർ:** വിശാഖം അവസാനന പാദം. അനിഴം, തൃക്കേട്ട) വിവാഹത്തിന് ശ്രമിക്കുന്നവർക്ക് പ്രതീക്ഷക്ക് വകയുണ്ട്. വീട് പുതുക്കി പണിയുന്നതിനും, പഴയ വാഹനങ്ങൾ വാങ്ങുവാൻ ആഗ്രഹിക്കുന്നവർക്കും അനുകൂല ഫലം ഉണ്ടാകും. പ്രവർത്തി മണ്ഡലങ്ങളിൽ നിന്നും സർക്കാരിൽ നിന്നും ധനലാഭം പ്രതീക്ഷിക്കാം. ഡിസംബർ 16, 17, ജനുവരി 3, 4 അഷ്ടമരാശിക്കുർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ വിഷ്ണു ക്ഷേത്ര ദർശ്ശനവും ഭഗവാന് പ്രീതികരങ്ങളായ വഴിപാടുകളും ജപങ്ങളും നടത്തുന്നത് നല്ലതാണ്.



(**ധനുക്കൂർ:** മൂലം, പൂരാടം, ഉത്രാടം ആദ്യപാദം) വ്യവഹാരങ്ങളിലൂടെയും ചില മത്സരങ്ങളിലൂടെയും ധനലാഭം ഉണ്ടാകാം. കടുത്ത പ്രതിസന്ധിയിൽ പോലും പോരാട്ട വീര്യം കൊണ്ട് വിജയം വരിക്കും. കഴിവ് പ്രകടിപ്പിക്കാനുള്ള അവസരങ്ങൾ ഉണ്ടാകും. തൊഴിൽ രംഗത്ത് സ്വസ്ഥത കുറയും. ജനുവരി 5, 6 തീയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ ഈ ദിവസങ്ങളിൽ ശിവക്ഷേത്ര ദർശ്ശനവും മന്ത്രജപവും സർപ്പപ്രീതികരങ്ങളായ വഴിപാടുകൾ നടത്തുന്നതും നല്ലതാണ്.



(**മകരക്കൂർ:** ഉത്രാടം അവസാന മൂന്നപാദം, തിരുവോണം, അവിട്ടം ആദ്യപകുതി) വീട് വാങ്ങാനോ പുതുക്കി പണിയാനോ ഉദ്ദേശിക്കുന്നവർക്ക് ആഗ്രഹം സഫലമാകും. കർമ്മരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവും. നഷ്ടപ്പെട്ടെന്ന് കരുതിയ ധനം ചെറിയ രീതിയിലായാലും തിരികെ കിട്ടാം. ജനുവരി 7, 8 ദിവസങ്ങൾ അഷ്ടമരാശി നക്ഷത്രങ്ങൾ ആയതിനാൽ ശാസ്താവിനും, സർപ്പത്തിനും പ്രീതികരങ്ങളായ വഴിപാടുകൾ നടത്തുകയും ക്ഷേത്രദർശ്ശനം നടത്തുകയും ചെയ്യുന്നത് നല്ലതാണ്.



(**കുംഭക്കൂർ:** അവിട്ടം അവസാന പകുതി, ചതയം, പൂരുരുരുട്ടാതി ആദ്യ മൂന്ന്പാദം) വീടോ, വാഹനമോ വാങ്ങുവാനായി ധനം ചിലവിക്കും. പൊതുവേ മനസ്സിന് സന്തോഷം ലഭിക്കുന്ന അനുഭവങ്ങൾ വന്ന് ചേരും. ധനവും വാക്കും ശ്രദ്ധയോടെ ഉപയോഗിച്ചില്ലെങ്കിൽ പ്രശ്നങ്ങൾ ഉണ്ടാവും. ജനുവരി 9, 10 തീയതികൾ അഷ്ടമ രാശിക്കൂർ നക്ഷത്രങ്ങളായതിനാൽ സർപ്പപ്രീതികരങ്ങളും, വൈഷ്ണവ പ്രീതികരങ്ങളായതുമായ വഴിപാടുകളും ക്ഷേത്ര ദർശ്ശനങ്ങളും നടത്തുക.



(**മീനക്കൂർ:** പൂരുരുട്ടാതി അവസാന പാദം, ഉത്രട്ടാതി, രേവതി) ധനപരമായും വിദ്യാപരമായും വേണ്ട പോലെ മികവ് പുലർത്തുവാൻ കഴിയില്ല. അലർജി സംബന്ധമായ പ്രശ്നങ്ങൾ അലോസരപ്പെടുത്തും. പങ്കാളികൾ അശ്രദ്ധമായി ചെയ്യുന്ന പ്രശ്നങ്ങൾ തലവേദന സൃഷ്ടിക്കും. ജനുവരി 11, 12 തീയതികൾ അഷ്ടമരാശിക്കുർ നക്ഷത്രങ്ങളായതിനാൽ. സർപ്പക്ഷേത്ര ദർശ്ശനം നടത്തി യഥാശക്തി വഴിപാടും സർപ്പപ്രീതികരങ്ങളായ മന്ത്ര ജപങ്ങൾ നടത്തുന്നതും നല്ലതാണ്.

***ശുഭമസ്തു ശംഭോമഹാദേവ! എറണാകുളത്തപ്പൻ തുണ!***



# MANGALYAM MATRIMONIAL



for the better half of your life....

## വധുവിനെ ആവശ്യമുണ്ട്

Nair Boy, 30/177cm, Pooradam, BCom Accountant, Dadabai Group of Companies, Manama, Bahrain. Mob:9847731035

Email:priyamanu2005@gmail.com
Birth: 12-07-1995 - 12.00.am
Sishta Dasa: venus - 6-11-11

| | | | | | |
|---|---|---|---|---|---|
| | | | ര | ശി | |
| | മ | ശി | | ര ശു ബു | |
| ശു | | ഗ്രഹനില & അംശകം | | | മ മാ |
| കു | | | | ല | |
| ബു സ | ച | ഗു | സ | കു മാ | |
| | | | ല ച ഗു | | |

Contact Address:

**MR. UNNIKRISHNAN P.R**
PARVATHY VILAS (PITHRUSMARANA),
AIMS P.O, KUNNUMPURAM EDAPPALLY,
KOCHI 682041

Nair Boy, 28/165cm, Aayilyam, BTech Electrical, MEP Diploma & Software certificates, Electrical Engineer, Samsung, KSA. Mob:8590860654

Email:maya74babu@gmail.com
Birth: 7-7-1997 - 12.12.pm
Sishta Dasa: 12-10-25

| | | | | | |
|---|---|---|---|---|---|
| | | ര | കു | ശി ല | |
| | മ | | | ര | |
| മ | ശി | ഗ്രഹനില & അംശകം | | ച ശു ബു | |
| | ഗു | | | സ | ബു മാ |
| ച സ | | മാ | | കു ല | |
| | | ശു | | ഗു | |

Contact Address:

**MR. LENIN KUMAR V**
VELIYATHUKUDI(H),
THRIKKARIYOOR,
KOTHAMANGALAM 686692

Nair Boy, 28/180cm, Thiruvathira, Diploma in automobile engineering Germany- Mob:9495947451

Email:priyaraghu1976@gmail.com
Birth: 17-3-1997 - 12.00 :13 00.pm
Sishta Dasa: Rahu 3- 6-1

| | | | | | |
|---|---|---|---|---|---|
| | | | | ശു ഗു | |
| ച | ര ബു ശി മ | | | ച ല | |
| സ | ശു | ഗ്രഹനില & അംശകം | | മാ | ര |
| കു | ഗു | | | | ശി |
| | | | | കു സ | ബു |
| | | മ മാ | ല | | |

Contact Address:

**MR. RAGHU**
MADASSERY PUTHIYEDOM
PARAPPURAM P O. KANJUR

## വരനെ ആവശ്യമുണ്ട്

Nair Girl, 27/157cm, Rohini, LLB, BA Litrature, LLM from East London University, Legal Advisor. Mob:9447388218

Email:Msmaheswaran@gmail.com
Birth: 26-5-1998 - 3.45.am
Sishta Dasa: Mercury 6-5-19

| | | | | | |
|---|---|---|---|---|---|
| | | ച ര | ല മാ | മ സ | |
| കു | | ബു ശു മാ ല | ച കു ര | | |
| ശു ഗു | ഗു ശി | ഗ്രഹനില & അംശകം | | | |
| ശി | | | | സ | |
| | മ | | | | |
| | | ബു | | | |

Contact Address:

**MR. M. MAHESWARAN**
MAHESWRATH (H ), NEDUMKANDAM PO
NEDUMKANDAM, IDUKKI -685583



# പ്രതിഭാ പുരസ്കാരം 2026

2026 – ൽ കഥകളി ക്ലബ്ബിന്റെ 68 – ാം മത് വാർഷികത്തോടനുബന്ധിച്ച് പുരസ്കാരങ്ങൾ സമ്മാനിക്കും.

സഹൃദയരായ കഥകളി ആസ്വാദകരിൽ നിന്നും താഴെ പറയുന്ന പുരസ്കാരങ്ങൾക്കുള്ള ശുപാർശകൾ ക്ഷണിച്ചുകൊള്ളുന്നു. ശുപാർശകൾ ലഭിക്കേണ്ട അവസാന തീയതി *2026 ജനുവരി 15 ആണ്.*

എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ 31 – ാം മത് പുരസ്കാരത്തിനുള്ള ശുപാർശകൾ ക്ഷണിക്കുന്നു.



### >>> പുരസ്കാരങ്ങൾ <<<

| | | |
|---|---|---|
| 1. കളഹംസം | – | വേഷം |
| 2. തൗര്യത്രികം | – | സംഗീതം |
| 3. തൗര്യത്രികം | – | ചെണ്ട |
| 4. തൗര്യത്രികം | – | മദ്ദളം |
| 5. ചമയം | – | ചുട്ടി |
| 6. അണിയറ | – | ഉടുത്തു കെട്ട് |
| 7. സ്ത്രൈണം | – | കഥകളി രംഗത്തെ വനിതാ സാന്നിധ്യം |

കഴിവതും മേൽപ്പറഞ്ഞ രംഗങ്ങളിൽ കാലങ്ങളായുള്ള സാന്നിധ്യവും, കലാപരമായ സംഭാവനകളും നൽകിയ കലാകാരന്മാരെയാണ് പുരസ്കാരത്തിനായി നിർദ്ദേശിക്കേണ്ടതെന്നും, എറണാകുളം കരയോഗം കഥകളി ക്ലബ്ബിന്റെ പുരസ്കാരം മുൻകാലങ്ങളിൽ ലഭിച്ചിട്ടുള്ളവരെ പരിഗണിക്കുന്നതല്ല എന്നും അറിയിക്കുന്നു.

*കൂടുതൽ വിവരങ്ങൾക്ക് താഴെ കാണുന്ന വിലാസത്തിൽ ബന്ധപ്പെടുക*

Subha Vijayakumar - 9446357315
Ernakulam Karayogam, T.D.M.Hall Complex,
D.H. Road, Kochi - 682016
Ph: 0484-2361160, E-Mail: ekmkgm@gmail.com

## എറണാകുളം കരയോഗം
# മെഡിക്കൽ സെന്റർ

എറണാകുളം കരയോഗ സ്ഥാപനമായ മെഡിക്കൽ സെന്ററിൽ അലോപ്പതി, ഹോമിയോ, ആയുർവേദം എന്നീ വിഭാഗങ്ങളിലെ ഡോക്ടർമാരുടെ സേവനം മിതമായ നിരക്കിൽ ഇപ്പോൾ ലഭ്യമാണ്.

### അലോപ്പതി



തിങ്കൾ മുതൽ ശനി വരെ
ഡോ. മാലതി. പി
(10.00 am to 12.30 pm)

ഡോ. കല്യാണി മേനോൻ
(3.00 pm to6.00 pm)

### ഹോമിയോ

തിങ്കൾ മുതൽ ശനി വരെ
ഡോ. പാർവ്വതി കെ. എസ്
(9.00 am to 1.30 pm)

ഡോ. സരിത ഗോവിന്ദ്
(2.00 pm to 6.00 pm)



### ആയുർവേദം

ഡോ. രാജസുനു
തിങ്കൾ, ബുധൻ, വെള്ളി
(10.00 am to 1.00 pm)



ഡോ. ഗോപിക സുരേഷ്. പി
ചൊവ്വ, വ്യാഴം ശനി
(10.00 am to 1.00 pm)

കൂടുതൽ വിവരങ്ങൾക്ക് - 7994771110 ☎ 0484 – 2366160

**DATE OF PUBLICATION: 10-12-2025**

**RNI NO. KERMAL/2008/23515**
**REGISTERED NEWSPAPER**

**REGISTERED NO. KL/EKM/761/2025-27**
**LICENSE NO. KL/CR/EKM/WPP-3/2025-27**
**LICENSED TO POST WITHOUT PREPAYMENT**

Volume No. 17 | DECEMBER - 2025 | Issue No. 12







*If undelivered please return to:*
Karayoga Souhridam
T.D.M Hall Complex, D.H. Road,
Kochi - 682016, Kerala

The Views expressed in this journal are those of the authors and need not necessarily reflect the policies and views of Ernakulam Karayogam

Printed by M. Sreevallabhan Nair. Published by M. Sreevallabhan Nair on behalf of Ernakulam Karayogam, TDM Hall complex, Durbar Hall Road, Kochi-682016, Ph : 0484 -2361160, E mail : ekmkgm@gmail.com, Website : www.ernakulamkarayogam.com and Printed at Sterling Print House (P) Ltd., Door.No.49/1849, AIMS Ponekkara P.O, Kochi-682041, Ph: 0484-2802522, 2800406 for Murali Industries, Babu Cottage, Alappat extn.Road, Behind Ravipuram Temple, Kochi-682016 and Published at Ernakulam Karayogam, TDM Hall Complex, Durbar Hall Road, Kochi-682016. Editor: M. Sreevallabhan Nair- Mob: 9947736071.

സേവനം ജീവിതസാഫല്യം